Date of publication: 9 ജനുവരി 2017
വോള്യം 13 / ലക്കം 1 / വില 20₹
ISSN 2319 – 9741

# സംഘടിത

അന്വേഷി പ്രസിദ്ധീകരണം

## സ്ത്രീയും ഉന്മാദവും



# സ്ത്രീയും ഉന്മാദവും

സംഘടിത

സംഘടിത|ജനുവരി 2017 |വോള്യം 13 |ലക്കം 1

കവർചിത്രം കടപ്പാട് : ആർട്ട് നായർ



ഭ്രാന്തെന്ന രക്ഷ 8
കെ.ആർ.രാഗി

12 വസന്തമെന്ന ഏകാകിയായ പൂവ്
ഡോണ മയൂര

ജീവിതത്തിന്റെ മായ്ച്ചെഴുതലുകൾ 14
ജിസ ജോസ്

20 സ്ത്രീയും ഉന്മാദവും....
മഞ്ജു ആർ.

23 കുത്തിക്കുറിക്കലുകൾ
രേഖ രാജ്

ചെറിയ ചില 'പ്രാന്തുകൾ' 24
താര

സ്ത്രീയും ഭ്രാന്തും 41
ദീപ വി.കെ.

51 ഗന്ധമാദനത്തിലെ കിനായാത്രകൾ
സിന്ധു കെ.വി.

**ലേഖനം**

40 മുസ്ലീം സ്ത്രീ ചരിത്രത്തിൽ
സബീനാ ഭാനു എം.

**ഫോട്ടോ ഫീച്ചർ : സ്ത്രീയും ഉന്മാദവും ചർച്ച ചെയ്യുന്ന പുസ്തകങ്ങൾ**

കവിത 19
രജിത പി.ആർ.

കവിത 29
സരോജ ജയശങ്കർ

തിണർപ്പ് 35
സതി അങ്കമാലി

50 വാസ്തവം
ഡോ.ജാൻസി ജോസ്

46 പുസ്തകയാത്രകൾ
എം.ഡി.രാധിക

സിനിമ 60
സൗമ്യ പി.ആർ.

37 പെൺപക്ഷം
കെ.അജിത

37 ഉപ്പും മുളകും
ഗീത

56 റിപ്പോർട്ട്
സൗമ്യ മനോജ്

ശാസ്ത്രം 35
സീമ ശ്രീലയം

**എഡിറ്റർ**:ഡോ. ഷീബ കെ.എം. **മാനേജിംഗ് എഡിറ്റർ**:കെ.അജിത **എക്സി.എഡിറ്റർ**:ഡോ. ജാൻസി ജോസ്, ഗസ്റ്റ് എഡിറ്റർ : **കെ.ആർ.രാഖി**, **പത്രാധിപ സമിതി**: രാജലക്ഷ്മി കെ.എം., ജ്യോതി നാരായണൻ, ഡോ. മിനി പ്രസാദ്, ഡോ. പി. ഗീത, ഡോ.ഖദീജ മുംതാസ്, ഡോ. സുനീത ടി.വി., അഡ്വ.കെ. കെ.പ്രീത, ഷീബാ ദിവാകരൻ, ഡോ. ഷംഷാദ് ഹുസൈൻ, സുൽഫത്ത്, ചാരുലത എ.എസ്., അമീറ വി.യു, ഡോ.ഷർമ്മിള.ആർ, സോണിയ ജോർജ്, മിനിസുകുമാർ **ഉപദേശകസമിതി** : സുഗതകുമാരി, പ്രൊഫ. എം. ലീലാവതി, ഡോ. ശാരദാമണി, ഡോ. മല്ലികാസാരാഭായ്, ഡോ. ബീനാപോൾ **ലേഔട്ട് & കവർ** :സുവിജ, **വെബ്സൈറ്റ്** : വസന്ത പി. **പ്രിന്റിംഗ്** : ഏ-വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934

**സംഘടിത മാസിക**

അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370

sanghadithacalicut@gmail.com, anweshicalicut@gmail.com www.anweshi.org www.sanghaditha.com

# മുഖപ്രസംഗം



ഷീബ കെ.എം.

ഈ പുതുവർഷം സംഘടിതയെ സംബന്ധിച്ച് പുതിയ ഒരു കാൽവെപ്പിന്റേതു കൂടിയാണ്. പ്രസിദ്ധീകരണരംഗത്ത് വിജയകരമായി ആറു വർഷങ്ങൾ പൂർത്തിയാക്കി ഏഴാം വർഷത്തിലേക്ക് കടക്കുകയാണ് ഞങ്ങൾ. കമ്പോളത്തിന്റെ സാധ്യതകളോ വമ്പൻ പ്രസിദ്ധീകരണശാലകളുടെ സൗകര്യങ്ങളോ മുതൽമുടക്കുപോലുമോ ഇല്ലാതെ, സ്ത്രീവാദപ്രസ്ഥാനത്തിന്റെ ഊർജ്ജവും സംഘടിതാകൂട്ടായ്മയുടെ പ്രയത്നവും വായനക്കാരുടെ പിൻബലവും കൊണ്ട് മാത്രം നേടിയ നേട്ടമാണിത്. സ്ത്രീപ്രസിദ്ധീകരണങ്ങളുടെ ചരിത്രത്തിൽ സ്വന്തമായൊരു ഇടം നിർമ്മിക്കുന്നതിൽ ഞങ്ങളുടെ കൂടെ നിന്ന എല്ലാവവർക്കും സ്നേഹം നിറഞ്ഞ നന്ദി.

കഴിഞ്ഞ വർഷം ചെറുതല്ലാത്ത ആഘാതങ്ങൾ ഏൽപ്പിച്ചുകൊണ്ടാണ് കടന്നു പോയത്. സ്ത്രീപ്രസ്ഥാനത്തിന് മാർഗ്ഗദർശിയുടെ കരുത്ത് പകർന്ന മഹാശ്വേതാദേവിയുടെ വേർപാട്, ജിഷയുടെ കൊലപാതകം, സൗമ്യ വധക്കേസ്സിലെ സുപ്രീം കോടതി വിധി, മാവോയിസം ആരോപിച്ച് അജിതയെ പോലീസ് കൊല ചെയ്ത സംഭവം തുടങ്ങി ഡൊണാൾഡ് ട്രമ്പിന്റെ വിജയവും മോദി സർക്കാറിന്റെ കഠിനമായ ഫാസിസ്റ്റ്നയങ്ങളും ആശകളെയും പ്രതീക്ഷകളെയും നിർവീര്യമാക്കാൻ പോന്നതായിരുന്നു. വിജൃംഭിതദേശീയതയുടെ പരാക്രമങ്ങളിൽപ്പെട്ട് അരികുവൽക്കരിക്കപ്പെട്ടവർക്ക് ദു:സ്സഹമാംവിധം ജീവിതം നിൽക്കക്കള്ളിയില്ലാത്തതായിത്തീർന്നിരിക്കുന്നു. ജനാധിപത്യമൂല്യങ്ങൾ ഉയർത്തിപ്പിടിക്കാൻ ശേഷിയുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളെ തകർക്കാനും ഏകശിലാരൂപത്തിലുള്ള 'ഹിന്ദു' ജീവിതത്തെ നിർമ്മിക്കാനുമുള്ള നീക്കങ്ങൾക്ക് ആക്കം കൂടി. ഈയവസരത്തിൽ, ഏതു രാത്രിക്കുമപ്പുറത്ത് ഒരു പകലുണ്ടാവും എന്ന പ്രത്യാശയുമായി നാം പുതുവർഷത്തെ വരവേൽക്കേണ്ടിയിരിക്കുന്നു.ചെറുത്തുനിൽപ്പുകളുടെ അഭാവമാണ് അധികാരത്തെ വളർത്തുന്നതെന്ന് പൂർവ്വാധികം ശക്തിയിൽ വിളിച്ചു പറയേണ്ടുന്ന കാലമാണിതെന്ന് സ്വയം ഓർമ്മിപ്പിച്ചുകൊണ്ട്.

സ്ത്രീസ്വാതന്ത്ര്യത്തിന് വെല്ലുവിളികളുയർത്തിക്കൊണ്ട് യേശുദാസും കർണ്ണാട സംസ്ഥാനത്തിലെ ഒരു മന്ത്രിയും പരാമർശങ്ങൾ നടത്തുകയുണ്ടായി. യേശുദാസ് മഹാനായ കലാകാരനാണു പോലും. ഇത്രമേൽ സ്ത്രീവിരുദ്ധത പ്രകടിപ്പിച്ചി കൊണ്ടിരിക്കുന്ന ഒരാളുടെ മാഹാത്മ്യം അയാൾ ഗന്ധർവ്വനാണെങ്കിൽപ്പോലും അംഗീകരിക്കുക വയ്യ എന്നമർത്തിപ്പറയേണ്ടി വരും !

ഉന്മാദം എന്ന വാക്ക് കേൾക്കുമ്പോൾത്തന്നെ നിഷേധിക്കപ്പെടുന്ന ഒരു സ്വാതന്ത്ര്യത്തിന്റെ ലോകമാണ് മനസ്സിൽ വരിക. ചിട്ടപ്പെടുത്തിയ പെരുമാറ്റചട്ടങ്ങളെ അതിർലംഘിക്കാനുള്ള സാധ്യതകൾ. എന്തായിരിക്കും ഉന്മാദത്തിന്റെ നിർവ്വചനം? ഭ്രാന്ത്, അസ്ഥിരത, ബുദ്ധിഭ്രമം എന്നൊക്കെ പരാമർശിക്കപ്പെടുമ്പോഴും എല്ലാ സമൂഹങ്ങളിലും ഈ അവസ്ഥകൾക്ക് ഏക വ്യാഖ്യാനമല്ലയുള്ളത് എന്ന് വ്യക്തം. മതം, രാഷ്ട്രീയം, സാമൂഹ്യ നിലപാടുകൾ, വൈദ്യശാസ്ത്രം, സൗന്ദര്യശാസ്ത്രം തുടങ്ങി അനവധി ഘടകങ്ങളാൽ സ്ഥലകാലങ്ങൾക്കനുസൃതമായി നിർണ്ണയിക്കപ്പെടുന്ന അവസ്ഥയാണ് ഉന്മാദം. ലിംഗം, ജാതി, പ്രായം, സാമ്പത്തികാവസ്ഥകൾ തുടങ്ങിയ സ്വത്വരൂപങ്ങൾ ഈ നിർണ്ണയങ്ങളിൽ കാതലായ പങ്കുവഹിക്കുകയും ചെയ്യുന്നു. ഓരോ സ്വത്വശരീരത്തിനും ചേർന്ന പെരുമാറ്റത്തിന്റെ വാർപ്പുമാതൃകകളുടെ ലംഘനങ്ങൾ മുഖ്യധാരയിൽനിന്നുള്ള ബഹിഷ്ക്കരണങ്ങൾക്കു മാത്രമല്ല കഠിനമായ ശിക്ഷാനടപടികൾക്കും കാരണമായിട്ടുണ്ട്. മദ്ധ്യകാലങ്ങളിൽ പിതൃഅധീശത്വവ്യവസ്ഥയോട് 'അനുസരണക്കേട്' കാണിച്ച സ്ത്രീകളെ ഭ്രാന്തികളായി ചിത്രീകരിച്ച് തട്ടിൻപുറങ്ങളിൽ അടച്ചിടുകയും ദുർമന്ത്രവാദിനികളെന്ന് മുദ്രകുത്തി അഗ്നിക്കിരയാക്കുകയും ചെയ്ത ചരിത്രങ്ങൾ നമുക്കറിയാം. സർഗ്ഗവേദനകളിൽ വ്യത്യസ്ത മനോവ്യാപാരങ്ങളിൽ ഏർപ്പെട്ട സ്ത്രീകൾ പലരും മനോരോഗവിദഗ്ദ്ധരുടെ സഹായം തേടേണ്ടി വന്നതും ഇതുകൊണ്ടുതന്നെയായിരിക്കണം. സ്ത്രീയും ഉന്മാദവും എന്ന വിഷയം ചർച്ച ചെയ്യുന്ന കെ.ആർ. രാഗി അതിഥിപത്രാധിപയായ പുതുവർഷത്തിലെ ആദ്യ സംഘടിത സ്നേഹാശംസകളോടെ വായനക്കാർക്ക് സമർപ്പിക്കട്ടെ.

# അതിഥിപത്രാധിപക്കുറിപ്പ്



കെ.ആർ.രാഗി

സ്ത്രീ എന്നതു പോലെത്തന്നെ സ്ത്രീയും ഉന്മാദവും എന്ന വിഷയവും പലപ്പോഴും കൈകാര്യം ചെയ്തിട്ടുള്ളത് ഒരു അപരവൽക്കരണ(othering)പ്രക്രിയയുടെ ഭാഗമായി മാത്രമാണ്. ശാസ്ത്രവും അതുപോലെത്തന്നെ മനഃശാസ്ത്രവും സ്ത്രീകൾക്ക് പിടിപെടുന്ന രോഗമായിട്ടാണ് ഭ്രാന്തിനെ കണ്ടിരുന്നത്. സ്ത്രീയുടെ ഭ്രാന്തിനെ അവളുടെ വൈകാരിക തലങ്ങളുടെ വിഭ്രമാത്മകതയുടെ വേലിയേറ്റവുമായാണ് ബന്ധപ്പെടുത്തിയിരുന്നത്. അത് പ്രചരിപ്പിച്ചിരുന്നതാകട്ടെ സാഹിത്യത്തിലൂടെയും മനഃശാസ്ത്ര ചികിത്സാരീതികളിലൂടെയും ആയിരുന്നു. ഈ ഒരു വാദം ഉന്നയിക്കുമ്പോഴാണ് 1982 ൽ ഷാർലട്ട് പെർക്കിൻസ് ഗിൽമാൻ എഴുതിയ 'യെല്ലോ വോൾപേപ്പർ' എന്ന കഥ പ്രസക്തമാകുന്നത്. പ്രസവാനന്തര ദു:ഖാർത്തത (പോസ്റ്റ്പാർട്ടം ഡിപ്രഷൻ) എന്ന മനോരോഗവുമായി ബന്ധപ്പെട്ട് അതിലെ പ്രധാന കഥാപാത്രമായ സ്ത്രീയ്ക്ക് വിശ്രമചികിത്സയാണ് (rest cure) നിർദ്ദേശിക്കപ്പെട്ടത്. അതിന്റെ ഭാഗമായി ലോകത്ത് ഒന്നിനോടും പ്രത്യേകിച്ച് (എഴുതൽ, വായിക്കൽ) സമ്പർക്കം പുലർത്താതിരിക്കുകയാണ് വേണ്ടിയിരുന്നത്. നായിക ചുമർകടലാസിലെ സാങ്കൽപ്പികസ്ത്രീയുമായി സംസാരിക്കാൻ ആരംഭിക്കുന്നു. സ്ത്രീയേയും അവളുടെ ക്രിയാത്മകതകളേയും എത്രത്തോളം ഒരു പുരുഷാധിപത്യസമൂഹം ചങ്ങലകളിൽ തറയ്ക്കാൻ ശ്രമിക്കുന്നു എന്നാണിതിൽ നിന്നും വ്യക്തമാകേണ്ടത്. പാശ്ചാത്യസാഹിത്യം തന്നെയെടുത്താൽ ഷേക്സ്പിയർ എഴുതിയ 'ഹംലറ്റിലെ' ഒഫീലീയ എന്ന കഥാപാത്രം സ്ത്രീയും പ്രണയവും ഉന്മാദവും ഒക്കെയായാണ് ബന്ധപ്പെടുത്തിയിട്ടുള്ളതെന്ന് കാണാം.ചുരുക്കത്തിൽ പറഞ്ഞാൽ സ്ത്രീയെ മാനസികമായും (ശാരീരികം എന്ന പോലെത്തന്നെ) ലോലയായാണ് കരുതിപ്പോരുന്നത് എന്നതിന്റെ ഭാഗമെന്നോണമാണ് സ്ത്രീയുടെ ഭ്രാന്തിനെ ആ ലോലാവസ്ഥയുടെ പലമാനങ്ങളായി ചിത്രീകരിക്കുന്നത്. ഇത് ചെയ്യുന്നത് പ്രത്യേകിച്ചും മന:ശ്ശാസ്ത്രം എന്ന ശാഖയാണെന്ന് സംശയം കൂടാതെ തന്നെ പറയാം. സ്ത്രീയുടെ ലൈംഗികതയേയും ക്രിയാത്മകതയേയും തളച്ചിടാൻ ഇതിലും നല്ല വഴി വേറെയില്ല. മനോരോഗം ആരോപിച്ച്, അല്ലെങ്കിൽ ഭ്രാന്തിന്റെ വക്കിൽ അവളെ കൊണ്ടെത്തിച്ച് സമൂഹത്തിൽ ഒറ്റപ്പെടുത്തുക വഴി പുരുഷാധിപത്യം വീണ്ടും വിജയമുറപ്പിക്കുകയാണ്. ഈ അവസ്ഥകളുടെ

പുനർവായനകളാണ് സാന്ദ്ര ഗിൽബർട്ടും സൂസൻ ഗുബ്ബാറും ചേർന്ന് എഴുതിയ 'മാഡ് വുമൺ ഇൻ ദി ആറ്റിക്ക് ' എന്ന പുസ്തകം. സ്ത്രീയിൽ എങ്ങിനെ ഭ്രാന്തു പോലെയുള്ള ഏകാന്തവാസം (isoIation) ആരോപിക്കപ്പെടുന്നു എന്നുള്ളതിന്റെ ഉത്തമ ഉദാഹരണമായി ഷാർലട്ട് ബ്രോൻടിയുടെ 'ജെയ്ൻ അയർ' എന്ന നോവലിലെ ബെർത്താ മെയ്സൺ എന്ന കഥാപാത്രത്തെയാണ് എഴുത്തുകാരികൾ ഇതിൽ പുനർനിർവ്വചിക്കുന്നത്. എലൈൻ ഷോവാൽട്ടറുടെ 'ദി ഫീമെയിൽ മാലഡി' എന്ന രചനയും ഇതേ അർത്ഥത്തിൽ ശ്രദ്ധേയമാണ്.

പാശ്ചാത്യസംസ്ക്കാരത്തിൽ സിഗ്മണ്ട് ഫ്രോയിഡിനെപ്പോലെയുള്ള മനഃശാസ്ത്രജ്ഞരെ വിസ്മരിക്കുക എളുപ്പമല്ല. അദ്ദേഹം ചെലുത്തിയ / ചെലുത്തുന്ന പ്രഭാവം ഏറെക്കുറേ അങ്ങിനെത്തന്നെ നിലനിൽക്കുന്നു എന്ന് വേണം കരുതാൻ. അതിനെ പിൻപറ്റിയാണ് ഇന്നും സമൂഹം സ്ത്രീയേയും ഭ്രാന്തിനേയും നോക്കിക്കാണുന്നത്. ഫ്രോയിഡ് സ്ത്രീയുടെ മനസ്സിനെ അതിസങ്കീർണ്ണമായി ചിത്രീകരിക്കുകയും അതുപോലെത്തന്നെ ലിംഗാസൂയ(penis envy)പോലുള്ള പദങ്ങൾ ആവിഷ്കരിച്ച് അവളേ ഇല്ലാത്തവൾ (കമരസശിഴ) എന്ന പദവിയിലേക്ക് തള്ളിവിടുകയാണ് ചെയ്തത്. സ്ത്രീയും മനോരോഗവും തമ്മിൽ ആരോപിക്കപ്പെടുന്ന ബന്ധത്തിൽ പുരുഷാധിപത്യസമൂഹത്തിന്റെ മേൽനോട്ടത്തിലുള്ള കാഴ്ചപ്പാടുകൾ പ്രകടമാണ്. ഉത്തരാധുനിക ചിന്തകൾ ഒന്നുകിൽ ഇവയെ പൊളിച്ചെഴുതുകയോ, അല്ലെങ്കിൽ ഈ ചിന്തകളെ അധിഷ്ഠിതമാക്കിയുണ്ടായ ചിന്താധാരകളും ഉൾക്കൊള്ളുകയോ ചെയ്തിരുന്നു.

സ്വന്തം ലൈംഗികതയും ക്രിയാത്മകതയും നിറഞ്ഞു നിൽക്കുന്ന ലോകത്തിലേക്ക് എറിയുന്ന കടുത്ത ലോഹക്കൂട്ട് കൊണ്ടുണ്ടാക്കിയ ചങ്ങലയെ പൊട്ടിച്ച് കടക്കുവാനെന്നോണം സ്ത്രീക്ക് 'ഭ്രാന്ത്' അല്ലെങ്കിൽ 'ഉന്മാദം' ഒരു രക്ഷോപാധിയായി മാറുകയായിരുന്നു.അതിൽപ്പെട്ടതാണ് ഗിൽമാന്റെ കഥയും അതുപോലെത്തന്നെ സാറാജോസഫിന്റെ ഓരോ എഴുത്തുകാരിയുടെ ഉള്ളിലും എന്നുള്ള കഥയും. കാലാന്തരങ്ങളിൽ, ദേശഭേദമന്യേ ഈയൊരു വിഷയം എങ്ങനെ പ്രസക്തമാകുന്നു എന്നുള്ള ചിന്ത ഒട്ടും തന്നെ അത്ഭുതകരമല്ല.

സ്ത്രീയുടെ ലോലതയെപറ്റിയുള്ള ആലോചനകൾ മാറ്റി നിർത്തിയാൽ ഒരു പക്ഷേ ഇനി പറയാനുണ്ടാകുക സ്ത്രീയുടെ തന്റേടത്തിനെ പറ്റിയും തോന്ന്യാസത്തിനെപ്പറ്റിയും ആയിരിക്കും. പണ്ടുതൊട്ടേ നമ്മുടെയൊക്കെ ഉപബോധമനസ്സിനെ വരെ കീഴടക്കിയ ബിംബമാണ് 'യക്ഷി' അല്ലെങ്കിൽ ഒരു 'ദുർമന്ത്രവാദിനി' യുടേത്. അതിൽ ദുർമന്ത്രവാദിനികളാകട്ടെ, അരികുവൽക്കരിക്കപ്പെട്ട്, സമൂഹത്തിന്റെ സാധാരണ തത്വത്തിൽ നിന്നും മാറിചിന്തിക്കുന്നവർ ആയിരിന്നുരിക്കും. സ്വന്തം ഇഷ്ടപ്രകാരം (തന്നിഷ്ടപ്രകാരം) ജീവിക്കുകയും സഞ്ചരിക്കുകയും ചെയ്തിരുന്ന അവരെ

ഒരു പക്ഷെ ഇതേ ഭ്രാന്തിന്റെ പേരിലായിരിക്കണം ഒറ്റപ്പെടുത്തിയിരുന്നത്. ഇന്നും കാണാവുന്ന അത്ര ദുർലഭമല്ലാത്ത ഒരു സംഭവമാണ് ദുർമന്ത്രവാദിനി വേട്ട(witch hunting ) എന്നുള്ളത്. ദളിത് സമൂഹത്തിൽപ്പെട്ട , 'സംസാരിക്കുന്ന' സ്ത്രീയെ സമൂഹത്തിൽ നിന്ന് ഭ്രഷ്ട് കൽപ്പിച്ചിരുന്നത് ഇതേ ഭ്രാന്തിന്റേയും ദുർമന്ത്രവാദത്തിന്റെ കെണിയിൽപ്പെടുത്തിക്കൊണ്ടാണ്. ആ ഭ്രാന്ത് സഹിക്കാൻ വയ്യാത്തതു കൊണ്ടുതന്നെ അവളെ പൂട്ടിയിട്ടു, കത്തിച്ചു, ബലാത്സംഗം ചെയ്തു. മീന കന്തസാമിയുടെ 'Dangerous Dalit Women and Witch Hunters' എന്ന ലേഖനം അതിപ്രസക്തമാണിവിടെ. ഇതേ ആശയത്തിന്റെ വേറെയൊരു പരികൽപനയാണ് അറബ് ഫെമിനിസ്റ്റ് എഴുത്തുകാരിയായ നവാൽഅൽസദ്ദാവിയുടെ 'Women,Creativtiy and Mental Health' (2001) എന്ന ലേഖനം.

ഈ വിഷയം പ്രതിപാദിക്കുന്ന ഒട്ടനവധി സിനിമകളുണ്ട്. മലയാളി മനസ്സിൽ തങ്ങിനിൽക്കുന്ന ഒട്ടുമിക്ക (ത്രില്ലറുകൾ, സൈക്കോ ത്രില്ലറുകൾ) ഈ ഗണത്തിൽപെടുത്താൻ സാധിക്കുന്നവയാണ്. 'മണിച്ചിത്രത്താഴ് ' ഒരുത്തമ ഉദാഹരണം തന്നെ . പാശ്ചാത്യ സിനിമകളിൽ ശ്രദ്ധേയമായൊരു ചിത്രമാണ് 2009 ൽ ലാർസ് വോൺ ട്രയർ സംവിധാനം ചെയ്ത 'ആന്റി ക്രൈസ്റ്റ്' എന്ന ചിത്രം. സ്ത്രീയുടെ ഭ്രാന്തിന്റെ അതിസൂക്ഷമമായ വിശകലനം ഈ ചിത്രത്തിൽ നടത്തുന്നുണ്ട്. ആരോടെന്നില്ലാത്ത നിലവിളിയായിരുന്നു ചിത്രം. തന്റെ ഗവേഷണത്തിലൂടെ സ്ത്രീയുടെ മനഃശാസ്ത്രത്തിലൂടെ സഞ്ചരിച്ച് സ്വയം ഭ്രാന്തിന്റെ തടവറയിൽ അകപ്പെടുന്നതാണ് അതിലെ കഥാപാത്രം.

ഒരു കോണിലൂടെ നോക്കിയാൽ സ്ത്രീയും ഭ്രാന്തും എങ്ങനെ ബന്ധപ്പെട്ടു കിടക്കുന്നു എന്ന് വിശകലനം ചെയ്യുന്നതിന് സിനിമയുടെ ചില മാനങ്ങൾ നമ്മെ കൊണ്ടുപോകും. കേരളത്തിൽ ആധുനികവും അതിനു ശേഷവുമുള്ള കാലഘട്ടത്തിലെ രചനകൾ നോക്കിയാൽ ഇതു തന്നെ നമുക്ക് കാണാൻ സാധിക്കുന്നത്. 'ഭ്രാന്ത് വരിക' എന്നുള്ളത് ബുദ്ധിയുള്ള ലോകത്തിന്റെ അപാരതകളിലും, അതിന്റെ അനിശ്ചിതത്വത്തിൽ ഉഴറുന്ന ആണിനും മാത്രമാണ്. ചുരുക്കിപ്പറഞ്ഞാൽ ആണിന്റെ ബൗദ്ധിക തലങ്ങളെ മാത്രം ബാധിക്കുന്ന ഒന്നു മാത്രമായിരുന്നു ഭ്രാന്ത്. സ്ത്രീയുടെ ഭ്രാന്ത് ആകട്ടെ, നേരത്തെ പറഞ്ഞതുപോലെ അവളുടെ നാലു ചുവരുകളിൽ മാത്രം ഒതുങ്ങി നിൽക്കുന്ന ഒന്നായിരുന്നു. ഒരു തരത്തിൽ പറഞ്ഞാൽ 'ഭ്രാന്ത് ' എന്ന് പറയുന്നത് തന്നെ സ്ത്രീപുരുഷ ഭിന്നതയുടെ അടിസ്ഥാനത്തിൽ നിൽക്കുന്ന സമയം, സ്ഥലം, ഇടം എന്ന മാത്രകളിൽ അധിഷ്ഠമാണ്.

അതിലും അപ്പുറത്ത്, ഒരു പക്ഷെ മനഃശാസ്ത്രം ഇനിയും ചൂഴ്ന്നു നോക്കാൻ ബാക്കിയാകുന്ന ഒരു തലമാണ് ഭിന്നലൈംഗികതയും ട്രാൻസ് ജെൻഡർ സമൂഹവും അവിടെ കൂടിയിരിക്കുന്ന ഉന്മാദതലങ്ങളും. അത് വിശാലമായ മറ്റൊരു പരിപ്രേക്ഷ്യമാണ് എന്ന് സംശയമില്ല.



ചർച്ചാവിഷയം


# ഭ്രാന്തെന്ന രക്ഷ



കെ.ആർ.രാഖി



സ്ത്രീയും ഉന്മാദവും എന്ന വിഷയം ഫെമിനിസ്റ്റ് മന:ശാസ്ത്രവ്യവഹാരം തുടങ്ങിയ കാലത്തു തന്നെ സിഗ്മണ്ട് ഫ്രോയിഡിനെപ്പോലുള്ള മന:ശാസ്ത്ര വിദദ്ധൻമാരുടെ സംഹിതകളെ തച്ചുടയ്ക്കാൻ ശ്രമിച്ചട്ടുണ്ട്.എങ്ങനെയാണോ സ്ത്രീയെ ഒരു പുരുഷാധിപത്യ സമൂഹത്തിന്റെ കണ്ണുകളിലൂടെ കണ്ടിരുന്നത്, അതേ വീക്ഷണമാണ് സ്ത്രീയുടെ 'ഭ്രാന്ത് ' അല്ലെങ്കിൽ ഉന്മാദം എന്നതിനേയും കണ്ടിരുന്നത് എന്നതാണ് ഇതിനു പിന്നിലെ കാരണം. ഇങ്ങനെ വാർക്കപ്പെട്ട സമൂഹത്തിന്റെ അച്ചിലേക്ക് ഒതുക്കും വിധമായിരുന്നു മനോരോഗം എന്ന അവസ്ഥയും, രോഗ നിർണ്ണയവും, ചികിത്സയുമൊക്കെ രൂപപ്പെടുത്തിയിരുന്നത്. ഈയൊരു പരിപ്രേക്ഷ്യത്തിൽ നിന്നുകൊണ്ടാണ് രണ്ട് കാലഘട്ടങ്ങളിലായി ലോകത്തിന്റെ രണ്ടു ഭൂഖണ്ഡങ്ങളിൽ നിന്നുള്ളതാണെങ്കിൽക്കൂടി അന്നും ഇന്നും പ്രസക്ത്മായ രണ്ടു കഥകൾ വിശകലനം ചെയ്യുന്നത്. 1892 ൽ ഷാർലറ്റ്



പെർക്കിൻസ് ഗിൽമാൻ എഴുതിയ 'യെല്ലോ വോൾപേപ്പർ' (മഞ്ഞ ചുവർകടലാസ്) അതുപോലെ, സാറാ ജോസഫ് 1990 ൽ എഴുതിയ 'ഓരോ എഴുത്തുകാരിയുടെ ഉള്ളിലും' എന്ന കഥകളാണ് ഇത്തരം മാനസികാവസ്ഥ ക്രിയാത്മകതയിലൂടെ 'first person narrative 'ലൂടെ നോക്കി കണ്ട് വ്യക്തിഗത അനുഭവ മണ്ഡലത്തിലേക്ക് എത്തിച്ച് വായനക്കാരെ സഞ്ചരിപ്പിക്കാൻ പ്രേരിപ്പിക്കുന്നത്.

കഥാകാരികൾ തന്റെ സ്ത്രീ കഥാപാത്രങ്ങളിലൂടെ അവരുടേത് മാത്രമായ മാനസിക തലങ്ങളിലേക്ക് എത്തുകയും, പുറം ലോകം അതിനെയെങ്ങനെയാണ് വിശദീകരിക്കുകയും, സ്വാംശീകരിക്കുകയും ചെയ്യുന്നത് എന്നുള്ളതും ഇതിന്റെ ശ്രദ്ധേമായ പ്രമേയമാണ്. ഒറ്റനോട്ടത്തിൽ കഥാപാത്രത്തിന് 'ഭ്രാന്ത്' (അല്ലെങ്കിൽ നമ്മളെല്ലാം എളുപ്പത്തിൽ പറയുന്ന 'വട്ട്' ) ആണെന്ന് തോന്നുമെങ്കിലും, അതിൽ മയങ്ങിക്കിടക്കുന്ന ഉത്തരമില്ലാ ചോദ്യങ്ങൾ നമുക്ക് കണ്ടു പിടിക്കാൻ സാധിക്കും.

## 'യെല്ലോ വോൾപേപ്പർ'

1892 ലാണ് അമേരിക്കൻ കഥാകാരിയായ ഷാർലറ്റ് പെർക്കിൻസ് ഗിൽമാൻ 'യെല്ലോ വോൾപേപ്പർ' എഴുതുന്നത്. കഥാകാരിയുടെ ആത്മകഥാംശം കലർന്നിട്ടുള്ള കഥയാണെന്ന് അതിന്റെ കഥാകാരി സമ്മതിച്ചതുകൊണ്ടുതന്നെ കഥയുടെ വിശ്വാസ്യത ഏതോക്കെയോ മാനങ്ങളിൽ വളരേയധികം വ്യക്തമാകുന്നു. ഇത് പറയുന്നത് വേറെയൊന്നും കൊണ്ടല്ല  വിഷയം ഭ്രാന്താണെന്നുള്ളതുകൊണ്ടാണ്. ഇതിലെ പ്രധാന കഥാപാത്രം അതിന്റെ ആഖ്യാതാവ് തന്നെയാണ്. അവർ  പ്രസവാനന്തര ദു:ഖാർത്തത (post Partum depression) എന്ന രോഗാവസ്ഥയിൽ ആവുകയും അവരുടെ ഡോക്ടർ അവർക്ക് വിശ്രമചികിത്സ (rest cure) നിർദ്ദേശ്ശിക്കുകയും ചെയ്യുന്നു. ഡോക്ടർ കൂടിയായ അവരുടെ ഭർത്താവ് ജോൺ ഇതിനോട് സഹകരിച്ച് ഈ ചികിത്സക്ക് ഉതകുംവിധം ഒരു അവധികാല ബംഗ്ലാവിൽ മുൻപ് കുട്ടികളുടെ നഴ്സറിയായി ഉപയോഗിച്ചിരുന്ന മുറിയിൽ പുറംലോകവുമായി ഒരു  ബന്ധവും ഇല്ലാത്ത രീതിയിൽ അവരെ പൂട്ടിയിടുന്നു. വായിക്കുക, എഴുതുക എന്നതൊക്കെ അവർക്ക് നിഷിദ്ധമായിരുന്നു. ആ മുറിക്കുള്ളിൽ  ഒരു മാനസികരോഗിയെന്ന് ആരോപിക്കപ്പെട്ട് കഴിഞ്ഞ അവർ മഞ്ഞിച്ച് പഴകിത്തുടങ്ങിയ ചുമർകടലാസിൽ ഒരു രൂപം തെളിയുന്നതായി കാണുകയും, ആ രൂപം പിന്നീട് പരിണമിച്ച് ജയിലിലാക്കപ്പെട്ട ഒരു സ്ത്രീയായും അവർക്ക് അനുഭവപ്പെടുന്നു. അവർ പിന്നീട് ആ രൂപവുമായി സംവദിക്കാനും ആരംഭിക്കുന്നു. ഇതെല്ലാം അസ്വാഭാവികതയായാണ് ജോൺ വീക്ഷിക്കുന്നത്. പതുക്കെ അവൾക്ക്  ചുമരിലെ ആ സ്ത്രീ ജ



**കഥാകാരികൾ തന്റെ സ്ത്രീകഥാപാത്രങ്ങളിലൂടെ അവരുടേത് മാത്രമായ മാനസിക തലങ്ങളിലേക്ക് എത്തുകയും, പുറം ലോകം അതിനെയെങ്ങനെയാണ് വിശദീകരിക്കുകയും, സ്വാംശീകരിക്കുകയും ചെയ്യുന്നു എന്നുള്ളതും ഇതിന്റെ ശ്രദ്ധേമായപ്രമേയമാണ്. ഒറ്റനോട്ടത്തിൽ കഥാപാത്രത്തിന് "ഭ്രാന്ത്[അല്ലെങ്കിൽ നമ്മളെല്ലാം എളുപ്പത്തിൽ പറഞ്ഞു തുള്ളുന്ന "വട്ട് ] ആണെന്ന് തോന്നുമെങ്കിലും, അതിൽ മയങ്ങി കിടക്കുന്ന ഉത്തരമില്ലാ ചോദ്യങ്ങൾ നമുക്ക് കണ്ടു പിടിക്കാൻ സാധിക്കും.**

യിൽ പൊളിച്ച് വരികയും നിലത്താകെ ഇഴയുക യും ചെയ്യുകയാണെന്ന് തോന്നുന്നു . മുറി തുറ ക്കുമ്പോൾ ഭാര്യ നിലത്ത് ഇഴയുന്നത് കണ്ട് ജോൺ ഒരു അലർച്ചയോടെ ബോധരഹിതനാ യി വീഴുകയുമാണ് ഉണ്ടാകുന്നത്.

**ഓരോ എഴുത്തുക്കാരിയുടെ ഉള്ളിലും**

സാറാ ജോസഫ് 1990ൽ എഴുതിയ ഈ കഥ യും First person narrative തന്നെയാണ്. കഥയി ലെ സ്ത്രീകഥാപാത്രം ഒരു എഴുത്തുകാരിയാ കാൻ ആഗ്രഹിക്കുന്നു. വിശാലമായ പുറംലോക ത്തിൽ പുരുഷനു മാത്രമായ സംവാദങ്ങളിൽ പ ങ്കെടുക്കാൻ ആഗ്രഹിക്കുന്നു. എന്നാൽ കുടും ബം എന്ന ചങ്ങല അവളെ അതിനനുവദിക്കുന്നി ല്ല. അതിൽ നിന്നെല്ലാം സ്വയം രക്ഷിച്ച് സാഹി ത്യത്തിന്റെ മഹാലോകത്തിലേക്ക് കടക്കാൻ അ വൾ തിരഞ്ഞെടുക്കുന്ന മാർഗ്ഗം മേബിൾ അമ്മാ യിയുടെ വീട്ടിലേക്ക് പോവുക എന്നുള്ളതാണ്. അവിടെ അവൾ ചുമരുകളാൽ ശ്വാസം മുട്ടിക്ക പ്പെടുകയില്ല. സമൂഹത്തിന്റെ സംശയദൃഷ്ടിയെ പേടിക്കാതെ ജയദേവനുമായുള്ള ചർച്ചകളിൽ മുഴുകാം. പക്ഷെ അവളുടെ ഭർത്താവ് പുരുഷോ ത്തമൻ പറയുന്നത് അവൾക്ക് ഭ്രാന്താണ്, മേ ബിൾ അമ്മായി അവളുടെ സങ്കൽപ്പം മാത്രം ആ ണെന്നാണ്. ഒടുവിൽ അവൾ ഇബ്സന്റെ ഡോറ യെ അനുസ്മരിപ്പിക്കും വിധം വാതിൽ കൊട്ടിയ ടച്ച് നീങ്ങുന്നു.

ഈ രണ്ട് കഥകളും വിവിധ ബിംബങ്ങളിലൂ ടെ സഞ്ചരിച്ച് ഒരേവഴിയിലൂടെ നീങ്ങി ഒരേമുഖ ത്ത് എത്തിചേരുന്നു. ഇതിലെ പ്രധാന വിഷയം എന്നുള്ളത് ക്രിയാത്മകമായി ചിന്തിക്കുകയും ഇ



യല്ലോ വോൾപേപ്പറിൽ നിന്നുള്ള രംഗം



ഓരോ എഴുത്തുകാരിയുടെ ഉള്ളിലും

ഒരുപാട് വാക്കുതർക്കങ്ങൾക്കൊടുവിൽ, സ്ഥലം വിടാൻ തന്നെ ഞാൻ തീരുമാനിച്ചു. അത്യാവശ്യം വസ്ത്രങ്ങളും പുസ്തകങ്ങളും എഴുതാനുള്ള സാമഗ്രികളും എടുത്തുവെച്ചു. ഞാൻ വരുന്ന വിവരത്തിന് മേബിൾ അമ്മായിക്ക് ടെലഗ്രാം ചെയ്തു. ടെലഗ്രാം ചെയ്ത് മടങ്ങുമ്പോൾ പുരുഷോത്തമനെ ഫോണിൽ വിളിച്ചു പറഞ്ഞു. മേബിൾ അമ്മായിക്ക് ടെലഗ്രാം ചെയ്തുകഴിഞ്ഞുവെന്നും വൈകീട്ടത്തെ വണ്ടിയിൽ ഞാൻ പുറപ്പെടുകയാണെന്നും.

"നിനക്കങ്ങനെ ഒരമ്മായി ഇല്ല.

വെറുതെ വീണ്ടും കുഴപ്പമുണ്ടാക്കരുത്". പുരുഷോത്തമൻ ഒരേ വാക്കുകൾ ആവർത്തിക്കുന്നു.

"ഞാൻ വന്നതിനു ശേഷമേ നീ പുറപ്പെടാവൂ.


എവിടന്നാണ് നീ വിളിക്കുന്നത്?"

അസഹ്യമായ കോപത്തോടെ ഫോൺ എറിയുകയാണെന്ന് ഇങ്ങേത്തലയ്ക്കൽ ഞാനറിയുന്നു! ഇത് പുരുഷോത്തമന്റെ തന്ത്രമാണ്. എന്നെ മേബിൾ അമ്മായിയുടെ അടുക്കൽ പോകാതെ തടഞ്ഞുനിർത്തുക! മുമ്പു ഇതാവർത്തിച്ചിട്ടുണ്ട്. ഇത്തവണ, പക്ഷേ, എനിക്ക് പോയേ പറ്റൂ!

ഇന്നലെ എന്റെ പുതിയ കൃതിയെപ്പറ്റി ആഴമേറിയ ചിന്തകളിൽ മുഴുകി, ഇവിടെ ഇടനാഴിയിൽ, നിലത്ത് വിരിച്ചിട്ട പുല്പായിൽ ഞാൻ കിടക്കുകയായിരുന്നു. വളരെ ഗൗരവമുള്ള ഒരു 'തീം' നോവലാക്കാൻ ഞാനുദ്ദേശിക്കുന്നു. ഇടനാഴിയുടെ നിഗൂഢതയിൽ അവ്യക്തങ്ങളായ നിഴലുകളുണ്ട്. അതെന്നെ അസ്വസ്ഥയാക്കി. ഇടനാഴിയുടെ ചുവരുകളിളകുന്നത് ഞാനങ്ങനെയാണറിഞ്ഞത്! ചുവരുകൾ ഇളകുകയും സഞ്ചരിക്കുകയും ചെയ്തു. പരിഭ്രമിക്കാൻ ഇടംകിട്ടും മുമ്പ് ചുവരുകൾ നിരങ്ങിയെത്തി എന്നെ ഞെരുക്കി! ഇടനാഴിയിലേക്കുള്ള കാറ്റും വെളിച്ചവും അടഞ്ഞുപോയി. ശ്വാസം വിടാനാവാതെ, പ്രേതബാധയേറ്റ ചുവരുകളുടെ ഞെരുക്കത്തിൽ കിടന്ന് ഞാൻ കൈകാലിട്ടു തല്ലി.

ഒന്നാരം പുറത്തുപോയി. തിരികെ വന്ന് വാതിൽ തുറക്കാനൊരുങ്ങുമ്പോൾ ഉരുകിയ മെഴുകുപോലെ വളഞ്ഞുവന്ന് ഉരുക്കുഗ്രില്ലുകളുടെ വല എന്നെ ഞെരുക്കുക! പിന്നൊരു നാൾ പൈപ്പിൻ ചുവട്ടിൽ കഴുകാനെടുത്തിട്ട പാത്രങ്ങൾ എണീറ്റുനിന്ന് സംസാരിക്കുകയും പുളിച്ച വാടയടിക്കുന്ന എച്ചിൽക്കൂനകളെ പ്രസവിച്ചുകൊണ്ട്, അടുക്കളയിലും കൊട്ടത്തളത്തിലും ഊണുമേശപ്പുറത്തും ഒരു


ടപ്പെടുകയും ചെയ്യുന്ന സ്ത്രീകളെ ഏതുരീതിയി ലും ശിഥിലമാക്കുക എന്ന പറഞ്ഞുപതിഞ്ഞ പുരു ഷാധിപത്യ സമൂഹത്തിന്റെ ഒരു ഉപാധിയായി ഭ്രാ ന്ത് ആരോപിക്കപ്പെടുന്നു എന്നുള്ളതാണ്. ചുമർ ക ടലാസിലെ സ്ത്രീയും മേബിൾ അമ്മായിയും ഒരേ ആഗ്രഹത്തിന്റെ പര്യായങ്ങളാണ്. ആദ്യത്തെ കഥ യിൽ മനോരോഗവും ചികിത്സയും വിലക്കുകളുടെ സാഹചര്യങ്ങൾ സൃഷ്ടിക്കുമ്പോൾ , സാറാ ജോസ ഫിന്റെ കഥയിൽ ഈ ആരോപണം സ്വന്തം ഭർത്താ വിൽ നിന്നുതന്നെ അവൾക്ക് കേൾക്കേണ്ടി വരിക യും ചെയ്യുന്നു. ംയെല്ലോ വോൾപേപ്പ്' റിലെ നായി ക ഒരവസരത്തിൽ അവളുടെ ജനലിലൂടെ കാണാ വുന്ന പൂന്തോട്ടത്തിൽ സ്ത്രീകൾ ഇഴഞ്ഞു നടക്കു ന്നതായി കാണുന്നുണ്ട്. അതുപോലെന്നെ രണ്ടാമ ത്തെ കഥയിലെ നായിക സ്വതന്ത്രമായി സാഹിത്യ ചർച്ച നടത്തുന്ന രണ്ടു യുവാക്കളേയും കാണുന്നു. ഇരുവർക്കും ഇവിടെ നഷ്ടപ്പെടുന്നത് തങ്ങൾക്ക് നി ഷേധിക്കപ്പെട്ട പൊതുഇടങ്ങൾ തന്നെയാണ്. ത



ങ്ങൾ തിരഞ്ഞെടുക്കാത്ത ചുവരുകളിൽ അമരുമ്പോൾ ഒരു പക്ഷെ ഭ്രാന്ത് എന്ന് പുറംലോകം വിളിക്കുന്ന ആ വഴിയിലൂടെ അവർ സഞ്ചരിക്കുന്നു. അവരുടേത് മാത്രമായ ആ ഉൾലോകത്തിൽ ഭ്രമിച്ചു രമിച്ചതിനെയാവണം നമ്മൾ ഭ്രാന്തെന്നോ ഉന്മാദമെന്നോ ഓമനപ്പേരിട്ട് വിളിച്ച് രസിച്ചത്. അവർക്കാ ലോകം ഒരു സത്യമാണ്, പുറമേ നിന്നു നോക്കുന്നതു പോലെ മിഥ്യയല്ല. ഭ്രാന്തെന്ന് പുറം ലോകം വിളിക്കുന്നത് അവരെ സംബന്ധിച്ച് മിഥ്യയല്ല, മറിച്ച് അവരുടേത് മാത്രമായ ജീവിക്കുന്ന ഇടം (lived space) ആയി വേണം കരുതാൻ. 'യെല്ലോ വോൾപേപ്പറി' ൽ തറയിൽ തറച്ചിട്ട ആ കട്ടിലും സാറാ ജോസഫിന്റെ നായികയുടെ ഞെരിഞ്ഞമരുന്ന ചുവരുകളും ഒരു തലത്തിൽ ബാധ കേറിയവരുടെ നെറ്റിയിൽ ആണി തറച്ചിട്ടതിന്റെ അവസ്ഥാന്തരങ്ങൾ മാത്രമാണ്. രണ്ടു കഥകളിലും സ്ത്രീയെ അബലയാക്കി ചിത്രീകരിക്കുന്നത് അവളുടെ ശരീരത്തിന്റെ അടിസ്ഥാനത്തിലല്ല, മറിച്ച് അവൾ അനുഭവിക്കുന്ന ചട്ടകൂടിന്റെ കാർക്കശ്യം കൊണ്ടാണ്. അതു കൊണ്ടു തന്നെയാണ് കാലാന്തരമില്ലാതെ തന്നെ പല സാഹിത്യാവിഷ്ക്കാരങ്ങൾ നമ്മുടെ മനസ്സിൽ ഈ കഥകൾ വായിക്കുമ്പോൾ കടന്നു വരുന്നത്. ഹെൻറിക്ക് ഇബ്സന്റെ 'ദ് ഡോൾസ് ഹൗസ് ' എന്ന നാടകം, വി.ടി.യുടെ 'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്' എന്നിവ വീണ്ടും കാലദേശങ്ങളേ ഭേദിച്ച് നമ്മളെ ചിന്തിപ്പിക്കുന്നതും. ഭ്രാന്തിനെ പല ചട്ടക്കൂടുകളിൽ നിൽക്കുന്ന വിഷയമായി ബന്ധിപ്പിക്കാറുണ്ട്. ഈ കഥകളിൽ ലൈംഗികതയെപ്പറ്റി പരാമർശം നടക്കുന്നില്ലെങ്കിലും, ഇതിലെ പ്രധാനമായ പ്രമേയം എഴുത്ത്, ക്രിയാത്മകത എന്നിവയുടെ മേൽ നടത്തുന്ന വിലക്കുകളാണ്. ഇതിലെ രസകരമായ ഒരു കാര്യം എന്നുള്ളത് ഇതിലെ first person narrative രീതിയാണ്. രണ്ടു കഥകളിലും കഥാപാത്രങ്ങൾ അവരുടെ ജീവിതത്തിലെ സംഭവങ്ങളിലൂടെ, വർത്തമാന കാലത്തിലാണ് സംസാരിക്കുന്നത്. അതു കൊണ്ടുതന്നെ, അവരുടെ ഒപ്പം തന്നെ നമ്മളും സഞ്ചരിക്കുന്നു. ഒരു പക്ഷെ ഉന്മാദത്തിന്റെ ഈ വഴികളിൽ നമ്മളും ഉന്മാദിനികൾ ആകുന്നു. ഇതിലും അധികം രസകരമായി എങ്ങനെയാണ് കഥാകാരികൾക്ക് നമ്മെ കൊണ്ടുപോകാൻ കഴിയുക?



ജോൺ എന്ന പേര് എത്രത്തോളം സാധാരണമാണോ അത്രത്തോളം സാധാരണമാണ് അയാളിലെ ചിന്താഗതിയും. പുരുഷോത്തമന്റെ ഉത്തമം എത്രത്തോളം പരിഹാസ്യമാണോ അത്രത്തോളം തന്നെ പരിഹാസ്യമാണ് ഈ സമൂഹവും. ചുമരിൽ സ്ത്രീയെ കാണുന്ന സ്ത്രീയും, ചുമരിലെ സ്ത്രീയും, എഴുത്തുകാരിയാകാൻ ആഗ്രഹിക്കുന്നവളും,മേബിൾ അമ്മായിയും എല്ലാവരും ഒരേയാളുകളാണ്, ഒരേ ഭ്രാന്ത് അനുഭവിക്കുന്നവരാണ്. ചങ്ങലയിൽ സ്ത്രീയെ മാത്രമല്ല അവളുടെ ഭ്രാന്തിനേയും തളച്ചിടാൻ ശ്രമിക്കുമ്പോൾ അവൾ ആ ചങ്ങലകൾ എല്ലാം പൊട്ടിച്ചെറിഞ്ഞ് സ്വതന്ത്രമായി ആ ഭ്രാന്തിലേക്ക് ഭ്രാന്തിലൂടെത്തന്നെ തെന്നി നീങ്ങുന്നു. അതിനാൽ ത്തന്നെ ഇവിടെ ഭ്രാന്തൊരു രക്ഷയാണ്!



# വസന്തമെന്ന ഏകാകിയായ പൂവ്



ഡോണ മയൂര

ഒരു തുള്ളിയുന്മാദമുള്ളിൽ ഇല്ലാത്തവരായി ആരുമുണ്ടാവില്ല. ഉന്മാദത്തെയുള്ളിലുറക്കി ജീവിതത്തിരക്കുകളിലേക്ക് വഴുതി വീണു പോകുന്നവരാണ് അധികവും. അഥവാ ഒരേസമയം സമൂഹം കൽപ്പിച്ച് നൽകിയിരിക്കുന്ന 'തികച്ചും സ്വാഭാവികമായ' ജിവിതചര്യകളുടെ കാവൽക്കാരും നടത്തിപ്പുകാരുമായി ജീവിക്കുന്നവർ. അതേ തിരക്കുകളിലേക്ക് പെട്ടുപോവാതെ, അതിലേക്ക് ഒറ്റയ്ക്കിരുന്നുറ്റുനോക്കുന്നൊരാളുടെ കാഴ്ച്ചയുടെയും ചിന്തകളുടെയും തീവ്രത, ഉള്ളിലുറങ്ങുന്ന ഉന്മാദത്തെ ഉണർത്തിയേക്കാം. സർഗ്ഗാത്മകമായ ചിന്തയും പ്രവർത്തിയുമുള്ളവരെ ഭ്രാന്തരെന്ന വിളിപ്പേരിൽ നാവിലേറ്റാനാണ് എപ്പോഴും സമൂഹം ഉറ്റം കൊള്ളുന്നത്!

ഉന്മാദിയായ കലാകാരനും സാഹിത്യകാരനും പലപ്പോഴും അനായസേന കൈവരിക്കുന്ന ആരാധ്യപുരുഷസ്ഥാനം പോലെ ലളിതമല്ല ഉന്മാദിയായൊരു കലാകാരിയുടെയോ സാഹിത്യകാരിയുടെയോ അവസ്ഥ. പ്രത്യേകിച്ചും സ്ത്രീകളുടെ സർഗ്ഗവൈഭത്തെ അംഗീകരിക്കാൻ വിസമ്മതിക്കുന്ന സമൂഹങ്ങളിൽ.

കുടുംബം, അടുക്കള, ജോലി എന്നിങ്ങനെയുള്ള സമവാക്യങ്ങൾക്കിടയിൽ, സർഗ്ഗശേഷി നഷ്ട്ടപ്പെട്ടു പോകാനുള്ള സാധ്യതകളേറുമ്പോൾ, അതിനെയെല്ലാം മറികടന്ന് സർഗ്ഗശേഷി

പ്രകടിപ്പിക്കാനുള്ള സമയവും അവസരവും സ്വയം കണ്ടെത്താൻ ശ്രമിക്കുന്നവരാണധികവും. ഇതിനൊക്കെയിടയിലുടലെടുക്കുന്ന തീവ്രമായ മാനസികവ്യഥകൾ ഉന്മാദത്തെ പലയവസ്ഥകളിൽ കൊണ്ടെത്തിക്കുകയും ചെയ്യുന്നു.

സ്വബോധത്താൽ നിയന്ത്രിക്കാൻ കഴിയുന്ന ഉന്മാദത്തിനും നിയന്ത്രണാതീതമായ ഭ്രാന്താത്മമകമായ അവസ്ഥയ്ക്കും ഇടയിലുള്ള നേർത്ത വഴിയിലൂടെയാണ് ഒട്ടുമിക്ക ശ്രേഷ്ഠപ്രതിഭകളുടെയും ചിന്തകൾ കടന്നു പോകുന്നത്.ചിലപ്പോഴെങ്കിലും ഈ അവസ്ഥകളെ ശ്രദ്ധ പിടിച്ചു പറ്റാനുള്ള അടവെന്നുള്ള പഴിയും ഇവർക്ക് കേൾക്കേണ്ടി വരുന്നു.

അപാരമായ സർഗ്ഗശേഷി പ്രകടിപ്പിച്ചിട്ടുള്ള പലരുടെയും വ്യക്തിജീവിതരേഖകൾ

**സ്വബോധത്താൽ നിയന്ത്രിക്കാൻ കഴിയുന്ന ഉന്മാദത്തിനും നിയന്ത്രണാതീതമായ ഭ്രാന്താത്മമകമായ അവസ്ഥയ്ക്കും ഇടയിലുള്ള നേർത്ത വഴിയിലൂടെയാണ് ഒട്ടുമിക്ക ശ്രേഷ്ഠപ്രതിഭകളുടെയും ചിന്തകൾ കടന്നു പോകുന്നത്.ചിലപ്പോഴെങ്കിലും ഈ അവസ്ഥകളെ ശ്രദ്ധ പിടിച്ചു പറ്റാനുള്ള അടവെന്നുള്ള പഴിയും ഇവർക്ക് കേൾക്കേണ്ടി വരുന്നു.**

പരിശോധനയ്ക്ക് വിധേയമാക്കിയാൽ പലരും മാനിക്ക്/ക്രോണിക്ക് ഡിപ്രഷൻ, ബൈപോളാർ ഡിപ്രഷൻ എന്നിവയുടെ പിടിയിൽ പെട്ടുപോയിട്ടുള്ളവരാണെന്ന് അറിയാൻ കഴിയും. അസഹനീയമായ ഇത്തരം അവസ്ഥകളെ എഴുത്തുകൊണ്ട് തരണം ചെയ്യാൻ കഴിയാതെ ചൂടാക്കിയ അവനിലേക്ക് തലവച്ചും (സിൽവിയ പ്ലാത്ത്) ജാക്കറ്റിന്റെ പോകറ്റിലേക്ക് കല്ലുകൾ നിറച്ച് നദിയിലേക്കിറങ്ങിയും (വിർജീനിയ വൂൾഫ്) മരണത്തിന്റെ ആശ്വാസം തേടിയ ചരിത്രവും കലാസാഹിത്യമേഖലകളിലുണ്ട്. മരണത്തിന്റെ തീവ്രതകൊണ്ട് പിൽക്കാലത്ത് അവരുടെയൊക്കെ എഴുത്തുകൾ ആഘോഷിക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

ശാസ്ത്രമേഖലയിലേയും സാഹിത്യമേഖലയിലെയും പ്രതിഭകൾക്കിടയിൽ ഡോ.ലുഡ്വിഗ് നടത്തിയ പത്തുവർഷക്കാലത്തെ പഠനത്തിൽ, നിയന്ത്രണാതീതമായ ഉന്മാദാവസ്ഥകളാൽ സ്വയം പീഡിതരാകുന്നതിൽ ഏറിയ പങ്കും കവിതയെഴുത്തുമായി ബന്ധപ്പെട്ട പ്രതിഭകളാണെന്ന നിഗമനത്തിൽ എത്തിച്ചേർന്നിട്ടുണ്ട്. ഉന്മാദവും സർഗ്ഗശേഷിയും കൂടിക്കുഴഞ്ഞു മറിഞ്ഞ അവസ്ഥ അബോധമനസ്സിൽ സ്ഥിരമായി വേരൂന്നിയിരിക്കുന്നതാണ് ഇതിന് കാരണം. ഇതിൽ നിന്നുമുടലെടുക്കുന്ന അസഹ്യമായ മാനസികവ്യഥകളാൽ നിത്യവുമുഴറുന്ന ഇക്കൂട്ടരിൽ



ആത്മഹത്യാപ്രവണതയും മുന്നിട്ട് നിൽക്കുന്നു. സ്വപ്രയത്നം മുഖേനേ തീർക്കുന്ന കലാസാഹിത്യവസന്തത്തിനുള്ളിലെ ഏകാകികളായ പൂവുകൾ.



**ജിസ ജോസ്**
**മലയാളം വിഭാഗം അദ്ധ്യാപിക,**
**തലശ്ശേരി ഗവ.ബ്രണ്ണൻ കോളേജ്**

# ജീവിതത്തിന്റെ മായ്ച്ചെഴുതലുകൾ



സ്ത്രീമനസ് ഇരുണ്ട ഭൂഖണ്ഡമാണെന്ന ഫ്രോയിഡിയൻ വിശേഷണത്തിൽ നിഗൂഡവും ഇനിയും വെട്ടിത്തെളിയിച്ചെടുക്കാത്തതുമായ അജ്ഞാത ഭൂമികയെക്കുറിച്ചുള്ള സങ്കല്പനമുണ്ട്. പ്രാന്തവൽക്കരിക്കപ്പെട്ടതോ അറിയപ്പെടാത്തതോ അവഗണിക്കപ്പെട്ടതോ ആയ വേറൊരു ലോകം. ആ ലോകത്തേക്കുള്ള സാഹസിക പര്യടനങ്ങൾ നടത്തേണ്ടതു സ്ത്രീകൾ തന്നെയാണ്. ആഴങ്ങളിലേക്കുള്ള സഞ്ചാരങ്ങൾ. സുരക്ഷിതമായ ആകാശക്കാഴ്ച (Aerial views)കളിലോ ദൂരദർശിനികളിലൂടെയുള്ള നോട്ടങ്ങളിലോ പുരുഷദൃഷ്ടികൾ സന്തുഷ്ടമാവും. അത് ആധികാരികമായ കാഴ്ചകളും നിഗമനങ്ങളുമായി വിലയിരുത്തപ്പെടുകയും ചെയ്യും. പുരുഷൻ തന്റെ ആവശ്യങ്ങൾക്കനുസൃതമായി നിർമ്മിച്ചെടുത്ത, അഭിലാഷങ്ങൾക്ക് ആപേക്ഷികമായി നിറം

**പുരുഷൻ തന്റെ ആവശ്യങ്ങൾക്കനുസൃതമായി നിർമ്മിച്ചെടുത്ത, അഭിലാഷങ്ങൾക്ക് ആപേക്ഷികമായി നിറം കൊടുത്ത സ്ത്രൈണതയാണു സർവ്വവ്യവഹാരങ്ങളിലും കണ്ടെത്താനാവുക.**

കൊടുത്ത സ്ത്രൈണതയാണു സർവ്വവ്യവഹാരങ്ങളിലും കണ്ടെത്താനാവുക. അത് നിഷ്ക്രിയ (Passive Image)മായിരിക്കുന്നതാണ് സ്വാഭാവികം. ഊർജസ്വലതയുടെ പ്രതിരൂപമായ (Active Image) പൗരുഷമായിരിക്കും ഇതിന്റെ എതിർ സ്ഥാനത്തെ പ്രതിനിധീകരിക്കുക.

സ്ത്രൈണതയെക്കുറിച്ചുള്ള സ്ത്രീപക്ഷാന്വേഷണങ്ങളിൽ, അതിന്റെ സങ്കീർണതകളുടെ സ്വതന്ത്രമായ ആവിഷ്കരണങ്ങളിൽ ഭ്രമകല്പനകളും വികല്പങ്ങളും കൂടിക്കലർന്ന ഭ്രാന്തിന്റെ ബിംബം കടന്നു വരുന്നതു സ്വാഭാവികമാണ്. യാഥാസ്ഥിതികമായ അധികാരസ്ഥാപനങ്ങളോടുള്ള പലപ്പോഴും ആത്മവിനാശകരമാവുന്ന കലഹത്തിൽ സ്ത്രൈണചേതന ഭ്രാന്തമാവുന്നതും ചിലപ്പോൾ ബോധപൂർവ്വം തന്നെ ഉന്മാദത്തിന്റെ ആനുകൂല്യം തേടുന്നതും സാധാരണമാവുന്നു.സാന്ദ്രാ ഗിൽബർട്ടും സൂസൻ ഗുബാറും ചേർന്നു രചിച്ച 'തട്ടിൻപുറത്തെഭ്രാന്തി' (The Mad Women in the Attic) യിൽ എഴുത്തുകാരിയുടെ മാനസിക ശക്തിയെക്കുറിച്ചും സർഗ്ഗാത്മകതയെക്കുറിച്ചും



**സ്ത്രൈണതയെക്കുറിച്ചുള്ള സ്ത്രീപക്ഷാന്വേഷണങ്ങളിൽ, അതിന്റെ സങ്കീർണതകളുടെ സ്വതന്ത്രമായ ആവിഷ്കരണങ്ങളിൽ ഭ്രമകല്പനകളും വികല്പങ്ങളും കൂടിക്കലർന്ന ഭ്രാന്തിന്റെ ബിംബം കടന്നു വരുന്നതു സ്വാഭാവികമാണ്. യാഥാസ്ഥിതികമായ അധികാരസ്ഥാപനങ്ങളോടുള്ള പലപ്പോഴും ആത്മവിനാശകരമാവുന്ന കലഹത്തിൽ സ്ത്രൈണചേതന ഭ്രാന്തമാവുന്നതും ചിലപ്പോൾ ബോധപൂർവ്വം തന്നെ ഉന്മാദത്തിന്റെ ആനുകൂല്യം തേടുന്നതും സാധാരണമാവുന്നു.**

പറയുമ്പോൾ സമാനമായ നിരീക്ഷണങ്ങളാണുള്ളത്. പത്തൊമ്പതാം നൂറ്റാണ്ടിലെ പ്രമുഖ സ്ത്രീരചനകളിൽ ഇടുങ്ങിയ ഇടങ്ങളുടെ, നിഗൂഢതകളുടെ, രോഗാവസ്ഥകളുടെ, അനിശ്ചിതത്വങ്ങളുടെ, അസ്പഷ്ട ഭീതികളും ചില സമാനതകളുമുണ്ടെന്ന കണ്ടെത്തലാണ് നായിക/ഭ്രാന്തി ദ്വന്ദ്വത്തെ സൃഷ്ടിക്കാനവർക്കു പ്രേരണയായത്. സർഗ്ഗാത്മകത പുരുഷന്റെ സവിശേഷാധികാരമെന്നു വിശ്വസിക്കപ്പെടുന്നതുകൊണ്ട് ആത്മവിശ്വാസമില്ലാത്ത എഴുത്തുകാരിയുടെ സന്ദേഹങ്ങൾ അവളുടെ രചനയിൽ പ്രതിഫലിക്കുന്നു. പലപ്പോഴും അവൾ പുരുഷമാതൃകകളെ അനുകരിക്കേണ്ടി വരുന്നു. ഇതിൽ നിന്നു രക്ഷപെടാനുള്ള ഗ്രന്ഥകാരിയുടെ ഉത്ക്കണ്ഠയാണ് നായികയ്ക്കു പ്രതിദ്വന്ദിയായ ഭ്രാന്തിയായി പ്രത്യക്ഷപ്പെടുന്നത്. ഷാർലറ്റ് ബ്രോണ്ടിയുടെ "Jane Eyre" എന്ന കൃതിയിലെ ഭ്രാന്തിയെ എഴുത്തുകാരിയുടെ പ്രതിബിംബമായി, അവളുടെ ക്രോധത്തിന്റെയും സന്ദേഹങ്ങളുടെയും മൂർത്തരൂപമായി കാണാമെന്നു 'തട്ടിൻപുറത്തെ ഭ്രാന്തി'യിൽ സ്ഥാപിക്കുന്നുണ്ട്. പെൺരചനകളിലെല്ലാം ഇങ്ങനെയൊരു ദ്വന്ദ്വഘടന കണ്ടെത്താം. ഒരേ സമയം യാഥാർത്ഥ്യവും പ്രതീകാത്മകവുമായ ചില

അദൃശ്യവിലക്കുകളോടുള്ള നിരന്തരമായ ഏറ്റുമുട്ടലാണ് സ്ത്രീരചനകൾ. നായിക സ്ത്രീയുടെ പൗരാണികവും യാഥാസ്ഥിതികവുമായ ഛായകളെ സംരക്ഷിക്കുമ്പോൾ ഭ്രാന്തി ഉന്മത്തമായ, വിലക്കുകളഴിഞ്ഞ സ്വയം പ്രകാശനമായി മാറുന്നു. പ്രതീകക്രമങ്ങൾക്കും നിയന്ത്രിതലീലകൾക്കും ബദലായി അബോധമായ സാങ്കല്പിക ക്രമങ്ങളുടെ, സ്വതന്ത്രലീലകളുടെ സമ്മിശ്രവും കൂടിയാവുന്നു രചന. കർത്തൃത്വത്തെ ഇച്ഛയുടെ, അധികാരത്തിന്റെ പൂർണതയായി സഫലീകരിക്കുന്ന ഭ്രമാത്മകത വശ്യമായ ആകർഷണമായി മാറുന്നു. ഈ ലോകം യാഥാർത്ഥ്യത്തിന്റേതല്ല, മിഥ്യകളുടെയും വികല്പങ്ങളുടേതുമാണ്. പക്ഷേ ആ വ്യവഹാരങ്ങളിൽ പുരുഷാധികാരത്തിൽ നിന്നു കുതറുന്ന സ്ത്രൈണകർത്തൃത്വമുണ്ട്. സ്ത്രൈണാവബോധങ്ങളിലെല്ലാം ഒരു ഭ്രാന്തി മറഞ്ഞും തെളിഞ്ഞുമിരിക്കുന്നു. രചനയിലെ ഉച്ഛൃംഖലത്വമായും പ്രമേയത്തിലെ, പാത്രസൃഷ്ടിയിലെ അനിയന്ത്രിതത്വമായും പല ഭാവങ്ങളിൽ, പല രൂപങ്ങളിൽ. അധികാര ബന്ധങ്ങളിൽ അസന്തുലിതാവസ്ഥ സൃഷ്ടിക്കുന്ന ലിംഗകേന്ദ്രിതഘടനയെ തകർത്ത് വ്യവസ്ഥകളെ തിരുത്തിയെഴുതാനും മായ്ച്ചെഴുതാനും വെമ്പുന്ന സ്വേച്ഛയുടെ അബോധപൂർണമായ പ്രതിസ്ഫുരണങ്ങൾ.

ഗീതാഹിരണ്യന്റെ 'കവിതയും ജീവിതവും ഒരുപന്യാസവിഷയത്തിനപ്പുറം' എന്ന കഥ ഉന്മാദിനിയായ സ്ത്രീയുടെ മാനസിക ലോകത്തിലേക്കുള്ള സഞ്ചാരമാണ്. ബാഹ്യതലത്തിൽ പുരുഷത്വം/സ്ത്രൈണത ഇവയുടെ പ്രതീകക്രമങ്ങളെ സംരക്ഷിക്കുന്നുവെന്നു വിശ്വസിപ്പിച്ചു കൊണ്ടു തന്നെ ഇത്തരം ഘടനകളെ അപനിർമ്മിക്കുന്ന ആന്തരതലത്തെ സമർത്ഥമായി വിക്ഷേപിക്കുന്നു കഥയിൽ മാനസികരോഗിയായ ലളിത, ആരും കേൾക്കാത്ത ശബ്ദങ്ങൾ കേൾക്കുന്നവൾ. സംശയരോഗി, കവിതയിഷ്ടമില്ലാത്തവൾ, കവിത വായിക്കാത്തതു ഒരു കുറ്റമാണോ, അതു വായിക്കാതെയും ജീവിച്ചുകൂടേ എന്നു ചോദിക്കുന്നവൾ, ഭർത്താവിന്റെ സ്ത്രീ സൗഹൃദങ്ങളെ അസഹിഷ്ണുതയോടെ നിരീക്ഷിക്കുന്നവൾ, ആദ്യകാലപ്രണയ ജീവിതത്തിന്റെ ഊഷ്മളതകൾ നഷ്ടമായതോർത്തു മുറിയുന്നവൾ, വെപ്പുകാരി, കുഞ്ഞിനെ ക്രഷിലാക്കിയതിൽ മനസ്സു വേവുന്ന അമ്മ. കഥയിലെ പുരുഷനാവട്ടെ ഇരയുടെ ഭാവം മനഃപൂർവ്വമണിയുന്ന അധികാരമോഹി, സൗഹൃദങ്ങളും കവിതയും പുസ്തകങ്ങളും



**കർത്തൃത്വത്തെ ഇച്ഛയുടെ, അധികാരത്തിന്റെ പൂർണ**
**ഭ്രമാത്മകത വശ്യമായ ആകർഷണമായി മാറുന്നു. ഈ**
**യാഥാർത്ഥ്യത്തിന്റേതല്ല, മിഥ്യകളുടെയും വികല്പങ്ങളു**
**വ്യവഹാരങ്ങളിൽ പുരുഷാധികാരത്തിൽ നിന്നു കുതറു**
**കർത്തൃത്വമുണ്ട്. സ്ത്രൈണാവബോധങ്ങളിലെല്ലാം ഒ**
**തെളിഞ്ഞുമിരിക്കുന്നു.**

ഇഷ്ടപ്പെടുന്ന കാല്പനികൻ. ഇരുവരുമൊരുമിച്ചു പോവുന്ന കല്യാണച്ചടങ്ങ്. പ്രകടമല്ലാത്ത നിരന്തരയുദ്ധങ്ങളാണ് ലളിതയും ഭർത്താവും പരസ്പരം നടത്തിക്കൊണ്ടിരിക്കുന്നത്. ഒരേ സീറ്റിൽ ഇരുന്നാലും പരസ്പരം തൊടാതെ മനസ്സിരുത്തുകയും എന്നാൽ കണ്ണി പൊട്ടാത്ത ദാമ്പത്യമെന്ന് മറ്റുള്ളവരെ ബോധ്യപ്പെടുത്തുകയും ചെയ്യുന്ന അതേ ചിരപുരാതന ദമ്പതികളാണിരുവരും. സ്ത്രീയുടെ വസ്തു യാഥാർത്ഥ്യങ്ങളിൽ നിന്നു വേർപെടാതെത്തന്നെ സ്വന്തം അഭാവത്തെ, അന്യതയെ



അതിജീവിക്കാനും അതിനെ സാന്നിധ്യമായും കർത്തൃത്വമായും പരിണമിപ്പിക്കാനും ലളിതയ്ക്കു കഴിയുന്നത് ഉന്മാദത്തിന്റെ വിഭ്രാന്തികളിലൂടെയാണ്. വ്യവസ്ഥാനുസാരിയാവാതെ മാറി നിന്നുകൊണ്ട് പ്രതിരോധിക്കാനുള്ള വ്യഗ്രത. ഭ്രാന്ത്, നിയമങ്ങൾ ലംഘിക്കാനുള്ള, ലിംഗകേന്ദ്രിത വ്യവഹാരങ്ങൾക്കു പുറത്തു കടക്കാനുള്ള വഴി കൂടിയാവുന്നു. ദമിതമായ വാഞ്ഛകൾക്കും കാമനകൾക്കും സ്വയം പ്രകാശിക്കപ്പെടാനുള്ള മറ്റൊരു സാധ്യത.

സ്വന്തം മാനസിക ജീവിതവും ബാഹ്യ ജീവിതാനുഭവങ്ങളും പരസ്പര വിരുദ്ധമാവുന്നതിന്റെ സംഘർഷങ്ങളിലൂടെയാണ് മിക്കവാറും ജീവിതങ്ങൾ കടന്നു പോവുന്നത്. അനുനയങ്ങളില്ലാതെ, അനുരഞ്ജനങ്ങളില്ലാതെ വിയോജിപ്പുകൾ മാത്രം പ്രകടിപ്പിക്കാൻ പക്ഷേ എല്ലാവർക്കും കഴിയുകയില്ല. ഉന്മാദത്തിന്റെ, മാനസികവിഹ്വലതയുടെ ഇരുണ്ട വഴികളിലൂടെ നടക്കുന്നവർക്കാവട്ടെ അതെളുപ്പമാണ്. യുക്തികൾക്കും നിയമങ്ങൾക്കുമതീതമായാണവർ ലോകത്തെ അനുഭവിക്കുന്നതും അറിയുന്നതും. ഇരുപതാം നൂറ്റാണ്ടിന്റെ സാഹിത്യ ചേതനയെ ഭ്രാന്ത് ആഴത്തിൽ ഗ്രസിച്ചതിനു കാരണവും ഇതായിരുന്നിരിക്കാം. അസുഖകരമായ ആവിഷ്ക്കരണങ്ങൾക്കുള്ള സ്വാതന്ത്ര്യം .

കഥയിലെ ലളിത അവഹേളിതയും പീഡിതയുമായി സ്വയം അനുഭവിക്കുന്നു. തന്റെ സ്വത്വം, നിലനില്പ്പ് എന്താണെന്നത് അവളെ സന്ദേഹിയുമാക്കുന്നു. ഇത്തരം അനുഭവങ്ങൾ സാധാരണമാവാം, മിക്കവരും അതെല്ലാം ഉള്ളിലടക്കിപ്പിടിക്കുന്നു. പക്ഷേ ഉന്മാദിനിയായതു കൊണ്ടു തന്നെ ലളിതയുടെ വിഹ്വലതകൾ മറഞ്ഞിരിക്കുന്നില്ല. സ്വയം നൊമ്പരമേൽക്കാനുള്ള ഉൽക്കടവാഞ്ഛയവൾക്കുണ്ട്. ആത്മപീഡനകൗതുകം പോലെ പരപീഡനരതിയും അവളിൽ തീവ്രമാണ്. അനുസരണയും വിധേയത്വവുള്ള സാമ്പ്രദായിക ഭാര്യയല്ല അവൾ, അങ്ങനെയെന്നു ഭാവിക്കുമ്പോഴും. മറ്റുള്ളവർ തന്നെ പരിഹസിക്കുന്നുവെന്ന്, നിന്ദിക്കുന്നുവെന്നവൾ ഭയപ്പെടുന്നു. ആൾക്കൂട്ടം ഇഷ്ടമല്ലെന്നു നടിക്കുമ്പോൾത്തന്നെ ആൾക്കൂട്ടങ്ങളിൽ മുഴുകാനും ആഗ്രഹിക്കുന്നു. ഭർത്താവിന്റെ പരിചയക്കാരികളായ പൂർണ വനിതകളെ വെറുത്തു കൊണ്ട്, താൻ അപൂർണയാണെന്നു സദാ സംശയിച്ച് ആത്മനിന്ദയനുഭവിക്കുന്നു അവൾ. ഇന്നത്തെ കല്യാണച്ചടങ്ങിനു പോലും എട്ടരയുടെ ബസ് തെറ്റാതിരിക്കാൻ അയാൾ തിരക്കുപിടിച്ചതുകൊണ്ട് പാതി നിർത്തിയ കണ്ണെഴുത്തിൽ, മുടിമിനുക്കലിൽ ഒരു അരസുന്ദരിയായി ഒട്ടും തൃപ്തിയില്ലാതെ അവൾക്ക് പുറത്തിറങ്ങേണ്ടി വന്നു. അയാളുടെ

സ്നേഹിത പക്ഷേ വേണ്ടത്ര സമയമെടുത്ത് അണിഞ്ഞൊരുങ്ങി തികഞ്ഞ സുന്ദരിയായും വരുന്നു. സുന്ദരികളുടെ ഭൃത്യൻ  എന്നു ലളിത മനസിൽ വിളിക്കുന്ന ഭർത്താവിന് സ്നേഹിത എട്ടരയുടെ ബസു തെറ്റിച്ചതിൽ പരിഭവമില്ല. ലളിതയുടെ രോഗഗ്രസ്തമായ മനസ്സ് സ്വയം മെനയുന്ന കഥകളിൽ സ്നേഹവും അസൂയയും ക്രൗര്യവുമുണ്ട്. എല്ലാം അവളെത്തന്നെ മുറിപ്പെടുത്തുന്നവ. ഉന്മാദിയുടെ വികാരങ്ങളെല്ലാം തീവ്ര സംവേദനാത്മകങ്ങളായിരിക്കും. അത് മനസിന്റെ സമചിത്തതയെ കൂടുതൽ കൂടുതൽ ഉലച്ചു കൊണ്ടിരിക്കും. ഇളകി മറിയുന്ന മനസ്സ് ആത്മഭാഷണത്തിലൂടെയാണു പ്രതിരോധിക്കുന്നത്.

ലളിതയ്ക്ക് താൻ അത്യാധുനിക ശബ്ദ സ്വീകരണി ഉള്ളിൽ പേറുന്നവളായി തോന്നുന്നു. വിദൂരങ്ങളിൽ നിന്നുള്ള പിറുപിറുക്കലുകൾ പോലും തൽസമയം ശബ്ദലേഖനം ചെയ്യാൻ കഴിവുള്ളത്.  സ്വാഭാവികമായും എല്ലാം അവളെക്കുറിച്ചുള്ളത്,  അവൾക്കെതിരെയുള്ളത്. ടീച്ചർ ഇപ്പോഴും ലീവിലാണല്ലേ എന്ന സുഹൃത്തിന്റെ ചോദ്യം  അവളുടെ ശബ്ദ ഗ്രാഹിയിൽ 'വൈഫ് മെന്റലി ഇംബാലൻസ്ഡ് ആണല്ലേ' എന്നാണു പതിയുക. അതിനുള്ള മറുപടിയും അവളുടെ സ്വനഗ്രാഹിയന്ത്രം തയ്യാറാക്കി വെച്ചിട്ടുണ്ട്. അതയാൾക്കും കേൾക്കാനാവില്ല. ഭർത്താവും കവിതക്കാരിയായ സ്നേഹിതയും തമ്മിലുള്ള സംഭാഷണങ്ങൾ രഹസ്യമായി അവളുടെ ശബ്ദസ്വീകരണി പിടിച്ചെടുക്കുന്നു. അതെല്ലാം അവളെക്കുറിച്ചു മാത്രം. 'മെന്റെലാ, സംശയം. എനിക്ക് വേറെ സ്ത്രീകളുമായിട്ട്... ആ പേടിയാ. ... സദാ വേട്ടപ്പട്ടീടെ പോലെ എന്റെ പിന്നാലെ' കരടീടെ കെട്ടിപ്പിടുത്തം പോലെ കുടഞ്ഞുകളയാനും വയ്യ, പിടിവിടുകയുമില്ലാത്തതാണവളുടെ സ്നേഹമെന്നും കൂടി കേൾക്കുമ്പോൾ തന്റെ ശബ്ദസ്വീകരണി പ്രവർത്തനരഹിതമായിക്കിട്ടിയിരുന്നെങ്കിലെന്നു ലളിത ആത്മാർത്ഥമായി ആഗ്രഹിച്ചു പോവുന്നു. ദുശ്ശാഠ്യങ്ങളുടെയും സ്നേഹദുരിതങ്ങളുടെയും അസാധാരണ ചേരുവയായിട്ടു ദൈവം തന്നെ സൃഷ്ടിച്ചല്ലോ എന്നവൾ ഉള്ളിൽ കരയുന്നു. വിചിത്രമായ കണ്ടെത്തലുകളും വ്യാജമായ അനുഭവങ്ങളും സംഭവങ്ങളും ഉന്മാദത്തിന്റെ ഭാഷയാണ്. അമൂർത്തവും അസ്പഷ്ടവുമായതിനെല്ലാം അത് മൂർത്തരൂപം നൽകുന്നു.

യുക്തികൾക്കതീതമായാണു ഭ്രാന്ത് ലോകത്തെയും ജീവിതത്തെയും അനുഭവിക്കുക. രോഗത്തിന്റെ, രോഗാതുരതയുടെ ഭാഷയിലേക്ക് അത്  ജീവിതത്തെ മാറ്റിയെഴുതുന്നു. അധികമായ ഈ സംവേദനത്വവും വിഷാദതൽപരതയും വൈകാരികാസ്ഥിരതയുടെ മൂർച്ഛകളിലേക്ക് ലളിതയെ തള്ളിവിടുകയാണ്. ഭയവും പരിഭ്രമവും അതിരുവിട്ട ആത്മപരതയും കൊണ്ട് മനസ്സ് ഇളകി മറിഞ്ഞ് എല്ലാ നിയന്ത്രണങ്ങളിൽ നിന്നും കുതറിച്ചാടുന്ന അപകടകരമായ ആത്മവിനാശകമായ അവസ്ഥയിലെത്തുന്നു. ലളിത തെരഞ്ഞെടുക്കുന്ന ആത്മഹത്യ അവളെത്തന്നെ മുറിപ്പെടുത്താനും ഒപ്പം താനുമായി ബന്ധപ്പെട്ടവരെ പീഡിപ്പിക്കാനുമുള്ളതാണ്. 14 വർഷങ്ങൾ പഴക്കം ചെന്ന വിവാഹജീവിതത്തിന്റെ വൈരസ്യങ്ങൾ, അതിലെ സ്ഥാപിതമായ ആൺകോയ്മ തുടങ്ങി  ഇടത്തരം കുടുംബഘടനയിൽ സ്വാഭാവികമായി സ്ത്രീ അനുഭവിച്ചു തീർക്കുന്ന ദുരിതങ്ങളെ, അവസ്ഥകളെ ഭ്രാന്തിന്റെ സാധ്യതകളും സ്വാതന്ത്ര്യവുമുപയോഗിച്ച് ക്രിയാത്മകമായി മായ്ച്ചെഴുതാനും തിരുത്തിയെഴുതാനുമുള്ള ശ്രമങ്ങളാണ് 'കവിതയും ജീവിതവും ഒരുപന്യാസവിഷയത്തിനപ്പുറം' എന്ന കഥ.

**യുക്തികൾക്കതീതമായാണു ഭ്രാന്ത് ലോകത്തെയും ജീവിതത്തെയും അനുഭവിക്കുക. രോഗത്തിന്റെ, രോഗാതുരതയുടെ ഭാഷയിലേക്ക് അത്  ജീവിതത്തെ മാറ്റിയെഴുതുന്നു. അധികമായ ഈ സംവേദനത്വവും വിഷാദതൽ പരതയും വൈകാരികാസ്ഥിരതയുടെ മൂർച്ഛകളിലേക്ക് ലളിതയെ തള്ളിവിടുകയാണ്. ഭയവും പരിഭ്രമവും അതിരുവിട്ട ആത്മപരതയും കൊണ്ട് മനസ്സ് ഇളകി മറിഞ്ഞ് എല്ലാ നിയന്ത്രണങ്ങളിൽ നിന്നും കുതറിച്ചാടുന്ന അപകടകരമായ ആത്മവിനാശകമായ അവസ്ഥയിലെത്തുന്നു.**

കവിത




രജിത പി.ആർ.

# പ്രണയ തകർച്ചയിൽ എനിക്ക് സംഭവിച്ചത്

മുടി മുറിച്ച്
മുല അറുത്ത്
തുണിയുരിഞ്ഞ്
ഇറങ്ങിയോടി
നട്ടാൽ കുരുക്കാത്ത ഭ്രാന്തിന്റെ വിത്തു തേടി
നിന്റെ കയ്യിലിരുന്ന് പൊള്ളിയ കനൽ
നീ എറിഞ്ഞു തന്നത്
എന്റെ നെറുകയിലെ
ചുടു ചെമ്പരത്തി ചോപ്പിലേക്ക്
ചങ്ങല കണ്ണികളിൽ കാലുകൊരുത്ത്
ശൂന്യതയിലേക്ക് ഇഴഞ്ഞു നീങ്ങിയത്
നിന്നോടൊപ്പം ഇറങ്ങിയോടിയ
ജീവനുള്ള പകലിന്റെ
അടിവയറ്റിലെ തണുപ്പുതേടി.
ഈർപ്പം നനഞ്ഞിറങ്ങി കരഞ്ഞു വീർത്ത
തലയിണ കണ്ണിൽ
എന്റെ കരിമഷി ചുവന്നു.
ഇന്നു ഞാനറിയുകയാണ്
നിന്റെ ചൂടും ചൂരും വിയർത്തുണങ്ങിയ
പഴന്തുണിക്കെട്ടിലെ കിതപ്പ് മാത്രമായിരുന്നു
ഞാൻ

മഞ്ജു ആർ.

# സ്ത്രീയും ഉന്മാദവും....




പണ്ട്, വളരെ പണ്ട് കാലത്തു സ്ത്രീകളാണ് മറ്റുള്ളവർക്ക് വേണ്ടി ഇര തേടാൻ കാട്ടിൽ പോയിരുന്നത്. പിന്നീട് കൃഷിയും നാഗരികതയും ഒക്കെ വന്നതോടെ അത് മാറി. വളരെക്കാലം കൊണ്ട് നമ്മുടെ സമൂഹം ഇപ്പോഴത്തെ രീതിയിലായി.

സ്ത്രീകൾ, പുരുഷന്മാരേക്കാൾ ഒട്ടും മോശക്കാരാണെന്നു എനിക്ക് ഒരിക്കലും തോന്നിയിട്ടില്ല. കുറച്ചു കൂടി ശ്രേഷ്ഠരാണെങ്കിലേ ഉള്ളൂ.മാതൃത്വം തന്നെ ഏറ്റവും പ്രധാനപ്പെട്ട കാര്യം. പ്രകൃതി അവൾക്കു മാത്രമാണ് ഒരു കുഞ്ഞിനെ ഉദരത്തിൽ പേറാനും മുല കൊടുത്തു പോറ്റി വളർത്താനും ഉള്ള കഴിവ് കൊടുത്തിട്ടുള്ളത്. പിന്നെ രതിയിലുള്ള ആസ്വാദനം.അത് പുരുഷന്റെതിനേക്കാൾ പതിന്മടങ്ങാണ് സ്ത്രീക്ക്. പുരുഷന് ലിംഗത്തിൽ മാത്രമാണ് ലൈംഗികതയെങ്കിൽ സ്ത്രീ അത് ശരീരം മുഴുവൻ ആസ്വദിക്കുന്നു. പിന്നെ മൂന്നാമതായി സൗന്ദര്യം. ഏറ്റവും സുന്ദരമായ പ്രകൃതിയുടെ സൃഷ്ടിയാണ് സ്ത്രീ. ഇത്രയൊക്കെയുള്ളപ്പോൾ സ്ത്രീ എന്തിനാണ് പിന്നിൽ നിൽക്കുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. പക്ഷെ സമൂഹത്തിൽ ഇതൊന്നുമല്ല കാര്യം. അധികാരവും പണവും മുഷ്ക്കും കൊണ്ട് പുരുഷൻ സ്ത്രീക്ക് വിലങ്ങുവച്ചിരിക്കുന്നു. ഇത് അവന്റെ അധമ ബോധത്തിൽ (inferiortiy complex) നിന്നും ഉണ്ടായ പ്രവർത്തനമാണ്. ഇതിൽ നിന്ന് മോചനം നേടാൻ സ്ത്രീകൾ, ഒന്നാമതായി സ്ത്രീകൾക്കു

തോന്നണം. തോന്നുന്നവർക്ക് കുറെയൊക്കെ അതിൽനിന്നു പുറത്തുകടക്കാൻ സാധിക്കും. സാധിക്കാത്തവരുടെ സ്ഥിതി പരമ ദയനീയം തന്നെ. ഭൂരിപക്ഷം സ്ത്രീകളും കുടുംബവും ജോലിസ്ഥലവും ഒക്കെയായി തൃപ്തരാണ്. അങ്ങനെയല്ലാത്തവർ, അതിനുള്ള സാഹചര്യം ലഭിക്കാത്തവർ അസ്വസ്ഥരുമാണ്. അങ്ങനെയാണ് സ്ത്രീകളിൽ ഉന്മാദികൾ ഉണ്ടാകുന്നത്. ഉന്മാദം സാഹചര്യം കൊണ്ട് മാത്രം ഉണ്ടാകുന്ന ഒന്നല്ല. ജെനെറ്റിക്കൽ കൂടിയാണത്. എങ്കിലും ഉള്ള ഉന്മാദത്തെ വർധിപ്പിക്കാൻ സാഹചര്യങ്ങൾക്ക് കഴിയും. ഉന്മാദം പലപ്പോഴും ഒരു പരിധിവരെ സുന്ദരമായ ഒരവസ്ഥയാണ്. അത്ര തന്നെ നെഗറ്റിവിറ്റിയും അതിന്റെ കൂടെയുണ്ടാകും. ഇത് ബാലൻസ് ചെയ്തു പോകുന്നിടത്താണ് ഒരു ഉന്മാദിയുടെ വിജയം. ഉന്മാദാവസ്ഥ സുന്ദരമാണെന്നു പറയാൻ കാരണമുണ്ട്. അവർ കാണുന്ന ലോകം സാധാരണക്കാരന്റേതല്ല. ഫാന്റസിയുടെയും ഇമോഷൻസിന്റെയും ഒരു ലോകമാണ്. ഒരുന്മാദിക്കു കുട്ടിയെപ്പോലെ വിസ്മയഭരിതയാകാൻ കഴിയും. ഒരു സാധാരണക്കാരി ദൈനംദിന വ്യവഹാരങ്ങളിൽ കുടുങ്ങി ജീവിക്കുമ്പോൾ ഉന്മാദിനി വിസ്മയലോകത്തു സൈ്വര്യവിഹാരം നടത്തുന്നു. എന്തിലും ഏതിലും അവൾ ആനന്ദിക്കും, അല്ലെങ്കിൽ ദുഃഖിക്കും, അല്ലെങ്കിൽ അസ്വസ്ഥപ്പെടും. അത് സമരസപ്പെടുത്തിക്കൊണ്ടു പോകലാണ് കാര്യം.

അല്ലാതെ പുരുഷവേഷം കെട്ടിനടക്കുന്ന സ്ത്രീകളോടെനിക്ക് സഹതാപമാണ്. എന്തിനാണ് പുരുഷനെപ്പോലെയാകുന്നത്? സ്ത്രീ, സ്ത്രീയായിരുന്നാൽ പോരേ..? അതിന്റെ നിറവിൽ, ആനന്ദത്തിൽ, ദുഃഖത്തിൽ, പീഡകളിൽ അവൾക്കു ജീവിക്കാം.

ഏതൊരു ജീവിവർഗത്തിനും അതിന്റേതായ പീഡാനുഭവങ്ങൾ ഉണ്ടാകും. അത് പ്രത്യേകിച്ചും മനുഷ്യനെ കൂടുതൽ അന്വേഷണങ്ങളിലേക്കു കൊണ്ടുപോകുന്നു.മെച്ചപ്പെട്ട ജീവിതത്തിനു വേണ്ടിയുള്ള അന്വേഷണം. അന്വേഷണത്തിൽ കൂടി മാത്രമേ മനുഷ്യന് പുരോഗതിയുണ്ടാകൂ. അതുകൊണ്ടു സഹനങ്ങൾ, പീഢകൾ ഒക്കെ ഒരു



**ഉന്മാദം സാഹചര്യം കൊണ്ട് മാത്രം ഉണ്ടാകുന്ന ഒന്നല്ല. ജെനെറ്റിക്കൽ കൂടിയാണത്. എങ്കിലും ഉള്ള ഉന്മാദത്തെ വർധിപ്പിക്കാൻ സാഹചര്യങ്ങൾക്ക് കഴിയും. ഉന്മാദം പലപ്പോഴും ഒരു പരിധിവരെ സുന്ദരമായ ഒരവസ്ഥയാണ്. അത്ര തന്നെ നെഗറ്റിവിറ്റിയും അതിന്റെ കൂടെയുണ്ടാകും. ഇത് ബാലൻസ് ചെയ്തു പോകുന്നിടത്താണ് ഒരു ഉന്മാദിയുടെ വിജയം. ഉന്മാദാവസ്ഥ സുന്ദരമാണെന്നു പറയാൻ കാരണമുണ്ട്. അവർ കാണുന്ന ലോകം സാധാരണക്കാരന്റേതല്ല.**

ജീവിതത്തിനു അത്യന്താപേക്ഷിതമാണ്. സഹനമില്ലാതെ ആരും ജീവിക്കുന്നില്ല.

അതുപോലെത്തന്നെ അവരവരുടെ അന്തരംഗത്തിന്റെ പ്രതിഫലനങ്ങളാണ് ഒരുവന് അല്ലെങ്കിൽ ഒരുവൾക്കു സമൂഹത്തിൽനിന്ന് തിരികെ ലഭിക്കുന്നത്. അത് അനുഭവത്തിൽ നിന്നെനിക്കു പറയാൻ കഴിയും. അതുകൊണ്ടു സ്വന്തം വൈബ്രേഷൻസ് ശ്രദ്ധിച്ചു ജീവിക്കുകയാണ് ഒരു വ്യക്തി ചെയ്യേണ്ടത്. നിയമങ്ങളും മറ്റും ഒരു പരിധിവരെ സ്ത്രീയെ സുരക്ഷിതയാക്കുമെങ്കിലും മാറ്റങ്ങൾ വ്യക്ത്യാധിഷ്ഠിതം തന്നെയാണെന്നാണെന്റെ അഭിപ്രായം. വ്യക്തി മാറുമ്പോൾ സമൂഹത്തിനു അതുൾക്കൊള്ളാൻ കഴിയാതെ വരികയാണെങ്കിൽ വ്യക്തി ഒറ്റപ്പെട്ടു പോകും. ഉന്മാദിയാകും. അങ്ങനെ നഷ്ടപ്പെട്ടു പോകുന്ന ജീവിതങ്ങളുമുണ്ട്. ചിലരൊക്കെ കര കയറും. ജീവിതം ഇങ്ങനെയൊക്കെ ത്തന്നെയാണ്. നിശ്ചിതമായ പരിഹാരങ്ങളോ മാർഗ്ഗങ്ങളോ അതിനു നിർദ്ദേശിക്കാനാവില്ല തന്നെ!



ഇപ്പോഴത്തെ തലമുറയിലെ പെൺകുട്ടികൾ പൊതുവെ കൂടുതൽ സ്വതന്ത്ര ബുദ്ധിയുള്ളവരും സ്വയംപര്യാപ്തരും ചിന്താശീലരുമാണ്. പലപ്പോഴും പുരുഷന്റെ തണലിലല്ലാതെ ജീവിക്കാൻ അവർ ആഗ്രഹിക്കുന്നു. അതൊരു നല്ല മാറ്റമാണ്.

നമ്മുടെ നാട്ടിൽ പ്രണയവും സെക്സും കൂടിക്കലർന്നു നിൽക്കുന്നു. പ്രണയമില്ലാതെ സ്ത്രീകൾ പലർക്കും സെക്സ് പറ്റില്ല. അല്ലെങ്കിൽ അത് യാന്ത്രികമായിപ്പോകും. എന്നാൽ പാശ്ചാത്യ രാജ്യങ്ങളിൽ സ്ത്രീകൾ പലരും പ്രണയത്തെ വേറൊരു രീതിയിലാണ് കാണുന്നത്. അവർക്കു പങ്കാളികൾ പങ്കുവെയ്ക്കപ്പെടുന്നതോ അവർ സ്വയം പങ്കുവെയ്ക്കപ്പെടുന്നതോ ഒരു പ്രശ്നം അല്ല. പ്രണയം അനശ്വരമാണ്. അതിൽ നിന്നും സ്വതന്ത്രമായി നിൽക്കുന്നു അവരുടെ രതി സങ്കൽപ്പങ്ങൾ. രതി പലപ്പോഴും ശരീരത്തിന്റെയൊരാവശ്യമായി വരുന്നു. ഒരു തരത്തിൽ നോക്കിയാൽ അതൊരു വ്യത്യസ്തമായ കാഴ്ചപ്പാടാണ്. possessiveness(പിടിച്ചുവെയ്ക്കലുകൾ)ഇല്ലാത്ത ബന്ധങ്ങൾ. ഏതാണ് കൂടുതൽ ശരി ഏതാണ് തെറ്റ് എന്ന് പറയുക വയ്യ. ജീവിതം ഓരോരുത്തർക്കും ഓരോന്നാണ്. അവരവരുടെ ജീവിതം സൃഷ്ടിപരമായി ജീവിക്കുന്നു എന്ന ഒരു പദ്ധതിയിലൂടെ മാത്രമേ ജീവിതം, ജീവിതമാകുന്നുള്ളൂ.

അതുകൊണ്ടു ഞാൻ പറയുന്നത് ഇതാണ്. ഒരു ഉന്മാദിയായിരിക്കുക. അതെ സമയം സമൂഹത്തിന്റെ യാഥാസ്ഥിതികത്വത്തിൽ നിന്ന് മോചിതയാകാൻ കഴിയുക. ചിലപ്പോഴൊക്കെ അതിനു കൂട്ടായ പ്രവർത്തനവും ആവശ്യമായി വരുമായിരിക്കും. അറിയില്ല, എന്റെ അനുഭവം നേരെ തിരിച്ചാണ്...

എല്ലാ ഉന്മാദികൾക്കും എന്റെ ഭാവുകങ്ങൾ...!

# കുത്തിക്കുറിക്കലുകൾ



രേഖ രാജ്



**Rekha Raj**
Aug 1, 2015 at 5:47pm •

ഞാണിന്മേൽകളിയിലേതു പോലൊരു ജാഗ്രത ആവശ്യമാണ് മനസമാധാനത്തെ നിലനിർത്താൻ! കണ്ണടയ്ക്കുകയോ സൂക്ഷ്മമായി ഒന്നിൽ ദൃഷ്ടി പതിപ്പിക്കുകയോ വേണം..ഭൂതമോ ഭാവിയോ നമ്മളെ തീണ്ടാൻ പാടില്ല...ഞാനെന്ന ചിന്തയേ പാടില്ല...യാന്ത്രികവും ജാഗരൂകവുമായ ചുവടുകൾ മാത്രം വേണം.ഒരു കൊച്ചു കാറ്റിനോ വേറിട്ട ഒരു ശബ്ദത്തിനോ, സുഖകരമോ അസുഖകരമോ ആയ ഒരു ഓർമ്മയ്ക്കോ നിങ്ങളുടെ നില തെറ്റിക്കാൻ സാധിക്കും.ആർക്കും എന്തിനും ഏതു നിമിഷവും ഇടപെട്ടു തകർക്കാൻ കഴിയുന്ന ഒരു ഉടൽനില!!. താഴെ വീണു അവസാനിക്കൽ താരതമ്യേന ഭേദപ്പെട്ട അനുഭവമാണ്. പക്ഷെ വീഴ്ചയ്ക്കും നിലംപതിക്കലിനും ഇടയിലെ ആ വലിയ ആയമില്ലേ..ശ്വാസം നിലയ്ക്കുന്ന, നെഞ്ചിൽ ഒരു കീറൽ വീഴുന്ന ആ ആയം? അതാണ് താങ്ങാൻ വയ്യാത്തത്...



**Rekha Raj**
Jun 3, 2016 at 1:51pm •

ഒരു വലിയ മൈതാനത്തിന്റെ ഒത്ത നടുക്ക് ഒറ്റയ്ക്ക് നിന്നിട്ടുണ്ടോ? ഒരു ഭയം നമ്മളെ വന്നു മൂടും ,സമാന മായ ഒന്നിലൂടെ ഈ ദിവസങ്ങളിൽ ഞാൻ കടന്നു പോകുന്നു ..ഉള്ളം കാൽ മുതൽ തലനാരുകൾ വരെ അങ്ങോട്ടും ഇങ്ങോട്ടും ചീറിപ്പായുന്ന ഉൾക്കിടിലത്തിന്റെ എക്സ്പ്രസ്സ് വണ്ടികൾ . നെഞ്ചിനടുത്തു എത്തുമ്പോഴേയ്ക്കും അവ മുഴക്കുന്ന കൂറ്റൻ ഹോണൊച്ചകൾ ..കടന്നു പോകുന്ന ഓരോ സ്ഥലത്തും അവശേഷിപ്പിക്കുന്ന തുടര് പ്രകമ്പനങ്ങൾ .പുറത്തേയ്ക്കും അകത്തേയ്ക്കും തൊടുക്കുന്ന അരക്ഷിതത്വത്തിന്റെ അടയാ വാതിലുകൾ ..സമാധാനത്തിന്റെ അധോലോകം എവിടെയാണോ ! അവിടെയ്ക്ക് കള്ളക്കടത്ത് കാരിയായി നിയമിതയാകാൻ എന്താണ് വഴി !!!



**Rekha Raj**
Sep 10, 2015 at 11:50am •

അത്മഹത്യാമോഹത്തെ ഇല്ലാതാക്കുന്നത് ജീവൻ അതിന്റെതന്നെ ജന്മവാസനയായ ആസക്തികൊണ്ടാണ്. പൂർണ്ണമാകാത്ത ആ സ്വയംനാശത്തിനുള്ള അഭിവാഞ്ജ യാണ് വിഷാദക്കുഞ്ഞുങ്ങളെ പെറ്റിടുന്നത്!!



താര

# ചെറിയ ചില 'പ്രാന്തുകൾ'



"നിനക്ക് പ്രാന്താണ്" എന്ന വാചകം ഞാൻ ഏറ്റവും കൂടുതൽ കേട്ടിട്ടുണ്ടാവുക എന്റെ അമ്മയുടെ അടുത്ത് നിന്നാവും. ഒന്ന് നിർത്തി, ആലോചിച്ചിട്ട് അമ്മ പറയും, "ആ .. എന്റെ പ്രാന്തന്ന്യാവും നെനക്കും കിട്ടീട്ട്ണ്ടാവാ". അമ്മക്ക് പ്രാന്താണെന്ന് പലരും അമ്മയോട് പറഞ്ഞിട്ടുണ്ടാവാം. എന്താണ് പലരിലും ആരോപിക്കപ്പെടുന്ന ഈ പ്രാന്ത്? ഇഷ്ടമുള്ളതിന്റെ പിന്നാലെ ഒന്നും നോക്കാതെയുള്ള പോക്ക്, ഇഷ്ടമില്ലാത്തതിനെ ഉപേക്ഷിക്കൽ, സ്വന്തം ജീവിതത്തെക്കുറിച്ച് മറ്റുള്ളവരോട് ആലോചിക്കാതെ തീരുമാനമെടുക്കൽ. ഒരു സ്ത്രീയാണെങ്കിൽ പ്രാന്തിയാണെന്ന് പറയാൻ ഇതൊക്കെ തന്നെ ധാരാളം.

സ്ത്രീയുടെ ഭ്രാന്തുകൾ എന്ന വിഷയം കേട്ടപ്പോൾ എനിക്ക് ആദ്യം ഓർമ്മ വന്നത് അമ്മയെ

ആണ്. ഞാൻ കണ്ടും കേട്ടും അറിഞ്ഞിട്ടുള്ള അമ്മയുടെ ഭ്രാന്തുകൾ. സ്കൂളിൽ പഠിക്കുന്ന കാലംതൊട്ട് അമ്മയുടെ പ്രിയപ്പെട്ട എഴുത്തുകാരനാണ് വൈക്കം മുഹമ്മദ് ബഷീർ. ചെറുപ്പം മുതൽ ഒറ്റയ്ക്കാണെന്ന തോന്നൽ ഉള്ളതു കൊണ്ടാവാം അമ്മ പുസ്തകങ്ങളെയും സാങ്കൽപ്പിക കഥാപാത്രങ്ങളെയും ഒക്കെ കൂട്ടുകാരാക്കിവെച്ചിരുന്നത്. യഥാർത്ഥ മനുഷ്യരേക്കാൾ അവർ ഭേദമാണെന്ന് കരുതിയിട്ടുമാവാം. അങ്ങനെ അമ്മയുടെ സ്വപ്നലോകത്തിലിരുന്ന് വായനയും ചിന്തയും ഒക്കെയായി കഴിയുമ്പോൾ അമ്മയ്ക്ക് പെട്ടെന്നൊരു സംശയം. എഴുത്തുകാർക്കൊക്കെ ഭ്രാന്താണെന്ന് പലരും പറയുന്നുണ്ടല്ലോ. അതിൽ വല്ല സത്യവുമുണ്ടോ? ആരോട് ചോദിക്കും? അമ്മയ്ക്ക് പ്രാന്താണെന്ന് പറയുന്ന ആൾക്കാരാണ് ചുറ്റിലും. അപ്പൊ അവരോട് ചോദിച്ചിട്ട് കാര്യമില്ല. എന്നാൽ പിന്നെ സാക്ഷാൽ ബഷീറിനോട് തന്നെ ചോദിച്ചുകളയാം. അങ്ങനെ അമ്മ ഈ സംശയവും പിന്നെ കുറെ കഥപറച്ചിലുകളുമായി ബഷീറിന് കത്തെഴുതി. 'മുത്തച്ഛാ'എന്ന് അഭിസംബോധന ചെയ്തുകൊണ്ടായിരുന്നു ആ എഴുത്ത്. തന്നെ അങ്ങനെ അഭിസംബോധന ചെയ്യുന്ന ആദ്യത്തെ മഹിളാരത്നമാകുന്നു വാസന്തി എന്നു തുടങ്ങുന്ന അദ്ദേഹത്തിന്റെ മറുപടിയും കിട്ടി. പിന്നെയും അമ്മ കത്തുകളെഴുതി; അദ്ദേഹം രസകരമായ മറുപടികളയച്ചു. അത് സ്ഥിരമായപ്പോൾ മുത്തച്ഛൻ "ബഷീറെന്താ നെന്റെ കളിക്കുട്ടിയാണോ?"എന്ന് ചോദിച്ച് ആ എഴുത്ത് നിർത്തിച്ചു.

പിന്നീട് അമ്മ വാശിപിടിച്ച് ബഷീറിനെക്കാണാൻ അദ്ദേഹത്തിന്റെ വീട്ടിൽ പോയി. അമ്മയുടെ 'പ്രാന്ത്' മനസ്സിലാക്കിയത് കൊണ്ടാവാം മുത്തച്ഛൻ അമ്മയെ കൊണ്ടുപോയത്. "അദ്ദേഹത്തിനോട് അധികമൊന്നും സംസാരിക്കുകയോ നിന്റെ പൊട്ട ചോദ്യങ്ങൾ ചോദിക്കുകയോ ചെയ്യരുത്, ബഹുമാനത്തോടു കൂടിയേ നിൽക്കാവൂ"എന്ന താക്കീതോടു കൂടിയായിരുന്നു അത്. ആ യാത്രയും മരത്തിനു താഴെ ചാരുകസേരയിൽ ഉള്ള ബഷീറിന്റെ ഇരുപ്പും, അദ്ദേഹം തന്ന തണുത്താറിയ ചായകുടിച്ചതും, കഥകളിലെ ഭാഷയിൽ തന്നെ ഉള്ള അദ്ദേഹത്തിന്റെ സംസാരവും ഒക്കെ 'അമ്മ ഇപ്പോഴും അന്നത്തെ ഇരുപതുവയസുകാരിയുടെ കൗതുകത്തോടെ പറയും. പിന്നീട് വിവാഹം ക്ഷണിക്കാൻ പോയപ്പോൾ ആഭരണം ഇന്ന ജൂവലറീന്നു എടുത്താൽ നന്നായിരിക്കും എന്നൊക്കെ പറഞ്ഞുവത്രേ അദ്ദേഹം! 'അമ്മ കരഞ്ഞ് കണ്ടിട്ടില്ല ഞാനധികം. അത് കൊണ്ട് തന്നെ അമ്മയുടെ കരച്ചിലുകൾ ഓർമ്മയിൽ തെളിഞ്ഞ് നിൽക്കുന്നുമുണ്ട്. എനിക്ക് അഞ്ചോ ആറോ വയസ്സുള്ളപ്പോൾ രാവിലെ ഗേറ്റിൽ നിന്ന് പത്രമെടുക്കാനുള്ള ഓട്ടമത്സരത്തിൽ ചേച്ചിയെ കടത്തിവെട്ടി തിരികെ വരുമ്പോളാണ് ആദ്യത്തെ പേജിൽ ബഷീർ അന്തരിച്ചു എന്ന് വലിയ അക്ഷരത്തിൽ എഴുതിയതും ഫോട്ടോയും കണ്ടത്. അന്ന് കഷ്ടിച്ചു അക്ഷരം കൂട്ടി വായിച്ചു തുടങ്ങിയ പ്രായമാണ്. എന്നാലും ബഷീർ അമ്മയ്ക്ക് പ്രധാനപ്പെട്ട ആരോ ആണെന്ന് എനിക്കന്നേ മനസ്സിലായിരുന്നു. അത് കൊണ്ട് വാർത്ത കണ്ടപാടെ "അമ്മേ ബഷീർ മരിച്ചു" (ആ വാർത്ത അമ്മയെ ആദ്യം അറിയിക്കുന്ന ആൾ ഞാനായിരിക്കണം എന്ന് എന്റെ കുഞ്ഞുമനസ്സിൽ തോന്നിയിട്ടുണ്ടാവാം) എന്നുറക്കെ വിളിച്ചുപറഞ്ഞു കൊണ്ട് ഞാൻ പത്രം കൊണ്ട് കൊടുത്തതും അമ്മ ഉറക്കെ കരഞ്ഞതും എനിക്കോർമ്മയുണ്ട്. എന്റെ അച്ഛൻ മരിച്ചപ്പോൾ പോലും അമ്മ അങ്ങനെ പരിസരം മറന്ന് ശബ്ദമുണ്ടാക്കി കരഞ്ഞിട്ടില്ല. അതിനെയും ഭ്രാന്താണെന്ന് പറയുകയുണ്ടായി ചിലർ. സാധാരണ ഭർത്താവ് മരിച്ച സ്ത്രീകൾ അലമുറയിട്ട് കരയുമെന്നും അമ്മ അങ്ങനെ കരയാത്തതിനാൽ അമ്മയ്ക്കെന്തോ കുഴപ്പമുണ്ടെന്നും അടുത്ത ബന്ധുക്കളിൽ പലരും പറഞ്ഞിരുന്നു. പിന്നീട് അമ്മയോടതിനെക്കുറിച്ച് ചോദിച്ചപ്പോൾ അമ്മ പറഞ്ഞത് "എനിക്ക് കരച്ചിൽ വന്നില്യ" എന്നാണ്. അമ്മ പറഞ്ഞത് പൂർണമായും മനസ്സിലാക്കിയത് പലർക്കും പലരെയും നഷ്ടപ്പെടുന്നത് അടുത്ത് നിന്ന് കണ്ടപ്പോഴും എനിക്ക് ചിലരെയൊക്കെ നഷ്ടപ്പെട്ടപ്പോഴുമാണ്.

**എന്റെ അച്ഛൻ മരിച്ചപ്പോൾ പോലും "അമ്മ അങ്ങനെ പരിസരം മറന്ന് ശബ്ദമുണ്ടാക്കി കരഞ്ഞിട്ടില്ല. അതിനെയും ഭ്രാന്താണെന്ന് പറയുകയുണ്ടായി ചിലർ. സാധാരണ ഭർത്താവ് മരിച്ച സ്ത്രീകൾ അലമുറയിട്ട് കരയുമെന്നും 'അമ്മ അങ്ങനെ കരയാത്തതിനാൽ അമ്മയ്ക്കെന്തോ കുഴപ്പമുണ്ടെന്നും അടുത്ത ബന്ധുക്കളിൽ പലരും പറഞ്ഞിരുന്നു. പിന്നീട് അമ്മയോടതിനെക്കുറിച്ച് ചോദിച്ചപ്പോൾ അമ്മ പറഞ്ഞത്" എനിക്ക് കരച്ചിൽ വന്നില്യ" എന്നാണ്. "അമ്മ പറഞ്ഞത് പൂർണമായും മനസ്സിലാക്കിയത് പലർക്കും പലരെയും നഷ്ടപ്പെടുന്നത് അടുത്ത് നിന്ന് കണ്ടപ്പോഴും എനിക്ക് ചിലരെയൊക്കെ നഷ്ടപ്പെട്ടപ്പോഴുമാണ്.**

ഞാൻ രണ്ടാംക്ളാസിൽ പഠിക്കുമ്പോഴാണ് അമ്മയ്ക്ക് ജോലികിട്ടുന്നത്. ജോലിയില്ലാത്ത കാലം അമ്മയെ വളരെയധികം അസ്വസ്ഥയാക്കിയിരുന്നു. ഒന്നും ചെയ്യാനില്ലാത്ത അവസ്ഥയെ ആണ് അമ്മയ്ക്ക് ഏറ്റവും ഭയം എന്ന് തോന്നിയിട്ടുണ്ട്. എന്തെങ്കിലും ഏർപ്പാടില്ലാതെ അമ്മയെ ഞാൻകണ്ടിട്ടുമില്ല. ജോലിയില്ലാതിരുന്നപ്പോൾ ഊർജം മുഴുവൻ 'അമ്മ ഞങ്ങൾക്ക് കുഞ്ഞുടുപ്പുകൾ തുന്നാനും കരകൗശലവസ്തുക്കൾ നിർമിക്കാനും ഉപയോഗിച്ചു. പശു, ആട്, കോഴി, തേനീച്ചവളർത്തൽ മുതൽ പച്ചക്കറി കൃഷി വരെനീണ്ടിട്ടുണ്ട് അമ്മയുടെ പ്രാന്തുകൾ. ആ പ്രാന്തുകളൊക്കെയും ജീവിക്കാനുള്ള ആഗ്രഹത്തിൽ നിന്നുണ്ടായിട്ടുള്ളതാണ്. ഇപ്പോൾ റിട്ടയർമെന്റ് അടുക്കുമ്പോൾ" ഇത് കഴിഞ്ഞാ അമ്മെന്താ ചെയ്യാ" എന്ന ചോദ്യത്തിനെ ഒട്ടുംഭയം കൂടാതെ അമ്മനേരിടും. ഇവിടെ ഇപ്പൊ ഇക്കോടൂറിസം ഒക്കെ വരാമ്പോവല്ലേ, ഹോംലിഫുഡ് എന്ന പേരിൽ ചെറിയവല്ല ഏർപ്പാടൊക്കെ തുടങ്ങാം എന്ന് പറഞ്ഞ് ചിരിക്കും. അമ്മയുടെ എനിക്കിനിയും വെളിപ്പെട്ടിട്ടില്ലാത്ത പ്രാന്തുകൾ എന്തൊക്കെയാണെന്ന് ആലോചിച്ച് ഞാൻ അദ്ഭുതപ്പെടാറുണ്ട്. ഓരോ കാലത്തും അമ്മയ്ക്ക് ഓരോ പ്രാന്താണ്.

അറുപതുകളിലും എഴുപതുകളിലുമൊക്കെ ജനിച്ച സ്ത്രീകൾക്ക് ഇന്നത്തെ പെൺകുട്ടികളെപ്പോലെ സൗഹൃദങ്ങളും സ്ത്രീസുഹൃത്തുക്കളുടെ കൂടെയുള്ള യാത്രകളും ഒക്കെ ഏറെക്കുറെ അന്യമാണല്ലോ. ഞാൻ സുഹൃത്തുക്കളുടെ കൂടെ യാത്ര പോവുമ്പോഴും അവരുടെ വീടുകളിൽ താമസിക്കാൻ പോവുമ്പോഴും ഒക്കെ അമ്മ സങ്കടത്തോടെയും ഇത്തിരി അസൂയയോടെയും പറയാറുണ്ട് അമ്മയൊന്നും സുഹൃത്തുക്കളുടെ കൂടെ താമസിച്ചിട്ടേയില്ലെന്ന്. കല്യാണം കഴിയുന്നത് വരെ സ്വന്തം കുടുംബം, അതിനുശേഷം ഭർത്താവിന്റെ കുടുംബം എന്നതിനപ്പുറം തന്റേതായൊരു ഇടം, സുഹൃത്തുക്കൾഒക്കെ ഇപ്പോൾ നാല്പതുകളിലും അൻപതുകളിലുമുള്ള സ്ത്രീകൾക്ക് 'ലക്ഷ്വറി'യാണ്. അന്ന് വെള്ളമൊഴിക്കാതെ വാടിപ്പോയ സൗഹൃദങ്ങളൊക്കെ അമ്മ ഈ പ്രായത്തിൽ തിരിച്ചുപിടിക്കുന്നത് കാണുമ്പോൾ സന്തോഷം തോന്നാറുണ്ട്. രാവിലെ പോയി വൈകുന്നേരം തിരിച്ചെത്തുന്ന ചെറിയയാത്രകൾക്ക് നീളംവയ്ക്കുന്നത് കാണാൻ ആഗ്രഹിക്കാറുണ്ട്.

**അറുപതുകളിലും എഴുപതുകളിലുമൊക്കെ ജനിച്ച സ്ത്രീകൾക്ക് ഇന്നത്തെ പെൺകുട്ടികളെപ്പോലെ സൗഹൃദങ്ങളും സ്ത്രീസുഹൃത്തുക്കളുടെ കൂടെയുള്ള യാത്രകളും ഒക്കെ ഏറെക്കുറെ അന്യമാണല്ലോ. ഞാൻ സുഹൃത്തുക്കളുടെ കൂടെ യാത്ര പോവുമ്പോഴും അവരുടെ വീടുകളിൽ താമസിക്കാൻ പോവുമ്പോഴും ഒക്കെ' അമ്മ സങ്കടത്തോടെയും ഇത്തിരി അസൂയയോടെയും പറയാറുണ്ട് അമ്മയൊന്നും സുഹൃത്തുക്കളുടെ കൂടെ താമസിച്ചിട്ടേയില്ലെന്ന്.**

**ഒന്നും ചെയ്യാനില്ലാത്ത അവസ്ഥയെ ആണ് അമ്മയ്ക്ക് ഏറ്റവും ഭയം എന്ന് തോന്നിയിട്ടുണ്ട്. എന്തെങ്കിലും ഏർപ്പാടില്ലാതെ അമ്മയെ ഞാൻ കണ്ടിട്ടുമില്ല. ജോലിയില്ലാതിരുന്നപ്പോൾ ഊർജം മുഴുവൻ 'അമ്മ ഞങ്ങൾക്ക് കുഞ്ഞുടുപ്പുകൾ തുന്നാനും കരകൗശലവസ്തുക്കൾ നിർമിക്കാനും ഉപയോഗിച്ചു. പശു, ആട്, കോഴി, തേനീച്ചവളർത്തൽ മുതൽ പച്ചക്കറികൃഷി വരെ നീണ്ടിട്ടുണ്ട് അമ്മയുടെ പ്രാന്തുകൾ.**

ചെറുപ്പത്തിൽ സാധിക്കാതെ പോയസംഗീതപഠനംഎന്നസ്വപ്നം അമ്മ സാക്ഷാത്കരിക്കുന്നത് അമ്പത്തഞ്ചാമത്തെ വയസിലാണ്. ചെറിയകുട്ടികളുടെ കൂടെയിരുന്ന് അമ്മ 'സരിഗമ പാടുമ്പോൾ' "ആ സ്ത്രീക്ക് പ്രാന്താണെന്ന്" കരുതുന്നവർ ഇപ്പോഴും കുറവല്ല. എല്ലാത്തിനെയും ഒരിത്തിരി ഭ്രാന്തോട് കൂടി സമീപിക്കുക, ഭ്രാന്തമായി ഒന്നിന്റെ പിന്നാലെ പോവുക, ഇങ്ങനെയല്ലാതെ ഞാൻ അമ്മയെ കണ്ടിട്ടില്ല. അങ്ങനെ ചെറിയചെറിയ ഭ്രാന്തുകളോടെ അല്ലാതെ അമ്മയെ സങ്കല്പിക്കാനും എനിക്കാവില്ല. അതിനെ ഭ്രാന്തെന്ന് വളിക്കണോ, പ്രാന്തെന്ന് വിളിക്കണോ, പാഷൻ എന്ന് വിളിക്കണോ എന്നെനിക്കറിയില്ല.

**ഇംഗ്ലീഷ് ഗവേഷണ വിദ്യാർത്ഥി,**
**കാലടി ശ്രീ ശങ്കരാചാര്യ സർവ്വകലാശാല**



**ജയസൂര്യ രാജൻ**

എന്നിൽ നിന്ന് മാറ്റി നിർത്താൻ പറ്റുന്ന ഒന്നല്ല എന്റെ ഭ്രാന്ത് .. ഞങ്ങൾ ശരീരവും ആത്മാവുമാണെന്നു തോന്നിയിട്ടുണ്ട്. ഒരു സ്ത്രീ ആണെന്നുള്ള തോന്നൽ അത് അതിജീവിക്കാൻ പലപ്പോഴും ശ്രമിച്ചു പരാജയപ്പെട്ട ഘട്ടങ്ങളിൽ ആണ് ഈ ഉലച്ചിൽ. പെണ്ണത്തം വിളിച്ചോതുന്ന മഹത്വങ്ങൾ ഒന്നും അത്ര വലിയ സംഭവങ്ങൾ ആയി എനിക്ക് തോന്നിയിട്ടില്ല. എല്ലുന്തി നിൽക്കുന്ന ശരീരവും ഒരു കുറ്റവാളിയാണ്. കല്യാണ ചന്തയിൽ കൊണ്ടു പോയി നിർത്തുമ്പോൾ മാർക്കറ്റില്ലാത്ത കറുത്ത ശരീരം ആര് വന്നു കൊണ്ട് പോകും എന്ന് പരിഭവം.

വൈകി വരുന്ന വൈകുന്നേരങ്ങളിൽ നമുക്കായി വീടിനു മുൻപിൽ കാത്തു നിൽക്കുന്ന സദാചാര വാദികളോട് തോന്നിത്തുടങ്ങിയ ദേഷ്യമാണ് ഈ ഭ്രാന്തിന്റെ തുടക്കം. പലരും അഹങ്കാരം എന്ന ഒറ്റ വാക്കിൽ ഈ ഭ്രാന്തിനെ ഒതുക്കി തീർത്തു. ഒരു ഡിഗ്രി കാലഘട്ടത്തിൽ കെട്ടിച്ചു വിട്ടിരുന്നെങ്കിൽ ഇത്ര അഹങ്കാരം ഉണ്ടാകില്ലെന്നാണ് ഒരു പൊതു അഭിപ്രായം. അപ്പോൾ വിദ്യാഭ്യാസം നടത്തുന്നതാണ് പ്രശ്നം. നിങ്ങൾ എത്ര പഠിച്ചാലും ഒരു വീട്ടിൽ ചെന്ന് കേറേണ്ടവൾ അല്ലെ, അവിടെ ഈ അഹങ്കാരം ഒത്തു പോകില്ല.



ഒരു തരം അസ്ഥിരത കുഞ്ഞുന്നാൾ മുതൽ അനുഭവിച്ചു പോന്നിരുന്നു, വേറെ വീട്ടിൽ ചെന്ന് കേറേണ്ടവൾ ആണ്, അപ്പോ ഇത് എന്റെ വീട് അല്ലെ എന്ന് പലപ്പോഴും തോന്നിയിട്ടുണ്ട്!

അമ്പലത്തിൽ പോകില്ല, നേരെ ചൊവ്വേ പ്രാർത്ഥിക്കില്ല, ആചാരങ്ങൾ പാലിക്കുന്നില്ല അങ്ങനെ പോകുന്നു ആ ലിസ്റ്റ്. കുട്ടിക്കാലത്തു കിട്ടുന്ന ഒരു ക്ലാസ്സുണ്ടായിരുന്നു അമ്മയുടെ വക. പിന്നെ പേടിയുടെ നാളുകൾ ആയിരുന്നു എല്ലാരേം പേടിയാണ്. മൊത്തത്തിൽ കുട്ടിക്കാലം തട്ടിയെടുത്ത ആ അവസ്ഥയോടു തോന്നിയ ദേഷ്യം. വീടിനുള്ളിൽ ഈ സോപ്പും പഞ്ചതന്ത്രവും വായിച്ചു തള്ളിനീക്കിയ കുട്ടിക്കാലം. കുളത്തിൽ പോയി നീന്തൽ പഠിക്കാനും മരം കേറാനും ഒക്കെ തോന്നിയിരുന്നു, എല്ലാറ്റിനും, ന്യായീകരണം ഇതാണ്, പ്രകൃതി തീരുമാനിച്ചതാണ്. അതിനെ എത്ര മറി കടക്കാൻ ശ്രമിച്ചാലും സാധിക്കില്ലെന്ന് സാരം.

രാത്രിയെ സ്നേഹിക്കുന്ന ഒരുപാട് പെൺകുട്ടികൾ ഉണ്ടാകും, നക്ഷത്രങ്ങൾ നിറഞ്ഞ ആകാശത്തിനു കീഴെ വേറെ ഒന്നിനെ കുറിച്ചും ചിന്തിക്കാതെ പോയി കിടക്കാനും നിലാവിനെ തൊട്ടറിയാനും ആഗ്രഹിക്കുന്നവർ...

ഇവയെല്ലാമാണ് പെൺഭ്രാന്തുകൾ.

പിന്നെ ഇവരൊക്കെ ന്യൂനപക്ഷം ആണെന്ന് പറയുന്ന കുറെ റെഡി to വെയിറ്റ് സംഘങ്ങളും.

ആ, ഇതും പെൺ ഭ്രാന്താണ് സുഹൃത്തേ ptariarchy കാച്ചിക്കുറുക്കി എടുത്ത ഒരു തരം ഭ്രാന്ത്.

എനിക്കൊന്നു പറക്കണം. കൂടു വിട്ടു പോയാൽ മാത്രമേ പറക്കാൻ കഴിയു എന്നറിയാം. കൂടു വിടുന്നതിന്റെ സിദ്ധാന്തം ഒന്ന് വേറെ തന്നെ, അതിപ്പോ നാറാണത്ത് ഭ്രാന്തൻ മന്ത് മറു കാലിലേക്ക് മാറ്റി ചോദിച്ച പോലെ ആകും. ഈ വീട്ടിൽ നിന്ന് വേറെ ഒരു വീട്ടിലേക്കു പറന്നാൽ മതിയെന്നാണ് പറച്ചിൽ. എനിക്ക് പറക്കേണ്ടത് ആകാശത്തേക്കാണ് നക്ഷത്രങ്ങളെ കണ്ട ആകാശത്തേക്കു. അവിടുന്ന് ഈ ഭൂമിയുടെ അഴകൊന്നു കാണണം. ഒരു തൂവൽ ഭാരത്തിൽ അങ്ങനെ അപ്പൂപ്പൻ താടിയെപ്പോലെ പറന്നു നീങ്ങണം. ലക്ഷ്യമേതുമില്ലാതെ.

കവിത

സരോജ ജയശങ്കർ



# സന്ധി

പ്രതികരിയ്ക്കരുത്
പ്രതിഷേധിയ്ക്കരുത്
സന്ധി ചെയ്യുക ...

വഴങ്ങുക
കീഴടങ്ങുക

സ്വന്തം വായിൽ വാല്
തിരുകിയാണെങ്കിലും
സന്ധി ചെയ്യുക ...

നിലനിൽപ്പ്
നല്ല പേര്

ആസനം, ആൽ
പഴഞ്ചൊല്ല്
ഉദ്ധരിയ്ക്കുക ...
സന്ധി ചെയ്യുക ...

വെള്ളക്കൊടി
ശാന്തി
സമാധാനം
സമാധാന സന്ധി...

ഉദ്ധരിയ്ക്കുക
നാടോടുമ്പോൾ
നടുവേ ...

ജീവിതം ...
അല്ല
ഒത്തുതീർപ്പ്...
സന്ധി

# തടവ്

അഴികൾക്കുള്ളിൽ
മുക്കിലിരുത്തപ്പെട്ട
ദൈവങ്ങളെ ...

നിന്റെ സൃഷ്ടിയെന്ന്
സ്വയം പരിചയപ്പെടുത്തുന്ന
നിന്റെ മക്കൾ തന്നെ
നിന്നെ കുടിയിരുത്തുന്നു
സനാഥതയുടെ
ഭാരത്താൽ
അനാഥമാക്കപ്പെട്ട
മൃഗജീവിതങ്ങൾ പോലെ
അല്ലെങ്കിൽ
കാഴ്ച്ചബംഗ്ലാവിലെ
സുന്ദരരൂപങ്ങൾ പോലെ
നിന്റെ മക്കൾക്ക്
അവർക്ക് വേണ്ടപ്പോൾ...
വേണ്ടപ്പോൾ മാത്രം
കാണാനായ്
സ്ഥിരപ്രതിഷ്ഠ
നേടിയവരാണ് നിങ്ങൾ
ദൈവങ്ങളെ
നിങ്ങളറിയുന്നോ
നിങ്ങൾ
തടവിലാണെന്ന്...
പരോൾ
പോലുമില്ലാത്ത
തടവിൽ.



**ഉണ്ണിമായ ഗോപൻ**
**സാമ്പത്തികശാസ്ത്ര വിദ്യാർത്ഥി,**
**ഹൈദ്രബാദ് സർവ്വകലാശാല**

സംഭോഗത്തിനിടെ ഇറങ്ങിയോടുന്ന മുഖം വ്യക്തമാവാത്ത ഒരന്ധയായ പെൺകുട്ടിയെ സ്ഥിരം സ്വപ്നം കാണുന്നൊരു പതിനാല് വയസ്സുണ്ടായിരുന്നു. അത് കൂട്ടുകാരോട് പറഞ്ഞപ്പോഴാണ് ആദ്യമായി പ്രാന്തിപ്പേര് വീണത്. സ്വപ്നം കാണുന്ന പെണ്ണ്! പ്രാന്തിയാണ്. അതും ലൈംഗികസ്വപ്നങ്ങളാണെങ്കിലോ? മുഴുപ്രാന്തി തന്നെ! ആ 'മുഴുപ്രാന്തിപ്പട്ടത്തിൽ' നിന്നുള്ള ഒളിച്ചോട്ടമാണ് പിന്നീടിന്നു വരെ. ചിലപ്പോൾ സ്വപ്നങ്ങളിൽ നിന്ന്!. ചിലപ്പോൾ അനുഭവങ്ങളിൽ നിന്ന്!. അങ്ങനെ അങ്ങനെ...

അതിനാൽ എന്റെ ഉന്മാദങ്ങൾക്ക് ആത്മവഞ്ചനയുടെ നിറമാണ്. ഇല്ലാ ഇല്ലാ എന്ന ആവർത്തനങ്ങളിൽ സ്വയം വിശ്വസിക്കുന്ന ഒരപകർഷത!



**പ്രസീത മഹേഷ്**
**കംപാരറ്റീവ് ലിറ്ററേച്ചർ വിഭാഗം**
**അദ്ധ്യാപിക, കാലടി സർവ്വകലാശാല**




ഇഷ്ടങ്ങൾ ഭ്രാന്താകുന്നത് നമ്മൾ പോലുമറിയാതെയാണ്. ചില കാലത്തെ ഇഷ്ടങ്ങൾ എപ്പോഴൊ പിന്നിലുപേക്ഷിക്കേണ്ടി വരുന്നു. ഉപേക്ഷിച്ചില്ലെങ്കിലും അങ്ങിനെ ഭാവിക്കുകയോ ഇഷ്ടങ്ങൾ ഒളിപ്പിക്കുകയോ വേണം. ഇല്ലെങ്കിൽ കേൾക്കേണ്ടി വരുന്ന പഴികൾ നമ്മുടെ സ്വഭാവശുദ്ധിയെ ചോദ്യം ചെയ്യുന്നതു വരെയെത്തും. മഴ നനഞ്ഞു നടക്കാനും കുയിലിനു മറുകൂക്ക് കൂവാനും ഉത്സവപ്പറമ്പിൽ രാത്രി നാടകം കാണാനുമൊക്കെയുള്ള കൊതി അങ്ങിനെ മനസ്സിലടക്കിയ ചില ഇഷ്ടങ്ങളത്രേ. രാത്രിയിൽ സ്ട്രീറ്റ് ലൈറ്റിന്റെ അരണ്ട മഞ്ഞവെളിച്ചത്തിൽ നടക്കണമെന്നും രാത്രി തട്ടുകടയിൽ നിന്ന് ഓംലറ്റ് കഴിക്കണമെന്നും പ്രണയിക്കുന്ന കാലത്തൊരു നാൾ ഭർത്താവിനോട് പറഞ്ഞപ്പോൾ ചോദിച്ചു വട്ടാണോയെന്ന്. 'നോർമൽ' ആയ ഒരു പെണ്ണ് ഉറക്കെ കരയുകയോ വഴക്കിടുകയോ ചിരിക്കുക കൂടിയോ ഇല്ലെന്ന് ആരാണ് പറഞ്ഞിരിക്കുന്നത്! ഏറ്റവുമടുത്ത സുഹൃത്തിനെ കാണുമ്പോൾ, അത് ഒരു സ്ത്രീയാണെങ്കിൽ കൂടി ഒന്ന് കെട്ടിപ്പിടിച്ച് ഉമ്മ വെയ്ക്കണമെങ്കിൽ രണ്ടാമതൊന്നാലോചിക്കണം. ഇതൊക്കെ ചെറിയ കാര്യങ്ങളാകാം. അങ്ങിനെ ആ ചെറിയ ഇഷ്ടങ്ങളെ പോലും ഭ്രാന്താക്കുന്നതോടെ, സ്വയമെന്തെന്ന് മറന്ന് സ്വത്വം നഷ്ടപ്പെടുന്നവളായി സ്ത്രീയും മേൽപ്പറഞ്ഞ ഇഷ്ടങ്ങൾക്കൊന്നും വിലക്കുകളില്ലാത്ത പുരുഷൻ ബോധവും ബുദ്ധിയും കൈയാളുന്നവനും ആകുന്നു. എത്ര എളുപ്പത്തിലാണ് ബോധത്തിന്റെ അതിരുകൾ അധികാരത്തിന്റേതു കൂടിയാകുന്നത്!



ശ്രീപ്രിയ ബാലകൃഷ്ണൻ
ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക,
പാലക്കാട് വിക്ടോറിയ കോളേജ്

ഭ്രാന്തിന്റെ നിർവ്വചനം തന്നെ സ്ത്രീയാണോ എന്നു തോന്നിപ്പോകുന്നത്ര സ്ത്രീഭ്രാന്തുകളാണ് പുസ്തകങ്ങളിലും സിനിമയിലും കണ്ടിട്ടുള്ളത്. ജേൻ അയർ, യെല്ലോ വാൾപേപ്പർ, ഹാംലെറ്റ്, മെക്ബത്, റെബേക്ക, സ്റ്റ്രീറ്റ് കാർ നേംഡ് ഡിസൈർ, മിസ്സിസ് ഡാലോവേ തുടങ്ങി ബെൽ ജാർ വരെയുള്ള സ്ത്രീഭാന്തുകൾ വായിച്ച പി.ജി പഠന കാലത്ത് ഭ്രാന്തില്ലാത്ത സ്ത്രീയായിപ്പോയാലോ എന്നതായിരുന്നു ഒരു പക്ഷെ ഏറ്റവും വലിയ ഭീതി. പക്ഷെ കാലക്രമേണ ഭ്രാന്തുനിർമ്മിതിയുടെ ചരിത്രം മനസ്സിലാക്കി വന്നപ്പോൾ, ബോധബോധ്യങ്ങൾക്കും ഭ്രാന്തിനും ഇടയ്ക്കുള്ള അതിർവരമ്പുകൾ നേർത്തതും സങ്കീർണ്ണമായതും ആണ് എന്ന് അറിഞ്ഞുതുടങ്ങിയപ്പോൾ സ്ത്രീയെന്ന നിലയ്ക്കുള്ള ഭ്രാന്ത് എന്നു പണ്ടു തോന്നിയിരുന്ന പലതിനേയും നേർക്കുനേരെ അറിഞ്ഞ് സാധാരണീകരിക്കാനും അംഗീകരിക്കാനും കഴിഞ്ഞു. ഭ്രാന്തിൽ ആരോപിക്കപ്പെടുന്ന ലിംഗഭേദം ആത്യന്തികമായും ലിംഗസംഘർഷങ്ങളുടെയും സാമൂഹ്യാതിരുകളുടെയും സ്ത്രീസഹനത്തിന്റെയും നീണ്ട ഒരു ചരിത്രത്തിന്റെ പരിച്ഛേദം മാത്രമാണ്. ബൂർഷ്വാ സദാചാരചട്ടക്കൂടിലേക്ക് ഉറയ്ക്കാത്തവരെ മുഴുവനായും തള്ളിയൊതുക്കാനുള്ള ഒരു രാഷ്ട്രീയ ഉപകരണം ആയിരുന്നല്ലോ ഭ്രാന്താലയങ്ങളും സൈക്കാറ്റ്രി എന്ന ശാസ്ത്രശാഖ തന്നെയും. സ്ത്രീയെന്ന നിലയ്ക്ക് ഭ്രാന്തില്ല എന്നു സമ്മതിക്കുക എന്നു വച്ചാൽ അടക്കമുള്ളവളാകുക എന്ന ഭീകരതയിലേക്ക് ചുരുക്കപ്പെടുക എന്നതും കൂടെയാണ് എന്ന തിരിച്ചറിവിൽ നിന്ന് സവിശേഷമായ ഒരു ചെറുത്തുനിൽപ്പിന്റെ രാഷ്ട്രീയം കൂടിയുണ്ട് ഇന്ന് ഭ്രാന്തിന്. ആ അർത്ഥത്തിൽ ഭ്രാന്ത് ആത്യന്തികമായും പരമമായ ഒരു രാഷ്ട്രീയപ്രവർത്തനം കൂടെയാണ്. അല്ലെങ്കിലും മൗലികമായ ഒരു ഉന്മത്തത എന്നൊന്നില്ലല്ലോ!

ബർണ്ണിനിയുടെ റോമൻ ബറോക് ശില്പമായ 'തെരേസയുടെ ഉന്മാദം' ഒരേസമയം ഭക്തിയുടെ പാരമ്യവും രതിമൂർച്ഛയുടെ നിർവൃതിയും സ്വത്വത്യാഗത്തിന്റെ ഭ്രാന്തും ഒക്കെയായി വായിച്ചെടുക്കാവുന്നതുപോലെ ജീവിതാവസ്ഥകളുടെ വ്യാഖ്യാനപെരുക്കങ്ങളാണ് അറിഞ്ഞിട്ടുള്ളതിൽ വച്ച് ഏറ്റവും കടുപ്പമേറിയ ഭ്രാന്ത്. ഒന്നിലും ഉറച്ചു നിൽക്കാനാകായ്ക, എല്ലാറ്റിലും സത്യത്തിന്റെയും നുണയുടെയും അർത്ഥാംശങ്ങൾ കാണുക, സത്യവും സങ്കൽപ്പവും കുഴമറിയുന്ന ഒന്നായി ചിന്തയിൽ ഉറച്ചുപോവുക, തീക്ഷ്ണമായ സ്വപ്നങ്ങളിൽ നിന്നും ലളിതമായ വ്യാഖ്യാനങ്ങളിലേക്കും തിരിച്ചും ഉണർവ്വിനു മുന്നേ തന്നെ പലതവണയുള്ള പോക്കുവരവുകൾ ഉണ്ടാവുക, ഇങ്ങനെ ഉന്മാദത്തിന്റെ ഒരു കാട് എപ്പോഴും കൂടെയുണ്ട്. ലിംഗപരം എന്നു മുദ്രചാർത്തപ്പെട്ട, ആണധികാരം ചങ്ങലയ്ക്കിട്ട സ്ത്രീത്വത്തിന്റെ നിലവിളികൾക്കും നിസ്സഹായതകൾക്കും അപ്പുറവും 'ഫെമിനിൻ' ആയ ഭ്രാന്തുകൾ ആണോ ഇവ എന്നു ചിലപ്പോൾ തോന്നിയിട്ടുണ്ട്.

**സ്ത്രീയെന്ന നിലയ്ക്ക് ഭ്രാന്തില്ല എന്നു സമ്മതിക്കുക എന്നു വച്ചാൽ അടക്കമുള്ളവളാകുക എന്ന ഭീകരതയിലേക്ക് ചുരുക്കപ്പെടുക എന്നതും കൂടെയാണ് എന്ന തിരിച്ചറിവിൽ നിന്ന് സവിശേഷമായ ഒരു ചെറുത്തുനിൽപ്പിന്റെ രാഷ്ട്രീയം കൂടെയുണ്ട് ഇന്ന് ഭ്രാന്തിന്.**



ബർണ്ണിനിയുടെ
'തെരേസയുടെ ഉന്മാദം'




തിണർപ്പ്



സതി അങ്കമാലി

**ഒരുവന്റെ സ്വപ്നങ്ങളും സ്വാതന്ത്ര്യവും ജനിച്ചു വീഴുന്ന ജാതി തീരുമാനിക്കുന്ന ഇൻഡ്യൻ സാമൂഹികാവസ്ഥയിൽ ഒരാൾക്ക് സ്വയം മാറിത്തീരാനുള്ള സാഹചര്യ വും, സ്വയം നിർമ്മിക്കാനുള്ള ബാധ്യതയും അയാൾ ജാനിച്ചു വീഴുന്ന സമുദായ വുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. ഇതിലൂടെ വ്യക്തമാക്കപ്പെടുന്നത് ജാതിവ്യവ സ്ഥ എന്നാൽ ദലിതരുടെ പിന്നോക്കാവസ്ഥ മാത്രമല്ലെന്ന യാഥാർത്ഥ്യമാണ്.**



ഭാഷ എന്നത് മനുഷ്യരെ സംബന്ധിച്ച് പരസ്പരവിനിമയം എന്നതിലുപരി നിർമ്മിക്കപ്പെട്ട വ്യവസ്ഥയെ സംവഹിക്കുന്ന ഒരധികാരരൂപമാണ്. വിജ്ഞാനത്തിന്റെ തുറവിയും, യുക്തിയും, തിരിച്ചറിവുകളും പല വിധത്തിൽ കണ്ടെടുക്കുന്നതും, നിക്ഷേപിക്കുന്നതും സമ്മേളിക്കുന്നതും ഭാഷയിലൂടെയാണ്. എന്നാൽ രാഷ്ട്രീയത്തിലും ചരിത്രത്തിലും അധികാരത്തിലും ഭാഷാബോധത്തിലും സവർണ്ണപുരുഷകാമനകളാണ് നിറഞ്ഞുനിൽക്കുന്നത്. അതായത് പരസ്പരവിനിമയങ്ങളെപ്പോലും അപ്രമാക്കുന്ന സംസ്കാരികാധിനിവേശമാണ് കീഴാളർക്കു മേൽ സംഭവിച്ചിട്ടുള്ളത്. അത്തരമൊരു ഇടത്തിൽ നിൽക്കുന്നൊരാൾ എന്ന നിലയിൽ എഴുത്ത് എന്നും എനിക്ക് ഒരേ സമയം സാമൂഹ്യവും സാംസ്കാരികവുമായ ഇടപെടലാണ്. ഒരു ദളിത്സ്ത്രീയെന്ന നിലയിൽ സ്വയം നിർമ്മിക്കാനുള്ള സാമൂഹ്യാധികാരത്തിന്റെയും ഭാഷാധികാരത്തിന്റെയും കാര്യമാണത്.

ഹൈദരബാദ് സെൻട്രൽ യൂണിവേഴ്സിറ്റിയിലെ ഗവേഷണവിദ്യാർത്ഥിയായിരുന്ന രോഹിത്ത് അവസാനമെഴുതിയ കത്തിലെ ഒരു വാചകം ഇങ്ങനെയാണ് 'എന്റെ ശരീരത്തിന്റെയും ആത്മാവിന്റെയും അന്തരം കൂടുന്നു' എന്ന്. മനുഷ്യസ്വാതന്ത്ര്യത്തെ സംബന്ധിച്ച അഗാധമായൊരു ഉത്കണ്ഠയാണ് ഈ വാക്കുകൾ പ്രതിനിധീകരിക്കുന്നത് തികച്ചും താത്വികമായ ഈ തിരിച്ചറിവാണ് ജീവിതം പോലെത്തന്നെ ദലിത് വിദ്യാർ

ത്ഥിയായ രോഹിത്തിന്റെ മരണവും പ്രസക്തവും പ്രധാനവുമാക്കുന്നത്. അതായത് ഒരുവന്റെ സ്വപ്നങ്ങളും സ്വാതന്ത്ര്യവും ജനിച്ചു വീഴുന്ന ജാതി തീരുമാനിക്കുന്ന ഇൻഡ്യൻ സാമൂഹികാവസ്ഥയിൽ ഒരാൾക്ക് സ്വയം മാറിത്തീരാനുള്ള സാഹചര്യവും, സ്വയം നിർമ്മിക്കാനുള്ള ബാധ്യതയും അയാൾ ജനിച്ചു വീഴുന്ന സമുദായവുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. ഇതിലൂടെ വ്യക്തമാക്കപ്പെടുന്നത് ജാതിവ്യവസ്ഥ എന്നാൽ ദലിതരുടെ പിന്നാക്കാവസ്ഥ മാത്രമല്ലെന്ന യാഥാർത്ഥ്യമാണ്. ഇന്ത്യ ഇനിയും അഡ്രസ്സ് ചെയ്തിട്ടില്ലാത്ത സാമൂഹ്യജനാധിപത്യത്തിന്റെയും മനുഷ്യസ്വാതന്ത്ര്യത്തിന്റെയും കൂടി പ്രശ്നമാണത്.

കേരളത്തിന്റെ ആധുനികാനുഭവങ്ങളിൽ വളരെ നിർണ്ണായകമായ ഒന്നായിരുന്നു വിവിധ ജാതി സമൂഹങ്ങളുടെ ആധുനികവത്ക്കരണം. നാരായണഗുരു, അയ്യൻകാളി, പൊയ്കയിൽ ഗുരു, മന്നത്ത് പത്മനാഭൻ. വിടി. ഭട്ടതിരിപ്പാട്, ചട്ടമ്പിസ്വാമികൾ, സഹോദരൻ അയ്യപ്പൻ, കെ.പി.വള്ളോൻ, പണ്ഡിറ്റ് കെ.പി.കറുപ്പൻ, വക്കം അബ്ദുൾ ഖാദർ മൗലവി ഇങ്ങനെ നിരവധിയായ മനുഷ്യസ്നേഹികളുടെ നിരന്തരമായ ഇടപെടലും, സാമൂഹ്യപ്രവർത്തനങ്ങളുമാണ് അധിനിവേശാനന്തര കേരളത്തിന്റെ വികാസപരിണാമങ്ങൾക്കും പുനർനവീകരണത്തിനും കാരണമായത്. ഒരു പക്ഷേ മനുഷ്യചിന്തയുടെ ഏറ്റവും ഉയർന്ന ഘട്ടത്തെ പ്രതിനിധാനം ചെയ്യുന്ന ഒരു ചരിത്ര സാഹചര്യം നമുക്കിവിടെ കാണാൻ കഴിയും. എന്നാൽ ഇത്തരം പരിഷ്കരണപ്രസ്ഥാനങ്ങളുടെ വിജയവും അതു നിലനിർത്തുന്നതിനു വേണ്ടി രാഷ്ട്രീയാധികാരം ലഭ്യമാകേണ്ട ആവശ്യകതയും ബോദ്ധ്യപ്പെടുന്ന ഘട്ടത്തിൽ 1919 ൽ ഒരു പൗരാവകാശ പ്രസ്ഥാനം രൂപം കൊള്ളുന്നുണ്ട്. എന്നാൽ ഇതിൽ കീഴാള സാമൂഹ്യപ്രസ്ഥാനക്കാർ ഉണ്ടായിരുന്നില്ല. പകരം ഈഴവ-ക്രിസ്ത്യൻ മുസ്ലിം-നായർ സമുദായങ്ങളുടെ നേതൃത്വത്തിലായിരുന്നു ഇത്. പിന്നീടുണ്ടായ മലയാളി മെമ്മോറിയലും ഈഴവ മെമ്മോറിയലും നിവർത്തനപ്രക്ഷോഭവുമൊക്കെ ഇതിനെ ശരിവെക്കുന്നതായിരുന്നു. ഇങ്ങനെ ദലിതരെ പുറത്തു നിർത്തുന്ന ഒരു യുക്തി വളരെ കൃത്യമായി അന്നേ പ്രവർത്തിക്കുന്നുണ്ട്. ഈ യുക്തിക്ക് അടിസ്ഥാനമായിരുന്നത് ഓരോ വ്യക്തിയും ആന്തരവത്ക്കരിച്ച ജാതിബോധമായിരുന്നു. ഇത് വൈജ്ഞാനിക മേഖലയിലും സംഭവിക്കുന്നുണ്ട്. കേരളത്തിൽ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽ തന്നെ വളരെയേറെ ചരിത്ര ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടിരുന്നു. സ്റ്റേറ്റ് മാനുവലുകളായും തിരുവിതാംകൂർ - കൊച്ചി രാജ്യ ചരിത്രങ്ങളായും. അതോടൊപ്പം തന്നെ വരേണ്യവിഭാഗങ്ങളുടെ ചരിത്രവും സാഹിത്യവും. എന്നാൽ കേരളത്തിന്റെ ആധുനിക ചരിത്രത്തിൽ കീഴാള സാമൂഹ്യചരിത്രമോ കീഴാള സാമൂഹ്യപ്രസ്ഥാനങ്ങളോ സൈദ്ധാന്തികമായി വിശകലനവിധേയമായില്ലെന്നു മാത്രമല്ല അത് രണ്ടാം തലത്തിലേക്ക് തരംതാഴ്ത്തപ്പെടുകയും ചെയ്തു. അതായത് ഒരു ജനതയുടെ അധികാരത്തിന്റെ അസാന്നിദ്ധ്യങ്ങളെ അടയാളപ്പെടുത്തിക്കൊണ്ടും അടിമശരീരത്തെ ആധുനിക സമൂഹമാക്കി സാമൂഹ്യരൂപീകരണം നടത്തിക്കൊണ്ടും ജാതിപരമായി നിശ്ചയിക്കപ്പെട്ട എല്ലാ അധീശാധികാരങ്ങളെയും വലിച്ചെറിഞ്ഞ് മതരഹിതമായതും മതപരമായതുമായ പ്രസ്ഥാനങ്ങൾക്ക് രൂപം കൊടുത്ത മഹാത്മ അയ്യൻകാളിയെയും പൊയ്കയിൽ കുമാരഗുരുവിനെയും, കേരളത്തിന്റെ ആധുനിക ചരിത്രത്തിൽ നിന്ന് അദൃശ്യമാക്കുകയും അപ്രസക്തരാക്കുകയുമാണുണ്ടായത്. എന്നിരുന്നാലും ചരിത്രത്തിൽ നിന്നും സാമൂഹ്യഭാവനകളിൽ നിന്നും പുറത്താക്കപ്പെട്ട ഈ വലിയ ജനാവലി എക്കാലവും തന്നോടു തന്നെയും സമൂഹത്തോടും നിരന്തരം കലഹിച്ചുകൊണ്ടിരുന്നു. എന്നാൽ പിന്നീടുണ്ടായ ഇടതുപക്ഷപൊതുബോധവും കാൽപനികതയും ഈ ശബ്ദങ്ങളെ അഭിസംബോധന ചെയ്തില്ലെന്ന് മാത്രമല്ല റദ്ദു ചെയ്യുക കൂടി ചെയ്തു. 1941-ൽ കാലം ചെയ്ത അയ്യൻകാളിയുടെ ജീവചരിത്രം നീണ്ട 38 വർഷങ്ങൾക്ക് ശേഷം 1979 ൽ ടി.എച്ച്.പി ചെന്താരശ്ശേരി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇത് കേരളത്തിലെ ദലിത്-വൈജ്ഞാനിക അന്വേഷണത്തിന്റെ വാതിലാണ്. പൊതുചരിത്രത്തിൽ നിന്ന് എങ്ങനെയാണ് അയ്യൻകാളി ബഹിഷ്കാരിക്കപ്പെട്ടത് എന്നതല്ല, മറിച്ച് കേരളത്തിന്റെ ചരിത്രത്തിൽ അയ്യൻകാളിയെ നിർമ്മിച്ചെടുക്കുന്നതിന്റെ ചരിത്രം ആരംഭിക്കുന്നത് ഈ പുസ്തകത്തിലൂടെയാണ്. വരേണ്യവ്യവഹാരങ്ങളുടെയും ആഭിജാത്യപാരമ്പര്യങ്ങളുടെയും നടുവിൽ നിവർന്നു നിൽക്കുന്ന കുറച്ചു മനുഷ്യരുണ്ട്. ശക്തവും, കാലികവും രാഷ്ട്രീയസക്രിയവുമായ പരിശ്രമങ്ങൾ നടത്തുന്നവർ. തറഞ്ഞ വേദനകളെ ഊരിമാറ്റി തലകുത്തനെ വീഴുമ്പോൾ എഴുത്തധികാരത്തിന്റെ പാഠഭേദങ്ങളായി ഈ തിണർപ്പുകൾ പൊതുബോധത്തെ തിരുത്തിയും പിളർത്തിയും അവർ പൂരിപ്പിച്ചു പുതുക്കുന്നത് വൈവിദ്ധ്യങ്ങളുടെ സഹവർത്തിത്വം സാധ്യമാക്കുന്ന ലോകത്തിനു വേണ്ടിയാണ്.

പെൺപക്ഷം



അജിത കെ.

# സ്ത്രീകൾക്ക് ഒരു രാഷ്ട്രീയപാർട്ടി കാലത്തിന്റെ ആവശ്യം

**ഇനി എന്തുവഴി? നമ്മൾ യഥാർത്ഥത്തിൽ അത്ര മാത്രം നിസ്സഹായരാണോ? അല്ല എന്നു തന്നെയാണ് എന്റെ പക്ഷം. പ്രസ്ഥാന ത്തിൽ നിന്ന് രാഷ്ട്രീയ പാർട്ടിയിലേക്കുള്ള ചുവടു വയ്പ്പ് നമ്മെ സംബന്ധിച്ചിട ത്തോളം സാഹസികമാണ്. പക്ഷേ, അതിനിയും മാറ്റി വെക്കാനാവുമോ?**

കുറേ നാളുകളായി എന്റെ മനസ്സിൽ ഉയർന്നു വരുന്ന ഒരു ആശയമാണിത്. കുറച്ചു വർഷങ്ങൾക്കു മുമ്പ് ഇങ്ങനെയൊരു കാര്യം ഞാൻ എഴുതിയപ്പോൾ ആകാശത്തു നിന്നും ഇടിത്തീവീണപോലെയാണ് പൊതുസമൂഹത്തിൽ നിന്നും പ്രതികരണമുണ്ടായത്. അതോടെ ഞാൻ ആ ആശയം മാറ്റിവെച്ചു. പക്ഷേ കാലചക്രം മുന്നോട്ടു പോകുന്തോറും സാഹചര്യങ്ങൾ വീണ്ടും അത്തരമൊരു ആശയത്തെ എന്റെ മുന്നിലേക്ക് ഉയർത്തിക്കൊണ്ടുവരികയാണ്.

കേരളസ്ത്രീവേദിയെന്ന സ്വതന്ത്ര സ്ത്രീപ്രസ്ഥാനങ്ങളുടെ പൊതുവേദി രൂപീകരിക്കപ്പെട്ട ഘട്ടത്തിൽ അതിനെ സ്ത്രീകളുടെ ഒരു രാഷ്ട്രീയപ്രസ്ഥാനമായാണ് എന്നെപ്പോലുള്ളവർ ഏറ്റെടുത്തത്. കേരളത്തിലെ പല ഭാഗത്തും സ്ത്രീപക്ഷത്തു നിന്ന് സ്ത്രീസ്വാതന്ത്ര്യത്തിനും അവകാശങ്ങൾക്കും വേണ്ടി പ്രവർത്തിക്കുന്ന സംഘടനകളുണ്ട്. രാഷ്ട്രീയമായ, നയതീരുമാനങ്ങളെടുക്കുന്ന പ്രക്രിയകളിൽ സ്ത്രീപ്രസ്ഥാനങ്ങൾക്ക് യാതൊരു ഇടവും ഉണ്ടായിരുന്നില്ല. ഈ അവസ്ഥ മാറ്റിയെടുത്ത് സ്ത്രീകൾക്ക് അർഹമായ പദവി നേടിയെടുക്കാൻ വേണ്ടിയുള്ള ഒരു പൊതുവേദി രൂപീകരിച്ചു കൊണ്ട് മുഖ്യധാരയിൽ സ്ത്രീസാന്നിദ്ധ്യം ഉറപ്പുവരുത്തകയായിരുന്നു ഉദ്ദേശ്യം. ശ്രദ്ധേയമായ പല ഇടപെടലുകളും നടത്തിയെങ്കിലും മുഖ്യധാരയിൽ ഏറെയൊന്നും അംഗീകരിക്കപ്പെട്ടില്ല. അതേസമയം സ്ത്രീവേദിയുടെ ഇടപെടലുകളെ സമൂഹം ഗൗരവത്തോടെ കാണുകയും മനമില്ലാമനസ്സോടെയാണെങ്കിലും ചില മാറ്റങ്ങൾ

വരുത്തുകയും ചെയ്തു.

സ്ത്രീകൾക്കെതിരായ അതിക്രമം കൈകാര്യം ചെയ്യാൻ വനിതാ കമ്മീഷൻ ഉണ്ടാക്കി. പഞ്ചായത്തുകളിൽ ജാഗ്രതാ സമിതികൾ രൂപീകരിച്ചു. പോലീസിൽ വനിതാസെല്ലുണ്ടാക്കി. നീതിന്യായവ്യവസ്ഥിതിയിൽ കുടുംബകോടതികൾ നിലവിൽ വന്നു. ഗാർഹിക പീഡനങ്ങൾ കൈകാര്യം ചെയ്യാൻ പുതിയ നിയമം വന്നപ്പോൾ അത് നടപ്പിലാക്കാനുള്ള സംവിധാനങ്ങളുണ്ടാക്കി. പതിനെട്ടു വയസ്സിനു താഴെയുള്ള കുട്ടികളെ ലൈംഗികമായി പീഡിപ്പിച്ചാൽ കൈകാര്യം ചെയ്യാനുള്ള നിയമം വന്നു. തൊഴിലിടങ്ങളിലെ ലൈംഗികപീഡനങ്ങൾ കൈകാര്യം ചെയ്യാൻ മറ്റൊരു നിയമം വന്നു. അങ്ങനെ സ്ത്രീപീഡനങ്ങൾ ഭരണകൂടത്തിന്റെ ഒരു പ്രധാനവിഷയമാണെന്ന് അംഗീകരിക്കപ്പെട്ടു കഴിഞ്ഞു.

ഇതൊക്കെയാണെങ്കിലും ഗാർഹികപീഡനങ്ങൾ കുറയുന്നില്ലെന്നു മാത്രമല്ല, നിരന്തരം കൂടിവരികയാണ്. അതിന്റെ തീവ്രതകളും അക്രമസ്വഭാവവും ഏറിവരുന്നു. സ്ത്രീധനത്തിനുള്ള ഡിമാന്റുകൾ വർദ്ധിക്കുന്നതോടൊപ്പം അത്തരമൊരു സമ്പ്രദായമില്ലാതിരുന്ന വിഭാഗങ്ങളിലേക്കു പോലും അത് പടർന്നു പിടിക്കുന്നു. ലൈംഗികപീഡനകേസ്സുകൾ ആരംഭഘട്ടത്തിൽ ഏറെ കോളിളക്കങ്ങൾ സൃഷ്ടിച്ചിരുന്നുവെങ്കിലും ഇന്ന് അത് സർവ്വസാധാരണമായിരിക്കുന്നു- സൂര്യനെല്ലി, വിതുര, കോഴിക്കോട്, കിളിരൂർ-കവിയൂർ, തോപ്പുംപടി എന്നിവ ഓർക്കുക. സ്ത്രീസംരക്ഷണനിയമങ്ങൾ ഏറെയുണ്ടായിട്ടും അവ നടപ്പിൽ വരുത്താനുള്ള സംവിധാനങ്ങളുടെ പുരുഷപക്ഷപാതിത്വപരവും അഴിമതിയിൽ കുതിർന്നതുമായ കഥകൾ പരസ്യമായ രഹസ്യമായി തീരുന്നത് ആരെയും ഞെട്ടിക്കുന്നില്ല. നീണ്ടുനീണ്ടു പോകുന്ന വിചാരണപ്രക്രിയയുടെ അവസാനം ഇര തന്നെ സമൂഹത്തിന്റെ മുന്നിൽ കുറ്റവാളിയാക്കി അവതരിപ്പിക്കപ്പെടുന്നു. നീതി ഇത്തരം കേസുകളിൽ എത്രയോ വിദൂരത്താണ്. ജിഷാവധവും വടക്കാഞ്ചേരി കൂട്ടബലാത്സംഗവുമൊക്കെ സ്ത്രീകളുടെ, പൊതുസമൂഹത്തിന്റെ സാമാന്യബോധത്തെ പരിഹസിക്കുന്ന വിധമാണ് കൈകാര്യം ചെയ്യപ്പെട്ടത്.

**സ്വാതന്ത്ര്യസമരവും കമ്മ്യൂണിസ്റ്റ് പുരോഗമനപ്രസ്ഥാനങ്ങളും നാട്ടിലുണ്ടാക്കിയ മതേതരമായ സാഹോദര്യത്തിന്റേയും സ്നേഹത്തിന്റേയും അന്തരീക്ഷം മെല്ലെ മെല്ലെ തകർക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഇതിന്റെയൊക്കെ തിക്തഫലങ്ങൾ ഏറ്റു വാങ്ങേണ്ടി വരുന്നത് മുഖ്യമായും സ്ത്രീകളാണ്. ഈ അവസ്ഥകളെയൊന്നും ചോദ്യം ചെയ്യാനാവാതെ നിസ്സഹായാവസ്ഥയിൽ സ്ത്രീപ്രസ്ഥാനങ്ങൾ അന്തംവിട്ടു നിൽക്കുന്നു.**

ഇതിന്നിടയിലാണ് സ്ത്രീപുരുഷബന്ധങ്ങളിലെ പുതിയ വികാസങ്ങളെ ഉൾക്കൊള്ളാൻ വിസമ്മതിച്ചുകൊണ്ട് വർഗ്ഗീയസംഘങ്ങളുടെ സദാചാര അക്രമങ്ങളും ഇടപെടലുകളും ശക്തിപ്രാപിച്ചുകൊണ്ടിരിക്കുന്നത്. സ്വാതന്ത്ര്യസമരവും കമ്മ്യൂണിസ്റ്റ് പുരോഗമനപ്രസ്ഥാനങ്ങളും നാട്ടിലുണ്ടാക്കിയ മതേതരമായ സാഹോദര്യത്തിന്റേയും സ്നേഹത്തിന്റേയും അന്തരീക്ഷം മെല്ലെ മെല്ലെ തകർക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഇതിന്റെയൊക്കെ തിക്തഫലങ്ങൾ ഏറ്റു വാങ്ങേണ്ടി വരുന്നത് മുഖ്യമായും സ്ത്രീകളാണ്. ഈ അവസ്ഥകളെയൊന്നും ചോദ്യം ചെയ്യാനാവാതെ നിസ്സഹായാവസ്ഥയിൽ സ്ത്രീപ്രസ്ഥാനങ്ങൾ അന്തംവിട്ടു നിൽക്കുന്നു.

ഇനി എന്തുവഴി? നമ്മൾ യഥാർത്ഥത്തിൽ അത്രമാത്രം നിസ്സഹായരാണോ? അല്ല എന്നു തന്നെയാണ് എന്റെ പക്ഷം. പ്രസ്ഥാനത്തിൽ നിന്ന് രാഷ്ട്രീയപാർട്ടിയിലേക്കുള്ള ചുവടുവയ്പ്പ് നമ്മെ സംബന്ധിച്ചിടത്തോളം സാഹസികമാണ്. പക്ഷേ, അതിനിയും മാറ്റിവെക്കാനാവുമോ? മുഖ്യധാര നമ്മെ ഗൗരവത്തോടെ പരിഗണിച്ചു തുടങ്ങുന്ന, നയതീരുമാനമെടുക്കുന്ന പ്രക്രിയകളിൽ പോലും നമ്മെ ശ്രദ്ധാപൂർവ്വം കേട്ടു തുടങ്ങുന്ന ഒരു സാഹചര്യമുണ്ടാക്കേണ്ടത് നമ്മൾ തന്നെയല്ലേ?

**സൂര്യനെല്ലി, വിതുര, കോഴിക്കോട്, കിളിരൂർ-കവിയൂർ, തോപ്പുംപടി എന്നിവ ഓർക്കുക. സ്ത്രീസംരക്ഷണനിയമങ്ങൾ ഏറെയുണ്ടായിട്ടും അവ നടപ്പിൽ വരുത്താനുള്ള സംവിധാനങ്ങളുടെ പുരുഷപക്ഷപാതിത്വപരവും അഴിമതിയിൽ കുതിർന്നതുമായ കഥകൾ പരസ്യമായ രഹസ്യമായി തീരുന്നത് ആരെയും ഞെട്ടിക്കുന്നില്ല.**



**അനശ്വര**
**പത്രപ്രവർത്തക**

**വാ**സ്തവത്തിൽ ഭയങ്കര രസമുള്ള വിഷയമാണ് സ്ത്രീയും ഭ്രാന്തും എന്നത്. ഇന്ന് സമൂഹത്തിൽ നിലനിൽക്കുന്ന നിയമങ്ങളിൽ നിന്ന് വ്യതിചലിക്കുന്ന എല്ലാ തരം ചിന്തകളേയും നടക്കാൻ സാധ്യതയില്ലാത്ത ചില കാര്യങ്ങളെയുമൊക്കെയാണല്ലോ ഭ്രാന്ത് എന്ന് പറയുന്നത്. അല്ലാതെ ഭ്രാന്ത് എന്ന പദത്തിന്റെ വാക്യാർത്ഥമായ മാനസികാസ്വാസ്ഥ്യം എന്ന അർത്ഥത്തിലല്ല അതിനെ നോക്കി കാണേണ്ടത്. വരച്ച വരയിലൂടെ നടക്കാത്ത എല്ലാതരം പ്രവൃത്തികളെയും ഭ്രാന്ത് എന്നുള്ള പരികല്പനയിലാണ് ആളുകൾ സ്വീകരിക്കുക. അവർ മാധവിക്കുട്ടിയ്ക്ക് ഭ്രാന്തായിരുന്നു എന്ന് പറയുന്നു. കാരണം, അവർ അന്ന് നിലനിന്നിരുന്ന കാര്യങ്ങൾക്കനുസരിച്ചല്ല എഴുതിയിരുന്നതും തന്റെ ചിന്തകളെ പ്രകടിപ്പിച്ചിരുന്നതും.

ഇത്തരം എല്ലാ വ്യതിചലനങ്ങളേയും ഭ്രാന്ത് എന്ന ആശയമായിട്ടാണ് കണ്ടിരുന്നത്. ഒരുദാഹരണത്തിനു 'മണിച്ചിത്രത്താഴ്' എന്ന സിനിമ, അതുപോലെ ഫാസിൽ തന്നെ സംവിധാനം ചെയ്ത വിസ്മയത്തുമ്പത്ത് എന്ന സിനിമയും താരതമ്യം ചെയ്ത് പറയുകയാണെങ്കിൽ രണ്ടു സിനിമയിലേയും കഥാപാത്രങ്ങൾ സാധാരണ മനുഷ്യർക്ക് മനസ്സിലാവാത്ത വിധം ഭ്രാന്തുള്ള അവസ്ഥയിലൂടെയാണ് കടന്നു പോകുന്നത്. 'മണിച്ചിത്രത്താഴി'ലെ ഗംഗ എന്ന കഥാപാത്രത്തിന്റെ മേൽ വന്നു കൂടി എന്ന് പറയപ്പെടുന്ന നാഗവല്ലിയെ ബാധയായി ഒഴിപ്പിക്കാൻ സമൂഹവും കുടുംബവും സഹകരിക്കുന്നു. ഗംഗ പോലും അതിനെ മാറ്റാനുള്ള എല്ലാ നടപടിക്രമങ്ങൾക്കും സഹകരിച്ചു കൊണ്ട് തിരിച്ച് വീണ്ടും നകുലന്റെ ഭാര്യയാവുകയാണ്. എന്നാൽ, 'വിസ്മയത്തുമ്പത്തിൽ' മോഹൻലാൽ അവതരിപ്പിക്കുന്ന കഥാപാത്രം വീട്ടുകാരുടെ യാഗം നടത്തണം എന്ന ആവശ്യത്തെ തട്ടിതെറിപ്പിച്ചുകൊണ്ട് തനിക്ക് ഭ്രാന്തിന്റെ കൂടെ ജീവിക്കാനാണിഷ്ടം എന്നു പറയുന്നുണ്ട്. അയാളാ ഭ്രാന്തിന്റെ ഉറവിടം അന്വേഷിച്ച് പോവുകയും അതിൽ വിജയിക്കുകയും ചെയ്യുന്നു.

ഞാനെപ്പോഴും 'മണിച്ചിത്രത്താഴി'നെ കാണുന്നത് ഇങ്ങനെയാണ്. ഗംഗയ്ക്ക് ഒരു വിവാഹേതര ബന്ധം -ലൈംഗിക ആകർഷണം- അല്ലിയെ വിവാഹം ചെയ്യാനിരിക്കുന്ന മഹാദേവനുമായി ഉണ്ടാവുകയും, അതിനെ ഗംഗ നാഗവല്ലി കഥയുമായി ബന്ധപ്പെടുത്തി, പിന്നെ അതിൽ നിന്നും മാറി അതിനയൊരു ഭ്രാന്തമായ കൽപ്പനയാണ് എന്ന് പറഞ്ഞു കൊണ്ട് വീണ്ടും സ്വന്തം ജീവിതത്തിലേക്ക്, കൽക്കത്തയിലേക്ക് നകുലന്റെ മാത്രം ഭാര്യയായി തിരിച്ച് പോകുന്നതായി വിശകലനം ചെയ്യാനാണ് ഞാൻ ആഗ്രഹിക്കുന്നത്.

അതായത് സ്ത്രീകളും അതുപോലെ തന്നെ അധികം ചിന്തിക്കുന്ന കുട്ടികളും കൗമാരക്കാരും നമ്മുടെ കൂട്ടത്തിൽ ഉണ്ടാകും. അവർക്ക് വട്ടാണ്. അധികം ചിന്തിക്കുകയും, കഥയും കവിതയുമൊക്കെ എഴുതുകയും ചെയ്യുന്നവർക്ക് വട്ടാണ്, കൂട്ടത്തിൽ കവിത എഴുതുന്നവരെയാണ് കൂടുതൽ ഭ്രാന്ത് ഉള്ളവരായിട്ട് നമ്മൾ കണക്കാക്കുന്നത്. അതുപോലെ തന്നെയാണ് സ്വന്തം അനുഭവങ്ങൾ എഴുതുന്നവരേയും കാണുന്നത്. ഭ്രാന്തിനെക്കുറിച്ചുള്ള എന്റെ അഭിപ്രായം ഇതാണ്, നേർരേഖയിൽ ചലിക്കാതെ സ്വന്തം വഴികൾ വെട്ടുന്നവർക്കൊക്കെ ഭ്രാന്താണ്. ഒരു പുരുഷന്റെ കാര്യമെടുത്തു കഴിഞ്ഞാൽ അവർക്കു കുറച്ചും കൂടി കാര്യങ്ങൾ എളുപ്പമാണ്. അവർക്ക് ആരേയും ബോധിപ്പിക്കേണ്ട കാര്യമില്ല. പക്ഷെ സ്ത്രീകളുടെ കാര്യം ആവുമ്പോഴേക്കും അത് വളരെ വ്യത്യസ്തമായ തലങ്ങളിൽ എത്തിച്ചേരുന്നു. പലപ്പോഴും നടക്കാത്ത കാര്യങ്ങൾ സ്വപ്നം കാണുകയും അത് നടത്താൻ ശ്രമിക്കുന്നവരേയും ആണ് ഭ്രാന്തി എന്ന് സമൂഹം വിളിക്കുന്നത്.



ലേഖനം



**സബീനാ ഭാനു എം.**
ഗവേഷക, മലയാളവിഭാഗം
ശ്രീശങ്കരാചാര്യ സംസ്കൃതസർവകലാശാല, കാലടി

# മുസ്ലീം സ്ത്രീ ചരിത്രത്തിൽ

**ആമുഖം**

ചരിത്രത്തിന്റെ ഒതുക്കുകളിലേക്ക് മാറ്റിനിർത്തപ്പെട്ടവരുടെ ജീവിതം തിരിച്ചറിയപ്പെടുന്ന കാലം കൂടിയാണ് സമകാലിക ചരിത്രഘട്ടം. (സ്ത്രീകളും ദളിതരും തങ്ങളുടെ ചരിത്രാന്വേഷണം ആരംഭിക്കുന്നതും ഈ തിരിച്ചറിവിലാണ്.) ഏകാത്മകമായ ഒരു ചരിത്ര സ്വത്വം എന്നത് ഭാവനാരൂപീകരണം മാത്രമാണ്. അതുകൊണ്ടുതന്നെ വ്യത്യസ്തതകളെ അംഗീകരിച്ചുകൊണ്ടുള്ള ചരിത്രരചന മാത്രമേ സമകാലിക വൈജ്ഞാനികഘട്ടം അംഗീകരിക്കുന്നുള്ളൂ. വൈചാരികം മാത്രമല്ല വൈകാരികവും ചരിത്രപരമാണ്. ചരിത്രാഖ്യാനത്തിന്റെ അധികാരയുക്തിയെ തിരസ്കരിച്ചുകൊണ്ടാണ് ഇത്തരം അനുഭൂതിചരിത്രങ്ങൾ പ്രാധാന്യം കണ്ടെടുക്കുന്നത്. സ്ത്രീകൾ ഒന്നല്ലെന്നും വ്യത്യസ്തമായ ചരിത്ര സാമൂഹികനിലങ്ങളിലാണ് 'സ്ത്രീ' എന്ന ഒറ്റ സംവർഗത്തിൽ ഉൾപ്പെട്ട് അറിയപ്പെടുമ്പോഴും അവയുടെ നിൽപെന്നും തിരിച്ചറിയുന്നു. സ്ത്രീവാദം അതിന്റെ ഭിന്നമേഖലകളിലേക്ക് വ്യാപിച്ച് വ്യതിരിക്തസ്വത്വങ്ങളെ അടയാളപ്പെടുത്തുന്ന സന്ദർഭത്തിൽ 'സ്ത്രീ' എന്ന ഏകാത്മകഭാവനാരൂപത്തിന് കോട്ടംതട്ടുകയും ബഹിർമുഖമായ തന്മാകല്പനകളിൽ അവയുടെ സ്വരൂപം സ്ഥാപിക്കപ്പെടുകയും ചെയ്യുന്നു. 'മുസ്ലീം സ്ത്രീ' തന്മാന്വേഷണം നടക്കുന്നതും സമകാലികമായ സാമൂഹികസന്ദർഭത്തിൽ രൂപപ്പെട്ട തെളിച്ചങ്ങളുടെ അടിസ്ഥാനത്തിലാണ്. മതത്തിനകത്ത് ജനിച്ചുവീണവൾ എന്ന നിലയ്ക്കും ചില സാമൂഹിക ചിട്ടപ്പെടുത്തലുകൾക്കനുസരിച്ച് സ്വയം രൂപപ്പെട്ടവൾ എന്ന നിലയ്ക്കുമാണ് പ്രബന്ധം മുസ്ലീം സ്ത്രീയെന്ന പരികല്പനയെ സ്വീകരിക്കുന്നത്. മതപരമായ ജീവിതത്തോട് ഐക്യപ്പെടുമ്പോഴും അതിനുള്ളിൽ നിന്നും പുറമെ നിന്നുമുള്ള അനേകം നിർവചനങ്ങളും 'മുസ്ലീം സ്ത്രീ' എന്ന വിഭാഗത്തിനുമേലുണ്ടാകുന്നു. ഇങ്ങനെ വ്യത്യസ്തങ്ങളായ സ്വത്വ (self)ങ്ങളുൾക്കൊണ്ട് രൂപീകൃതമാകുന്ന ഒന്നാണ് മുസ്ലീം സ്ത്രീ തന്മ (identity). 'മുസ്ലീം സ്ത്രീ' എന്നു 'പൊതുസമൂഹം' വ്യവഹരിച്ചുവരുന്നത്, 'ഇരയാക്കപ്പെട്ടവൾ' എന്ന അർഥത്തിലാണ്. 'മുസ്ലീം സ്ത്രീ' നിർവാഹകശേഷിയെ ചരിത്രം തീർത്തും അവഗണിച്ചുപോരുകയോ വേണ്ടവിധത്തിൽ തിരിച്ചറിയപ്പെടാതെ പോവുകയോ ചെയ്തുവെന്നത് നിഷേധിക്കത്തക്കതല്ല. നിലനിന്നുപോന്ന അനുഭവാത്മകചരിത്രത്തെ മാറ്റിനിർത്തി ആധുനികമായ ചരിത്രബോധത്തിലുൾപ്പെടുത്തി മുസ്ലീം സ്ത്രീ ചരിത്രം പഠിക്കപ്പെടുന്നതോടുകൂടി മേൽപ്പറഞ്ഞ ഒറ്റ സ്വത്വരൂപീകരണം നടക്കുന്നു. അവഗണനയുടെ ചരിത്രം സ്വയം നിർവചിക്കുമ്പോൾ മറയ്ക്കപ്പെട്ടുപോയ അനുഭൂതിചരിത്രം മറനീക്കി പുറത്തുവരുന്നു. ചരിത്രത്തിൽ ശക്തമായ സ്വാധീനമറിയിച്ച മുസ്ലീം സ്ത്രീകളെ പരിചയപ്പെടുത്തുകയാണീ പ്രബന്ധം.

**ചരിത്രത്തിന്റെ ജ്ഞാനബദ്ധത – 'മുസ്ലീം സ്ത്രീ' ആഖ്യാനത്തിൽ**

രേഖപ്പെടുത്തപ്പെട്ട ചരിത്രമാണ് പൊതുസമൂഹത്തിന്റെ ചരിത്രധാരണകൾക്കാധാരം എന്നതുകൊണ്ടുതന്നെ ഇത്തരം ആഖ്യാനങ്ങളിൽ പ്രവർത്തിക്കുന്ന അധികാര താത്പര്യങ്ങൾ ഉൾക്കൊള്ളുന്ന ഒന്നാകും അതിന്റെ ഉല്പന്നം. ഇങ്ങനെ നിർമിക്കപ്പെടുന്ന ചരിത്രധാരണകളിലും അധികാരസ്വരൂപങ്ങൾ ലീനമായിരിക്കും. അതുകൊണ്ടുതന്നെ മുസ്ലീം സ്ത്രീ നിർവചനത്തിലും ഇത്തരം താത്പര്യങ്ങൾ പ്രകടമാണ്. ഏകാത്മകമായ 'ഒന്നിനെ' (oneness) വിഭാവനം ചെയ്യുന്നത് അംഗീകരിക്കാനാവാത്തതാണ് എല്ലാം വൈവിധ്യപൂർണമാണെന്നിരിക്കെ. എന്നാൽ ഒരു സമൂഹത്തെ പൂർണമായും ഒറ്റവാർപ്പുമാതൃകാസങ്കൽപത്തിലൊതുക്കി മനസിലാക്കുന്നതിലൂടെ, അവതരിപ്പിക്കുന്നതിലൂടെ ആ സമൂഹത്തെക്കുറിച്ചുള്ള ഭാവനാനിർമ്മാണം നടക്കുന്നു. ഇവ 'യാഥാർഥ്യ'മെന്ന നിലയിൽ സ്ഥാപിക്കപ്പെടുകയും ആ സമൂഹത്തിന്റെ 'ചരിത്രം' മറ്റൊന്നായിത്തീരുകയും ചെയ്യുന്നു.

മുസ്ലീം സ്ത്രീയുടെ എഴുതപ്പെട്ട ചരിത്രം പരിശോധിക്കുകയാണെങ്കിൽ വിരളമായിരിക്കും ദത്തങ്ങൾ. മാത്രമല്ല ചരിത്രം രേഖപ്പെടുത്തിയ മുസ്ലീം സ്ത്രീകൾ ആ സന്ദർഭത്തിൽ മാത്രം പ്രാധാന്യം ലഭിക്കുന്നവരുമാകും. രാജാക്കന്മാരുടെ ഭാര്യമാരോ അമ്മമാരോ ആയി തിരശീലയ്ക്കു പിന്നിലും ഇടയ്ക്കുമായി നിലകൊള്ളുന്ന സ്ത്രീകളാണ് അതിൽ മിക്കവരും. സമ

കാലികമായുള്ള അന്വേഷണങ്ങളിലാണ് മുസ്ലീം സ്ത്രീ ജീവിതം പ്രാധാന്യം നേടുന്നത്. ഓരോ ജീവിതാനുഭൂതികളും അത്രമേൽ ചരിത്രമാണ് എന്ന വാദം നിലനിൽക്കുന്നതും ഈ ഘട്ടത്തിലാണ്. (രേഖപ്പെടുത്തപ്പെട്ട ചരിത്രാഖ്യാനങ്ങളിലൂടെയല്ലാതെ നമുക്കവയെ അറിയാനും സാധ്യമല്ല എന്നത് അനുഭൂതിചരിത്രത്തെ...)

ആധുനിക ദേശ-ദേശീയതാനിർമിതിക്കകത്ത് ഇടം ലഭിക്കാതെ പോയ വിഭാഗം എന്ന നിലയ്ക്കാണ് 'മുസ്ലീം' സമൂഹത്തെ സമകാലിക ചരിത്രവിചാരം മനസിലാക്കുന്നത്. 'മുസ്ലീം സ്ത്രീ' വിഭാഗത്തെ നിർവാഹകശേഷിയില്ലാത്ത സമൂഹമായി അവതരിപ്പിക്കുന്നു. അവിടെ അവൾ മതത്തിന്റെ 'ഇര' മാത്രമാണ്. ആധുനികതയുടെ ബൃഹദാഖ്യാനങ്ങളുടെ പുറത്തുനിൽക്കുകയോ ആഖ്യാനത്തിൽ തന്മ നഷ്ടപ്പെടുകയോ ചെയ്ത വിഭാഗമെന്ന നിലയ്ക്ക് മുസ്ലീം സ്ത്രീഗണത്തെ പരിഗണനയ്ക്കെടുക്കണം. യുക്തിയുടെ ഏകാത്മകമായ ക്രമീകരണത്തിലൂടെ മാത്രമാണ് ഇത്തരം വിഭാഗത്തെ മനസിലാക്കി വരുന്നത്. സമുദായത്തിനകത്ത് സ്വാതന്ത്ര്യമില്ലാത്തവൾ, പുരുഷന് അധീനയായവൾ, ബഹുഭാര്യാത്വസംവിധാനത്തിന്റെ ഇര, പർദ്ദയിൽ ശരീരമൊളിപ്പിക്കേണ്ടവൾ എന്നു തുടങ്ങി സ്വന്തമായി കർതൃത്വമില്ലാത്ത, നിർവാഹകശേഷിയില്ലാത്ത 'സ്ത്രീവർഗ്ഗം' എന്ന നിലയ്ക്കെല്ലാമാണ് മുസ്ലീം സ്ത്രീ വിഭാഗത്തെ പൊതുസമൂഹത്തിൽ ചർച്ചയ്ക്കെടുക്കുന്നത്. ആഖ്യാനങ്ങളിലൂടെയും ചർച്ചകളിലൂടെയും ധാരണകളിലൂടെയും രൂപപ്പെട്ടുവരുന്ന മുസ്ലീം സ്ത്രീസ്വത്വം ഇതാണ്. ഇത് ദേശീയതാരൂപീകരണവുമായി ബന്ധപ്പെട്ടുകിടക്കുന്ന ഒന്നുകൂടിയാണ്. സന്ദർഭത്തിൽ നിന്നും അടർത്തിമാറ്റി ഒരു ഏകകം എന്ന നിലയിൽ മാത്രമായി മുസ്ലീം സ്ത്രീയെ കാണുന്നതുകൊണ്ടാണിത്. "സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ മുസ്ലീം സമൂഹത്തിന്റെ ന്യൂനപക്ഷാവസ്ഥയും പാകിസ്ഥാൻ രൂപവത്കരണത്തോടെ ചോർന്നുപോയ സമുദായത്തിന്റെ സാമ്പത്തിക, രാഷ്ട്രീയ മേൽക്കോയ്മയും പരിഗണിക്കാതെ ഒരിക്കലും ഇന്ത്യയിൽ മുസ്ലീം സ്ത്രീയുടെ സ്വത്വത്തെ ചർച്ചചെയ്യാനാവില്ല" (ബി.എസ്. ഷെറിൻ:2010:54). ബി.എസ്. ഷെറിന്റെ ഈ അഭിപ്രായം ശ്രദ്ധാർഹമാണ്. ഇസ്ലാമിലെ സ്ത്രീയും മുൻവിധികളും (2010) എന്ന ലേഖനത്തിൽ മുസ്ലീം സ്ത്രീ പ്രതിനിധാനത്തിന്റെ സാമൂഹിക സാംസ്കാരിക രാഷ്ട്രീയ കാരണങ്ങൾ വിശകലനം ചെയ്യുന്നുണ്ട് ഷെറിൻ. ആഖ്യാനങ്ങൾ പ്രതിനിധാനപരമാകുന്നതിനെക്കുറിച്ചുള്ള വിശകലനവും ഈ പഠനത്തിൽ കാണാം.

അസാധാരണരായവരാണ് ചരിത്രത്തിൽ ഇടം നേടിയ സ്ത്രീകൾ. 'മുഖ്യധാര'യിൽ അംഗീകരിക്കപ്പെടാത്തവർക്ക് ചരിത്രത്തിലെ ഇടം 'നിഷിദ്ധ'മാണ്. "The incidental nature of references to women in regular History pertained only to elite women or extraordinary women. They talked of queens who wielded power or of exceptional women like warrior women or saint women" ( Motilal Banerjidas: 2005:123). ചരിത്രത്തിലിടം നേടിയ മുസ്ലീം സ്ത്രീകളെക്കുറിച്ചന്വേഷിക്കുന്ന പ്രബന്ധം മുസ്ലീം സ്ത്രീ സ്വയം ചരിത്രം നിർമിച്ചതെങ്ങനെ എന്ന അന്വേഷണവും നടത്തുന്നു.

ഇസ്ലാമും സ്ത്രീകളും എന്ന ഫാത്തിമാമെർനീസിയുടെ പുസ്തകത്തിൽ ഇസ്ലാമിലെ സ്ത്രീ വ്യക്തിത്വങ്ങളെക്കുറിച്ച് ചർച്ചചെയ്യുന്നു. പ്രവാചകന്റെ ഭാര്യമാരിലൊരാളായ ആയിശയെത്തന്നെയാണ് ആദ്യത്തെ മുസ്ലീം സ്ത്രീ വിപ്ലവകാരിയായി മെർനീസി അവതരിപ്പിക്കുന്നത്. ഇസ്ലാമിന്റെ ചരിത്രവ്യാഖ്യാനത്തെക്കുറിച്ചുള്ള അബദ്ധധാരണകളെ മെർനീസി വിമർശിക്കുന്നു. സ്ത്രീ പുരുഷ സമത്വമെന്ന ആശയം ഇസ്ലാമിൽ അതിന്റെ ആരംഭത്തിൽത്തന്നെ നിലവിലുണ്ട് എന്നവർ സമർഥിക്കുന്നു. മതത്തിൽ പൗരോഹിത്യാധിപത്യം വരുന്നതോടുകൂടി വ്യാഖ്യാനങ്ങളിലൂടെയും വ്യാഖ്യാനങ്ങളുടെ വ്യാഖ്യാനങ്ങളിലൂടെയും മതത്തിന്റെ ആശയധാരകളെ കൂടുതൽ സങ്കീർണമാക്കുകയും അടഞ്ഞതാക്കുകയും ചെയ്ത നിലപാടിനെ അവർ ചോദ്യം ചെയ്യുന്നുണ്ട്.

ഇസ്ലാമിലെ സ്ത്രീകളുടെ ഇടം കൃത്യമായി സ്ഥാനപ്പെടുത്തുന്ന പഠനഗ്രന്ഥം ഇസ്ലാമിക് ഫെമിനിസത്തിന്റെ രീതിപദ്ധതികൾ വെളിപ്പെടുത്തുന്ന പഠനം കൂടിയാണ്. ഇസ്ലാം മതത്തിനകത്തെ സ്ത്രീയുടെ നില സ്ഥാനപ്പെടുത്തുകയാണ് ഗ്രന്ഥം പ്രധാനമായും ചെയ്യുന്നത്. 'ഹദീസു'കളുടെ വ്യാഖ്യാനത്തെ അതുണ്ടായ ചരിത്രസന്ദർഭത്തിൽവെച്ചു പരിശോധിക്കുന്നു. മാത്രമല്ല ചരിത്രധാരണകളുടെ പിൻബലത്തോടെയാണ് അവർ നടത്തുന്ന വിശദീകരണങ്ങൾ. മെർനീസിയുടെ ചിന്തകളുടെ അടിസ്ഥാനമായി വർത്തിക്കുന്ന ആശയങ്ങളിലൊന്നിതാണ്: "ജാഹീലിയയുടെയും അന്ധവിശ്വാസത്തിന്റെയും അവശിഷ്ടമെന്ന നിലയിൽ സ്ത്രീവിരുദ്ധത പാടേ ഉപേക്ഷിക്കാൻ പ്രവാചകൻ തന്റെ അനുയായികളോട് ആവശ്യപ്പെട്ട ചരിത്രപശ്ചാത്തലത്തിലാണ് എല്ലാ സ്ത്രീവിരുദ്ധ സമീപനങ്ങളും ഇസ്ലാമിന്റെ പേരിൽ ഉയർത്തിക്കാണിക്കപ്പെടുന്നത് എന്നത് ആശ്ചര്യമുളവാക്കുന്നു. ഇത് മറ്റൊരു ചോദ്യം ഉന്നയിക്കാൻ ആണ് എന്നെ പ്രേരിപ്പിക്കുന്നത്. ഏഴാം നൂറ്റാണ്ടിൽ അന്ധവിശ്വാസങ്ങളുടെ ആഴങ്ങളിലായിരുന്ന അറബ് സമുദായത്തിൽ ലോകത്തെക്കുറിച്ചും സ്ത്രീകളെക്കുറിച്ചുമുള്ള പുതു സമീപനങ്ങൾ ആവശ്യപ്പെടുന്ന ഇസ്ലാമിന്റെ സന്ദേശം വളരെ ഉപരിതലസ്പർശിയും ചെറുതുമായ സ്വാധീനമായിരിക്കുമോ (ആ സമുദായത്തിൽ) ഒരുപക്ഷേ, ചെലുത്തിയിരിക്കുക" (ഫാത്തിമ മെർനീസി:2009:126).

ഇസ്ലാമിക ചരിത്രത്തിൽ സ്വാധീനം ചെലുത്തിയ ഖദീജാ ബീവി, ഹഫ്സ, ഉമ്മസലമ തുടങ്ങിയ സ്ത്രീകൾക്ക് ഇസ്ലാമിക ചരിത്രത്തിലുള്ള സ്ഥാനം ബോധ്യപ്പെടുത്തുന്നു മെർനീസി. "സമുദായത്തിന്റെ അതിജീവനത്തിന്റെ പ്രശ്നത്തെ അഭിമുഖീകരിച്ച

പ്പോൾ സ്ത്രീകൾ അധികവും രാഷ്ട്രീയ നിലപാടുകൾ എടുത്തിരുന്നില്ല അപ്രകാരം നിലപാടെടുത്ത ഒരു വ്യക്തി ഉമ്മുസലമയായിരുന്നു" (2009:188).

**രാഷ്ട്രീയചരിത്രത്തിലെ മുസ്ലീം സ്ത്രീകൾ**

ആഗോളതലത്തിൽ ഇറാനിലെയും ഇറാഖിലെയും മുസ്ലീം സ്ത്രീ ഭരണാധികാരികൾ ചരിത്രം രചിച്ചവരാണ്. അത്തരം മാതൃകകൾ ഇന്ത്യയിലും കണ്ടെത്താവുന്നതാണ്. 13-ാം നൂറ്റാണ്ടിൽ (1231) ഡൽഹി രാജഭരണം നടത്തിയ ഇൽത്തുമിഷിന്റെ പുത്രി റസിയാ സുൽത്താന 'ഇന്ത്യൻ' ചരിത്രത്തിന്റെ ഭാഗമാണ്. തന്റെ സഹോദരങ്ങളെ പിന്നിലാക്കിയാണ് റസിയ അധികാരത്തിലേറുന്നത് അവർ യുദ്ധത്തിൽ പങ്കെടുത്തിരുന്നു. അധികാരഭ്രഷ്ടയാക്കപ്പെട്ട (ചില ഇഖ്ദാറുകളാൽ) റസിയ അൽത്തുനിയയുമായിച്ചേർന്ന് ഡൽഹി തിരിച്ചുപിടിക്കാനുള്ള ശ്രമത്തിനിടെയാണ് കൊല്ലപ്പെടുന്നത് (Satish Chandra:2007:78). രാജകുടുംബാംഗമായതുകൊണ്ട് മാത്രമല്ല റസിയാ സുൽത്താനയ്ക്ക് അധികാരത്തിലിരിക്കാനായത് എന്ന് ഇതിൽ നിന്നും വ്യക്തമാണ്. അവർ അങ്ങേയറ്റം രാജ്യതന്ത്രശാലി കൂടിയായിരുന്നു. ചരിത്രത്തിലെ റസിയാ സുൽത്താനയുടെ സ്ഥാനം ഉപരിതലമായി പറഞ്ഞുപോകേണ്ടതു മാത്രമല്ല. എന്നാൽ മിക്ക ചരിത്രഗ്രന്ഥങ്ങളും ഈ ചരിത്രവനിതയെ സ്വീകരിക്കുന്നത് ആ നിലയ്ക്കാണ്. ചരിത്രം പരാമർശം മാത്രം നടത്തുന്ന വനിതകൾ നൂർമഹലിനെപ്പോലെ ഇനിയുമുണ്ടാവാം. അത്തരത്തിലുള്ള സൂക്ഷ്മാന്വേഷണങ്ങളിലേക്ക് ഈ ഭാഗം കടക്കുന്നില്ല.

സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത് 'മുഖ്യധാര'യുടെ ശ്രദ്ധയിൽപെട്ടവർ മാത്രമാണ് ചരിത്രത്തിന്റെ ഭാഗമായി പഠിക്കപ്പെടുന്നത്. അതിനായി പരിശ്രമിച്ച അനേകങ്ങൾ ഇന്നും ചരിത്രത്തിനു മുന്നിൽ അപരിചിതരാകുന്നു. സ്ത്രീ പുരുഷഭേദമില്ലാത്ത സ്വാതന്ത്ര്യസമരകാലത്ത് 'ഇന്ത്യയെന്ന' വികാരത്തിന്റെ സാക്ഷാത്കാരത്തിനായി പരിശ്രമിച്ച ഒട്ടേറെപ്പേരുണ്ട്. 1857-ലെ ഒന്നാം സ്വാതന്ത്ര്യസമരത്തിൽ ലക്നൗവിലെ ബീഗം ഹസ്രത്ത് മഹൽ ചെറുതല്ലാത്ത പങ്കുവഹിച്ചു. ഒന്നാം സ്വാതന്ത്ര്യസമരം പൊട്ടിപ്പുറപ്പെട്ടപ്പോൾ ലക്നൗവിൽ സമരം ആസൂത്രണം ചെയ്തത് ബീഗം ഹസ്രത്ത് മഹലാണ് സമരത്തിനൊടുവിൽ ബീഗത്തിന് ലക്നൗവിൽ നിന്നും പലായനം ചെയ്യേണ്ടിവന്നു. എഴുതപ്പെട്ട ചരിത്രഗ്രന്ഥങ്ങൾ വളരെ ചെറിയ സ്ഥാനം മാത്രമാണ് ഹസ്രത്ത് മഹലിന് കൽപിക്കുന്നത്. മാത്രമല്ല 1857-ലെ ഒന്നാം സ്വാതന്ത്ര്യസമരത്തിന്റെ 'നായക'സ്ഥാനം പുരുഷനേതൃത്വത്തിൽ നിക്ഷേപിക്കുകയും ചെയ്യുന്നു.

241 വർഷത്തെ ഭോപ്പാലിന്റെ ചരിത്രജീവിതത്തിൽ 157 വർഷം ഭരണാധികാരികളായിരുന്നത് സ്ത്രീകളാണ് എന്നു വ്യക്തമാക്കുന്ന ഷഹ്റിയാൽ എം. ഖാനിന്റെ പഠനം ശ്രദ്ധേയമാണ്. നേരിട്ടോ അല്ലാതെയോ ഭോപ്പാൽ ഭരിച്ച സ്ത്രീകളുടെ ചരിത്രമാണ് അദ്ദേഹം The Begums of Bhopal-A Dynasty of woman Rulers in Raj India (2000) എന്ന പുസ്തകത്തിൽ വിവരിക്കുന്നത്. ഖാസിയ ബീഗം (1800-1884), സിക്കന്ദർ ബീഗം (1818-68), ഷാജഹാൻ ബീഗം (1838-1901), സുൽത്താൻ ജഹാൻ ബീഗം (1858-1930) തുടങ്ങിയ ഭരണാധികാരികളെക്കുറിച്ചുള്ള വിശദമായ പഠനവും കാണാം. ഭരണാധികാരികൾ എന്ന നിലയിൽ അവർ എല്ലാത്തരത്തിലും കഴിവു തെളിയിച്ചവരാണ് എന്നദ്ദേഹം പറയുന്നു. ഭോപ്പാലിലെ മുസ്ലീം സ്ത്രീ ഭരണാധികാരികൾ അവരുടെ ഭരണമികവു തെളിയിച്ചത് കായികമായ നൈപുണികൾ കൂടി നേടിക്കൊണ്ടാണ്. കുതിരയോട്ടത്തിലും പട്ടാളഭരണത്തിലും യുദ്ധകലാതന്ത്രങ്ങളിലും അവർ മുന്നിൽത്തന്നെ നിന്നു (Shahriyar M.Khan:2000:387).

ഇങ്ങനെ അധികാരസ്ഥാനത്തിരുന്ന് ഭരണം നിർവഹിച്ച ഒട്ടേറെ മുസ്ലീം സ്ത്രീകളെ ഇനിയും കാണാം. സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത മുസ്ലീം സ്ത്രീകളെക്കുറിച്ചുള്ള പഠനങ്ങൾ ലഭ്യമാണ്. ഇതിനെയെല്ലാം മറവിയിലേക്കു തള്ളിനീക്കിയാണ് ചരിത്രത്തിൽ മുസ്ലീം സ്ത്രീ സാന്നിധ്യം അസന്നിഹിതമാകുന്നത്. മുസ്ലീം സ്ത്രീയുടെ ചരിത്രത്തിലെ സ്ഥാനം അടയാളപ്പെടുത്താൻ മറന്നുപോകുന്നു എന്ന തിരിച്ചറിവ് ചില ചരിത്രകാരന്മാർക്കെങ്കിലുമുണ്ട്. "Although the chronicles inform us that muslim women played important political roles, only a few historians have written about powerful women...." (Heraldine Forbes:2005:164). ഭരണാധികാരത്തിന്റേതായ പാരമ്പര്യത്തിനു പുറമെ ആത്മീയരംഗത്തും മുസ്ലീം സ്ത്രീ സാന്നിധ്യമുണ്ട്. കേരളത്തിൽത്തന്നെ മുസ്ലീം സ്ത്രീകളുടെ ജാറങ്ങളെ ആരാധിച്ചുപോരുന്നു. മലപ്പുറത്തും തിരുവനന്തപുരത്തും (പൊന്നാനിയിലെ ഇബ്രാഹീമ ബീവി, ഭീമാ ഉമ്മയുടെ തിരുവനന്തപുരത്തെ ഖബറിടം) ഷംഷാദ് ഹുസൈന്റെ പുസ്തകം ഇതിനെക്കുറിച്ചു വിശദമായി ചർച്ചചെയ്യുന്നു (ന്യൂനപക്ഷത്തിനും ലിംഗപദവിക്കുമിടയിൽ:2010).

മുസ്ലീം സ്ത്രീകളുടെ ചരിത്രാന്വേഷണത്തിൽ അധികാരത്തിന്റെയും ആരാധനയുടെയും അംശങ്ങളെ ഒഴിച്ചുനിർത്തി പരിശോധിക്കുകയാണെങ്കിലും കണക്കിലെടുക്കാവുന്ന നിരവധി മുസ്ലീം സ്ത്രീകൾ സാമൂഹിക സാംസ്കാരിക രംഗത്ത് ഉണർന്നുപ്രവർത്തിച്ചിരുന്നതായിട്ടുണ്ട്. അവരിൽ ചില വ്യക്തിത്വങ്ങളെ പരിചയപ്പെടുത്തുകയാണ് പ്രബന്ധത്തിന്റെ ഇനിയുള്ള ഭാഗം.

ആധുനികത അതുവരെ നിലനിന്ന ജീവിതസാഹചര്യത്തിൽ നിന്നും വ്യത്യസ്തമായി വ്യക്തിയെ കണ്ടെടുക്കുകയും നിർവചിക്കുകയും ചെയ്തു. ഈ വ്യക്തിയാകട്ടെ തീർത്തും രാഷ്ട്രീയമുക്തനായ/മുക്തയായ ഒന്നായിരുന്നുമില്ല. ആധുനികതയുടെ എല്ലാ അധികാരയുക്തികളും പ്രവർത്തിക്കുന്ന സ്വതന്ത്രഇടം കൂടിയായിരുന്നു ഈ ശരീരാധിഷ്ഠിത വ്യക്തി. അതു പുരുഷനായിരുന്നു. കുറച്ചുകൂടി സൂക്ഷ്മമാകുമ്പോൾ അത് 'മുസ്ലീമല്ലാത്ത' പുരുഷ/സ്ത്രീ വ്യക്തിയായി

രുന്നു. ഈ വ്യക്തിയിലാണ് പൗരത്വം നിക്ഷിപ്തമായത്. വ്യക്തിയും പൗരനും നിർവചിക്കപ്പെടുന്ന ആധുനികതയിലാണ് 'അപരത്വ' നിർമിതിയും നടക്കുന്നത്. ഇന്ത്യയെന്ന ദേശീയതയുടെ രൂപീകരണം നടക്കുന്ന ഘട്ടത്തിൽ ഈ അപരത്വനിർമിതിയ്ക്കാധാരമാകുന്നത് മുസ്ലീം വിഭാഗമാണ്. സവിശേഷമായും അപരത്വം അനുഭവിക്കുന്നത് മുസ്ലീം സ്ത്രീകളുമായി

ആധുനികതയുടെ അച്ചടിയുക്തി സംഭവങ്ങൾക്കും ജീവിതത്തിനുതന്നെയും ഒരു രേഖീയമാനം കൽപിച്ചു. ആ രേഖീയതയ്ക്കകത്തു നിൽക്കാത്ത പലതും അപരമാക്കപ്പെട്ടു. സാംസ്കാരികതയെക്കുറിച്ചുള്ള ബോധത്തെതന്നെ ഇതു മാറ്റിമറിച്ചു.

മുസ്ലീം സ്ത്രീയുടെ സാംസ്കാരികരംഗത്തെ സ്വാധീനം അന്വേഷിക്കുകയാണെങ്കിൽ വളരെ മുൻപുതന്നെ സാഹിത്യ സാംസ്കാരിക രംഗങ്ങളിൽ തങ്ങളുടെ കഴിവു തെളിയിച്ചവരാണ് മുസ്ലീം സ്ത്രീകൾ എന്നു കാണാം. വാമൊഴി സാഹിത്യത്തിന്റെ ഒരു ശേഖരംതന്നെ മുസ്ലീം സ്ത്രീകളുടെ കൈവശം സൂക്ഷിപ്പുമുതലായുണ്ടായിരുന്നു. മുസ്ലീം സ്ത്രീകൾ പരിചയിച്ചിരുന്ന ലിപി അറബിമലയാളവുമായിരുന്നു. എന്നാൽ ആധുനികതയുടെ അച്ചടിയുക്തിയിൽ വരമൊഴിക്കായി സ്ഥാനം. അറിവുരൂപങ്ങളിൽ അറബിമലയാളവുമുണ്ടായിരുന്നില്ല. ഇത് ചരിത്രരൂപത്തെ നിർണയിച്ച ഘടകങ്ങളിലൊന്നാണ്.

നവോത്ഥാനാധുനികതയുടെ സാമൂഹിക പരിഷ്കരണശ്രമങ്ങൾ മുസ്ലീം സ്ത്രീ പരിഷ്കരിക്കപ്പെടേണ്ട വസ്തുവാണെന്ന ധാരണ ഉറപ്പിച്ചു. മുസ്ലീം സ്ത്രീപരിഷ്കരണത്തിലൂടെ മാത്രമേ മതനവീകരണവും നടക്കുകയുള്ളുവെന്ന് പരിഷ്കർത്താക്കൾ ഉറച്ചു വിശ്വസിച്ചു. സാമൂഹിക പരിഷ്കർത്താക്കൾ പൊതുവിലും മതപരിഷ്കർത്താക്കൾ സവിശേഷമായും ഈ ധാരണ പങ്കുവെച്ചു. (കേരളമുസ്ലീംകൾ അധിനിവേശവിരുദ്ധപോരാട്ടത്തിന്റെ പ്രത്യയശാസ്ത്രം-2008). സമുദായത്തിനകത്തുനിന്നും പുറത്തുനിന്നും ഇത്തരം ധാരണകൾ പ്രചരിക്കുന്നുണ്ട്. നവോത്ഥാനകാലത്ത് മുസ്ലീം സമൂഹത്തിൽ നിന്നും 'ഉയർന്നുവരുന്ന' പരിഷ്കർത്താക്കൾ പുരുഷന്മാരാകുന്നതിതുകൊണ്ടാണ്. മതത്തിനകത്തെ സ്ത്രീകൾ മുഴുവൻ കർതൃത്വശേഷിയില്ലാത്തവരാണ് എന്ന നിഗമനത്തിനകത്താണ് ഇത്തരം ചിന്തകൾ സ്ഥാപിക്കപ്പെടുന്നത്. മതത്തിനകത്തുതന്നെയുള്ള വൈവിധ്യങ്ങളെയും വ്യതിരിക്തതകളെയും ഉദ്ദേശ്യങ്ങളെയും ഒട്ടുംതന്നെ പരിഗണനയ്ക്കെടുക്കാതെ മുസ്ലീം സ്ത്രീ വികസനേതരയാണ് എന്ന വാർപ്പുമാതൃക രൂപീകരിക്കപ്പെടുന്നു. ഭരണതലത്തെ വരെ പ്രതിനിധീകരിച്ചിരുന്ന ഈ വിഭാഗം തമസ്കരണത്തിനടിപ്പെടുന്നു. ഇത്തരം തമസ്കരണങ്ങളിലൂടെയാണ് ചരിത്രം ആധുനിക 'ഇന്ത്യാചരിത്രം' രൂപീകരിക്കുന്നത്. ആ യുക്തി ഊന്നുന്നത് ഹൈന്ദവത എന്ന ഏക ആശയത്തിലാണ് എന്ന് 'ഇസ്ലാമിലെ സ്ത്രീയും മുൻവിധികളും' എന്ന ലേഖനത്തിൽ ബി. എസ്. ഷെറിൻ വാദിക്കുന്നുണ്ട്.

കേരളത്തിന്റെ സവിശേഷ സാമൂഹിക സാംസ്കാരികാന്തരീക്ഷത്തിൽ പലനിലകളിൽ ഇടപെട്ടിട്ടുള്ളവരാണ് മുസ്ലീം സ്ത്രീകൾ. 'വികസനേതരർ' എന്ന് ആധുനിക സമൂഹം തിരിച്ചറിയുന്ന ഇവർ സാംസ്കാരിക രംഗത്ത് നിറസാന്നിധ്യമായിരുന്നു എന്ന് റൊളാങ് ഇ. മില്ലറിനെപ്പോലുള്ളവർ പറയുന്നുണ്ട്. കേരളത്തിലെ മുസ്ലീം സമൂഹത്തിനകത്ത് പ്രചരിച്ചിരുന്ന മാപ്പിളപ്പാട്ടിലെ സ്ത്രീ സാന്നിധ്യത്തെക്കുറിച്ച് മില്ലർ അഭിപ്രായപ്പെടുന്നു: "ചില വിശേഷാവസരങ്ങളിൽ മാപ്പിള സ്ത്രീകൾ പാടുന്ന നീളമേറിയ ഗാനങ്ങളാണ് മാപ്പിളപ്പാട്ടുകൾ. സമുദായത്തിൽ നിലനിൽക്കുന്ന പിരിമുറുക്കങ്ങളെയാണിവർ അവതരിപ്പിക്കുന്നത്" (Roland E. Miller:1982:291). മാപ്പിളപ്പാട്ടിന്റെ ലോകങ്ങളെ തങ്ങളുടെ വ്യവഹാരഭൂമിയാക്കി മതത്തിനകത്തെ അധികാരരൂപങ്ങളെ വിമർശിക്കാനുള്ള സ്വാതന്ത്ര്യം മുസ്ലീം സ്ത്രീകൾ അനുഭവിച്ചുപോന്നിരുന്നു. ഗവേഷകയായ ഷംഷാദ് ഹുസൈൻ ഇത്തരം പാട്ടുകൾ സമാഹരിച്ചവതരിപ്പിച്ചിട്ടുണ്ട് (ന്യൂനപക്ഷത്തിനും ലിംഗപദവിക്കുമിടയിൽ:2010). കൂടാതെ ജെ. ദേവിക, ബി.എസ്. ഷെറിൻ തുടങ്ങിയവർ ചരിത്രത്തിലെ മുസ്ലീം സ്ത്രീ ഇടപെടലുകളെക്കുറിച്ച് ഗവേഷണാത്മക അന്വേഷണം നടത്തിയവരാണ് (Herself, കുലസ്ത്രീയും ചന്തപ്പെണ്ണും ഉണ്ടായതെങ്ങനെ?).

മലബാറിലെ മുസ്ലീം സ്ത്രീകളുടെ ആചാരങ്ങളും വിശ്വാസങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്നു മാപ്പിളപ്പാട്ടുകൾ. ഇവ വിശ്വാസങ്ങളുമായി ബന്ധപ്പെട്ടുള്ള പാട്ടുകളായിരുന്നു എന്നതിനോടൊപ്പംതന്നെ വിശേഷാവസരങ്ങളിൽ പാടിയിരുന്നവയുമായിരുന്നു. സ്ത്രീകളായിരുന്നു പാട്ടുകെട്ടുന്നതിലും അവതരിപ്പിക്കുന്നതിലും പ്രധാന സ്ഥാനം വഹിച്ചിരുന്നത് എന്ന് ഷംഷാദ് ഹുസൈൻ അഭിപ്രായപ്പെടുന്നുണ്ട്. അറബിമലയാളം ലിപി എഴുതാനും വായിക്കാനുമറിയാവുന്ന ഇക്കൂട്ടരെ ആധുനികതയുടെ 'അറിവു'ബോധ്യങ്ങളാണ് നിരക്ഷരരാക്കി മാറ്റിയത്.

ആധുനികതയുടെ വികസനമൂല്യങ്ങളിലോ, അറിവുരൂപങ്ങളിലോ അറബിമലയാളം സ്ഥാനം പിടിച്ചില്ല എന്നതുകൊണ്ട് മുസ്ലീം സ്ത്രീകൾ അക്ഷരാഭ്യാസമില്ലാത്തവരായി മാറുന്നു. വികസനേതരർ, സ്വന്തം സമുദായത്തിന്റെ ഇര, പുരുഷാധികാരത്തിനു വിധേയപ്പെടുന്നവൾ, ബഹുഭാര്യാത്വം അനുഭവിക്കുന്നവൾ, അറിവില്ലാത്തവൾ എന്നിങ്ങനെയുള്ള വാർപ്പുമാതൃകാരൂപീകരണം മുസ്ലീം സ്ത്രീകളെക്കുറിച്ചുണ്ടാവുകയും ഇസ്ലാമിനെക്കുറിച്ചുള്ള എല്ലാത്തരം ആഖ്യാനങ്ങളുടെയും 'കേന്ദ്ര'മായി പർദ്ദ ധരിച്ച മുസ്ലീം സ്ത്രീ മാറ്റപ്പെടുകയും ചെയ്തു. ഇസ്ലാമിന്റെ അപരിഷ്കൃതത്വത്തെ കാണിക്കാനായി പർദ്ദ ധരിച്ച സ്ത്രീയുടെ ചിത്രം ഉപയോഗിക്കുന്നു. ഈ പ്രബന്ധം അത്തരം സംവാദങ്ങൾ ചർച്ചചെയ്യുന്നില്ല.

മതപഠനം നടത്തുകമാത്രമല്ല മതംപഠിപ്പിക്കുന്നവരായും സ്ത്രീകൾ പ്രവർത്തിച്ചിരുന്നു. ആധുനിക

വിദ്യാഭ്യാസമൂല്യങ്ങൾ വന്നതോടുകൂടി ഇവർ ആർജി ച്ചിരുന്ന വിദ്യാഭ്യാസം മതവിദ്യാഭ്യാസം മാത്രമായി ഒതുങ്ങി. മുസ്ലീം നവോത്ഥാന പ്രവർത്തകരുടെ മുസ്ലീം സ്ത്രീ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള അഭിപ്രാ യത്തെ ഈ നിലയ്ക്കു കാണണം. ആധുനിക വിദ്യാ ഭ്യാസത്തോട് മുസ്ലീം സമുദായം വിയോജിപ്പ് പ്രകടി പ്പിക്കാനുണ്ടായ സാഹചര്യം ഇംഗ്ലീഷുകാർ നടത്തിയ ഭരണപരിഷ്കാരത്തോടുള്ള അതൃപ്തിയാണ് എന്ന് അബ്ദുറഹിമാൻകുട്ടി അഭിപ്രായപ്പെടുന്നു.

കേരളത്തിന്റെ ചരിത്രസന്ദർഭങ്ങളിൽ മുസ്ലീം സ്ത്രീകൾ നേരിട്ടു പങ്കെടുത്ത സന്ദർഭങ്ങളുമുണ്ട്. "1921-ലെ മാപ്പിളകലാപത്തിൽ മുസ്ലീം സ്ത്രീകൾ പങ്കെടുത്തിരുന്നു. 1921-ലെ മാപ്പിളലഹളയിൽ സ്ത്രീകൾ പലപ്പോഴും ഏറ്റുമുട്ടലുകളിൽ പങ്കെടുത്തി രുന്നുവെന്ന സൂചന രേഖകളിലുണ്ട്. 1921-ൽ നടന്ന 'പൂക്കോട്ടൂർ യുദ്ധം' എന്ന ഏറ്റുമുട്ടലിൽ ബ്രിട്ടീഷു കാരെ എതിരിട്ട മാപ്പിളമാരുടെ സംഘത്തിൽ സ്ത്രീക ളുണ്ടായിരുന്നുവെന്ന് സർക്കാർ രേഖകൾ വെളിപ്പെ ടുത്തുന്നു. പുരുഷന്മാരെ കൈയാമം വെയ്ക്കുന്നതു തടയാനും ചിലയിടത്ത് ബ്രിട്ടീഷ് പട്ടാളത്തെ ആക്ര മിക്കാനും മാപ്പിളസ്ത്രീകൾ തയ്യാറായിയെന്ന് ഔദ്യോ ഗിക രേഖകൾ പറയുന്നു" (ജെ.ദേവിക:2010:61).

'മലബാർ കലാപത്തിന്റെ വാമൊഴിപ്പാരമ്പര്യം' (2005) എന്ന ഗവേഷണ പ്രബന്ധത്തിൽ മുഖ്യധാരാ ചരിത്രം അവഗണിച്ച കലാപത്തിന്റെ ഗാർഹികതല ത്തിൽ നിന്നുകൊണ്ടുള്ള ആഖ്യാനത്തിന് പ്രാധാന്യം നൽകുന്നു ഷംഷാദ് ഹുസൈൻ. വാമൊഴി ആഖ്യാ നങ്ങൾക്കു പ്രാമുഖ്യം നൽകുന്ന പ്രബന്ധം സൂക്ഷ്മ മായ ചരിത്രാന്വേഷണം നടത്തുന്നു. ചരിത്രത്തിന്റെ രേഖീയ, ദ്വന്ദ്വാത്മക യുക്തിയെ നിരസിക്കുന്നു. ആണുങ്ങളെല്ലാം ഒളിവിലായ സാഹചര്യത്തിൽ കുടും ബത്തിന്റെയും സമ്പത്തിന്റെയും സംരക്ഷണമേറ്റെ ടുത്ത ഉമ്മയെക്കുറിച്ച് പ്രബന്ധം ആഖ്യാനം ചെയ്യു ന്നുണ്ട്. അതുകൊണ്ടുതന്നെ അനുഭവചരിത്രമായ പ്രബന്ധം അനുഭൂതിയുടെ ചരിത്രവുമാകുന്നു.

ചരിത്രത്തിന്റെ തിരഞ്ഞെടുപ്പുകളിൽ സ്ഥാനം കിട്ടാതെ പോകുന്ന ആഖ്യാനങ്ങളും സംഭവങ്ങളും ആ ജ്ഞാനപദ്ധതിയിൽ എന്നും അകലേയ്ക്കു മാറ്റി നിർത്തപ്പെടുന്നു. ഇങ്ങനെ ഒതുക്കലുകളും നിരത്ത ലുകളും നടത്തിയ ആഖ്യാനങ്ങളാണ് 'ചരിത്ര'മെന്ന ജ്ഞാനപദ്ധതിയായി സ്വീകരിക്കപ്പെടുന്നത്. അവിടെ മുസ്ലീം സ്ത്രീയുടെ പ്രവർത്തനങ്ങൾ ഏറെയൊന്നും കണ്ടെടുക്കാൻ കഴിയില്ല എന്നതാണ് ഈ പ്രബന്ധ ത്തിന്റെ നിലപാട്. സ്ത്രീകളെ വേർതിരിച്ചു മനസി ലാക്കാൻ മാത്രമുള്ള ഒന്നായല്ല ഇത്തരം പരിശ്രമ ങ്ങളെ മനസിലാക്കേണ്ടത് മറിച്ച്, കുറച്ചുകൂടി സൂക്ഷ്മ മായ 'സത്യാത്മക'മായ വ്യത്യസ്തതകളെക്കുറിച്ചു ള്ള ചരിത്രം തിരിച്ചറിയുന്നതിനാണ്.

**മുസ്ലീം സ്ത്രീയുടെ ചരിത്രം**

കേരള നവോത്ഥാന ചരിത്രം മുസ്ലീം സ്ത്രീ പരി ഷ്കരണത്തെക്കുറിച്ചു നിരന്തരം ഓർമിപ്പിക്കുന്ന തെല്ലാം പുരുഷ ആഖ്യാനങ്ങളിലൂടെയാണ്. സ്ത്രീക ളെക്കുറിച്ചു സംസാരിച്ചതെല്ലാം പുരുഷന്മാരാണ്. സമ കാലികമായി മാത്രമാണ് കേരളത്തിന്റെ നവോത്ഥാന ചരിത്രത്തിൽ ഇടപെട്ട ശക്തമായ മുസ്ലീം സ്ത്രീക ളെക്കുറിച്ചു മനസിലാക്കുന്നത്. കേരളത്തിലെ മുസ്ലീം സ്ത്രീ ചരിത്രത്തിൽ നിർണായകമായ ഇടപെടലുകൾ നടത്തിയ സാന്നിധ്യമാണ് ഏ. ഹലീമ ബീവി. ചരി ത്രത്തിലെ മുസ്ലീം സ്ത്രീ പ്രതിനിധാനം എന്ന നില യിൽ ജെ. ദേവിക, ഷംഷാദ് ഹുസൈൻ എന്നിവരെ പ്പോലുള്ള ഗവേഷകർ ഹലീമ ബീവിയുടെ സ്ഥാനം ഉറപ്പിക്കുന്നുണ്ട്.

50-60 കളിൽ കേരളത്തിലെ ആദ്യകാല മുസ്ലീം മാസികകളായിരുന്ന അൻസാരി, അൽമനാർ, മുസ്ലീം റിവ്യൂ തുടങ്ങിയവയിലൂടെ നിരന്തരം എഴുതിക്കൊണ്ടി രുന്ന 15-ഓളം മുസ്ലീം സ്ത്രീകളെക്കുറിച്ച് ഷംഷാദ് ഹുസൈൻ പരാമർശിക്കുന്നുണ്ട്. അവരിൽ എഴുത്തു കൊണ്ടും ചിന്താരീതികൊണ്ടും ശ്രദ്ധേയയായിരുന്നു. ഹലീമാ ബീവി എന്ന് അവരുടെ വിശദീകരണത്തിൽ നിന്നും മനസിലാക്കാം. മുസ്ലീം സമുദായത്തിനകത്തെ അസമത്വങ്ങളെ ചോദ്യം ചെയ്യുന്നതോടൊപ്പംതന്നെ പൊതുസമൂഹത്തിന്റെ 'മുസ്ലീം സ്ത്രീ' നിലപാടുക ളെക്കുറിച്ച് സംശയം ഉന്നയിക്കുന്നുമുണ്ട്. പ്രധാന മായും ഹലീമാ ബീവി ഊന്നുന്നത് മുസ്ലീം സ്ത്രീവി ദ്യാഭ്യാസത്തിലാണ്.

സമരപഥങ്ങളിലെ സ്ത്രീവ്യക്തിത്വങ്ങളെ അവത രിപ്പിക്കുന്നതിന്റെ ഭാഗമായി നിരവധി സ്ത്രീകൾ പൊതുസമൂഹത്തിൽ അവതരിപ്പിക്കപ്പെടുന്നുണ്ട്. അവയിൽ മുസ്ലീം സ്ത്രീയുടെ പ്രവർത്തനം എന്ന നിലയിൽതന്നെ വളരെയധികം തിരിച്ചറിയപ്പെട്ടിട്ടുള്ള വ്യക്തിത്വമാണ് ഹലീമാ ബീവിയുടേത്. മുസ്ലീം നവോ ത്ഥാനത്തിന്റെ ഭാഗമായി ഇന്ന് മുഖ്യധാരാ ഹലീമാ ബീവിയെ മനസിലാക്കുന്നു. "സമുദായത്തിലെ അന്ധ വിശ്വാസങ്ങളും അനാചാരങ്ങളും ഉന്മൂലനം ചെയ്ത് മതപരവും വിദ്യാഭ്യാസപരവും സാംസ്കാരികവുമായ മുന്നേറ്റമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെയായിരുന്നു ഹലീമാ ബീവിയുടെ പൊതുപ്രവർത്തനം" (കൃഷ്ണ കുമാരി: 2012:53). എന്നാൽ മുസ്ലീം നവോത്ഥാനം മാത്രമായിരുന്നില്ല അവരുടെ ലക്ഷ്യം എന്ന് അവരുടെ ലേഖനങ്ങളിൽ നിന്നും പ്രസംഗങ്ങളിൽ നിന്നും മന സിലാക്കാം.

മതത്തിനകത്ത് മുസ്ലീം സ്ത്രീകൾക്കു ലഭിച്ചിരുന്ന സ്വാതന്ത്ര്യത്തെ വേണ്ടവിധം ഉപയോഗിക്കേണ്ടതി ന്റെയും മതത്തിൽ സ്ത്രീകൾക്കുള്ള സ്ഥാനത്തെക്കു റിച്ചുള്ള അജ്ഞതയെയും കുറിച്ചുള്ളതാണ് അവരുടെ മിക്ക പ്രസംഗങ്ങളും ലേഖനങ്ങളും ഹലീമാ ബീവി യെ സാമൂഹിക നവോത്ഥാനത്തിന്റെ വക്താവ് എന്ന തിലുപരി നവോത്ഥാനത്തിലെ മുസ്ലീം സ്ത്രീ പ്രവർത്തകയായി കാണണം.

Herself (കൽപ്പനയുടെ മാറ്റൊലി-മലയാളവി വർത്തനം) എന്ന പുസ്തകത്തിൽ ജെ.ദേവിക ആയി

**ശേഷം പേജ് 49 ൽ**



ദീപ വി.കെ.

# സ്ത്രീയും ഭ്രാന്തും

ഈ വിഷയം എന്നെത്തേടിയെത്തിയതിൽ  ഞാൻ സന്തുഷ്ടയാണ്, കാരണം ഭ്രാന്തമായ, കൈവിട്ട അവസ്ഥകളെക്കുറിച്ചു ഞാനെന്നും ആലോചിക്കാറുണ്ട്. കുട്ടിക്കാലം മുതൽ കേട്ടറിഞ്ഞതോ കണ്ടറിഞ്ഞതോ ആയ ഭ്രാന്ത് എന്ന അസ്വാഭാവികമായ അവസ്ഥയെ മുതിർന്നപ്പോൾ മറ്റൊരു രീതിയിൽ അനുഭവിച്ചറിഞ്ഞയാളാണ് ഞാൻ. തികച്ചും കൈവിട്ട അവസ്ഥയിലല്ലാതെ കാല്പനികമായി കൂടി പെൺഭ്രാന്തിനെ നോക്കിക്കാണാനാണ് എനിക്കിഷ്ടം

ചെറിയ ചെറിയ ആഗ്രഹങ്ങൾ കൂട്ടിവെക്കുന്ന പെണ്മനസ്സുകളുണ്ട്, ചിലപ്പോഴൊക്കെ ആരോടും പങ്കിടാൻ പറ്റാതെ, അല്ലെങ്കിൽ പങ്കിട്ടാലും മറ്റാർക്കും മനസ്സിലാവില്ലെന്ന തിരിച്ചറിവോടെ അവരതു മനസ്സിന്റെ ആഴങ്ങളിൽ സ്വരുക്കൂട്ടിവെക്കും. പിന്നീട് എന്നെങ്കിലും പ്രകടിപ്പിക്കാൻ തോന്നുമ്പോൾ തുറന്നുവിടും. സമൂഹം ഇതിനു കൽപ്പിച്ചു നൽകുന്ന പേരും ഭ്രാന്ത് എന്നുതന്നെയാവും. അത് ഒരു സ്ത്രീയെ സംബന്ധിച്ചിടത്തോളം ആഗ്രഹങ്ങളുടെ ഭ്രാന്താണ്. ഒരു പക്ഷിയെ, പുഴയെ, മഴയെ, കടലിനെ ഒക്കെ കാണാനും ആസ്വദിക്കാനും ഭ്രാന്തില്ലാത്ത ഏതു പെൺമനസ്സാണുള്ളത്. ഭ്രാന്തമായ ഒരു പ്രണയം അനുഭവിച്ചറിഞ്ഞ ആളാണ് ഞാൻ. എന്തോ തിരസ്കരിക്കും തോറും ഭ്രാന്തമായി പിന്നെയും പിന്നെയും പ്രണയിച്ചു കൊണ്ടേയിരുന്നു. സ്വയം നഷ്ടപ്പെടുമ്പോൾ കൂടെ അതിന്റെ ആഴങ്ങളിൽ കൂടി സഞ്ചരിക്കാൻ ഒരു പെണ്മനസ്സിനു കഴിയും.



ഞാനെപ്പോഴും റോഡരികിൽ കാണുന്ന പെൺ/ആൺ ഭ്രാന്തികളെ നിരീക്ഷിക്കാനിഷ്ടപ്പെടാറുണ്ട്. അപ്പോഴൊക്കെ എനിക്ക് തോന്നിയ ഒരു കാര്യമുണ്ട്, ആ അവസ്ഥയിൽ പോലും സ്ത്രീകൾ മനസ്സിന്റെ ആഴങ്ങളിൽ നിശബ്ദരായി സഞ്ചരിക്കുന്നവരാണ്, പുറമേയൊന്നും കാണുകയില്ല.

പിന്നെയും ചെറിയ ചെറിയ അസ്വാഭാവികമായ അവസ്ഥയിൽ പോവുന്ന പെൺകുട്ടികളെ ഞാൻ ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റി ഹോസ്റ്റലിൽ കണ്ടിട്ടുണ്ട്, എപ്പോഴൊക്കെയോ ഞാനും അങ്ങിനെയൊക്കെ ആയിത്തീർന്നിട്ടുണ്ടാകുമെന്നെനിക്കറിയാം. കാരണം പറഞ്ഞറിയിക്കാനാവാത്ത ഒറ്റപ്പെട്ട അവസ്ഥകളിൽ കൂടെ കടന്നുപോവുന്നവരാണ് ഗവേഷകർ മിക്കപ്പോഴും. അതൊരു അവസ്ഥയാണ്. ഒറ്റക്കിരിക്കാനാഗ്രഹിക്കുമ്പോഴും കൂട്ട് വേണമെന്ന് തോന്നുന്ന അവസ്ഥ. പിന്നീടെപ്പോഴോ മനസ്സ് അവനവനോടുതന്നെ കലഹിച്ചുകൊണ്ടേയിരിക്കും, പിന്നെ അറിയാതെ കൈവിട്ടുപോവും. അങ്ങനെ ഒരു മൂർദ്ധന്യാവസ്ഥയിൽ ആരോടും സംസാരിക്കാതെ തന്നോടു തന്നെ സംസാരിക്കുന്നവരുണ്ട്.

ഇതൊക്കെയായാലും കൊച്ചു കൊച്ചു ഭ്രാന്തുകൾ സൂക്ഷിക്കാനെനിക്കിഷ്ടമാണ്.




പുസ്തകയാത്രകൾ



എം.ഡി.രാധിക

# സ്ത്രീവാദം സ്വയം വിമർശിക്കുമ്പോൾ




രസിച്ചുവായിക്കാനുള്ള ഒരു പുസ്തകമല്ല ഫിലോസഫി പ്രൊഫസറായ ജാനറ്റ് റാഡ്ക്ലിഫ് റിച്ചേർഡ്സിന്റെ 'The Sceptical Feminist' (സന്ദേഹിയായ സ്ത്രീവാദി); ശ്രദ്ധാപൂർവ്വം വായിക്കാനുള്ള ഒന്നാണ്. പുരുഷൻ സ്ത്രീക്കെതിരേയുള്ള തന്റെ ദ്രോഹങ്ങളെ ന്യായീകരിക്കാൻ ഉപയോഗിച്ച ഉപകരണമെന്ന പേരിൽ സ്ത്രീവാദികൾ സംശയത്തോടെ കാണുന്ന ഒന്നാണ് യുക്തി (reason). അത് ഭാവനക്കും വികാരത്തിനും എതിരാണെന്നും അവരിൽ ചിലർ കരുതുന്നു. എന്നാൽ ശാസ്ത്രത്തിന്റെ കുതിപ്പുകളിൽപ്പോലും ഭാവന പ്രവർത്തിച്ചിട്ടുണ്ട് എന്ന് നമുക്കറിയാം. അതുപോലെ അന്ധമായ വൈകാരികതയെ മാത്രമേ യുക്തി ചോദ്യം ചെയ്യുന്നുള്ളു; സത്യാന്വേഷണത്തിൽ വികാരത്തെ മുഴുവനായി വിശ്വസിക്കരുതെന്ന് അത് മുന്നറിയിപ്പു നൽകുന്നു. അനുഭവത്തെ, അതുനൽകുന്ന ജ്ഞാനത്തെ മാത്രം കണക്കിലെടുക്കുന്ന empirical നിലപാടുകളോട് ഈ എഴുത്തുകാരിക്ക് യോജിപ്പില്ല. യുക്തിഭദ്രതയിൽ അധിഷ്ഠിതമായി

**ലിംഗവിവേചനം സമൂഹത്തിൽ നിലനിൽക്കുന്നിടത്തോളം സ്ത്രീവാദത്തിന്റെ പ്രസക്തി ആർക്കും ചോദ്യം ചെയ്യാനാകില്ല.**

**സ്വന്തം സിദ്ധാന്തങ്ങൾക്കെതിരെ ചിലപ്പോഴെങ്കിലും ജീവിതമുയർത്തുന്ന തെളിവുകൾ അത് വിനയപൂർവ്വം സ്വീകരിക്കണം. ഒരു തരത്തിലുള്ള അയുക്തികതയും യുക്തിയാൽ കെട്ടിപ്പെടുത്ത ഈ പ്രസ്ഥാനത്തിന് താങ്ങാനാകില്ല. പുരുഷന്റെ ദുർവാദങ്ങൾക്കെതിരെ നിശ്ശബ്ദം മുഖംതിരിക്കാതെ, യുക്തിഭദ്രമായി അവയെ വാദിച്ചു ജയിക്കാൻ സ്ത്രീവാദം തയ്യാറാവണം.**

രിക്കണം നമ്മുടെ ചിന്ത. ഒരിക്കലും അവസാനിക്കാത്ത മുൻവിധികളില്ലാത്ത ഒരന്വേഷണത്തിന് ഫെമിനിസം തയ്യാറാകണം. ലിംഗവിവേചനം സമൂഹത്തിൽ നിലനിൽക്കുന്നിടത്തോളം സ്ത്രീവാദത്തിന്റെ പ്രസക്തി ആർക്കും ചോദ്യം ചെയ്യാനാകില്ല. എന്നാൽ ഫെമിനിസം Dogmatic (അടിസ്ഥാനമില്ലാതെ ആധികാരികത അവലംബിക്കൽ) ആകരുത്. സ്വന്തം സിദ്ധാന്തങ്ങൾക്കെതിരെ ചിലപ്പോഴെങ്കിലും ജീവിതമുയർത്തുന്ന തെളിവുകൾ അത് വിനയപൂർവ്വം സ്വീകരിക്കണം. ഒരു തരത്തിലുള്ള അയുക്തികതയും യുക്തിയാൽ കെട്ടിപ്പടുത്ത ഈ പ്രസ്ഥാനത്തിന് താങ്ങാനാകില്ല. പുരുഷന്റെ ദുർവാദങ്ങൾക്കെതിരെ നിശ്ശബ്ദം മുഖംതിരിക്കാതെ, യുക്തിഭദ്രമായി അവയെ വാദിച്ചു ജയിക്കാൻ സ്ത്രീവാദം തയ്യാറാവണം.

എന്നാൽ പുരുഷബുദ്ധിയിൽ നല്ല ആശയങ്ങളും ഉരുത്തിരിഞ്ഞുവന്നിട്ടുണ്ട്. അവയെ സ്ത്രീവാദത്തിന്റെ പേരിൽ കയ്യൊഴിയരുത്. സ്ത്രീയുടെ നീതിക്കു വേണ്ടിയുള്ള സമരങ്ങളിൽ പുരുഷന്റെ രാഷ്ട്രീയപങ്കാളിത്തമാവാം. ഇല്ലെങ്കിൽ സ്ത്രീവാദം വെറും സ്ത്രീപുരുഷകലഹം (the battle of the sexes) മാത്രമായി ചുരുങ്ങിപ്പോകും. സ്ത്രീകൾ മാത്രമല്ല ലോകത്ത് അടിച്ചമർത്തൽ അനുഭവിക്കുന്നത്. കഷ്ടപ്പെടുന്ന പുരുഷന്മാരും ഇവിടെയുണ്ട്. അവർക്കും കൂടി നീതി ലഭിക്കണമെന്നേ ഒരു യഥാർത്ഥസ്ത്രീവാദി ആഗ്രഹിക്കൂ. അല്ലാത്തതരം സ്ത്രീവാദം പുരുഷനോടുള്ള അനീതിയിൽ എത്തിച്ചേരാൻ സാദ്ധ്യതയുണ്ടുതാനും. സ്ത്രീസാഹോദര്യം (sisterhood) എന്ന ആശയം ഫെമിനിസത്തിൽ ശക്തമാണ്. എന്നാലിതൊരു group thinking (ശരാശരി ആൾക്കൂട്ടചിന്ത) ന്റെ അപകടങ്ങളിലേക്കു നയിക്കരുത്. കൂട്ടത്തിൽ കൂടുതൽ തെളിഞ്ഞ വീക്ഷണമുള്ള ഒരുവളെ, അവളുടെ വ്യത്യസ്താഭിപ്രായത്തെ അംഗീകരിക്കണം. അവളുടെ കഴിവ് പ്രസ്ഥാനത്തിന്റെ വളർച്ചക്കായി ഉപയോഗിക്കണം.

സ്ത്രീവാദം പ്രകൃതിവിരുദ്ധമാണ് എന്ന് വാദിക്കുന്നവരുണ്ട്. പ്രകൃതിയുള്ളതെല്ലാം നല്ലത് എന്ന തെറ്റായ ചിന്തയാണതിനു പിന്നിൽ. അങ്ങനെയെങ്കിൽ ശാസ്ത്രപുരോഗതി ചീത്തയെന്നു പറയേണ്ടിവരില്ലെ? മുലപ്പാൽ പ്രകൃതിയിൽ ഉള്ളതാകയാൽ അല്ല അത് നല്ലതെന്നു പറയുന്നത്. പരീക്ഷണങ്ങളിലൂടെ മറ്റേതിനേക്കാളും അതുതന്നെയാണ് മെച്ചം എന്നു കണ്ടെത്തിയതിനാൽ മാത്രമാണ്. അതുകൊണ്ടു തന്നെ, നിങ്ങൾ പറയുന്നത് പ്രകൃതിവിരുദ്ധം (unnatural) ആണ് എന്നു പറഞ്ഞ് തർക്കത്തിനു വരുന്നവരോട് ഈ തരത്തിൽ സംവാദം മുന്നോട്ടു കൊണ്ടുപോവുന്നത് പ്രയോജനരഹിതമാണെന്ന് സ്ത്രീവാദി പറയണം.

എന്താണ് സ്വാതന്ത്ര്യം? ഓരോ വ്യക്തിക്കും സ്വന്തം ഇഷ്ടമനുസരിച്ച് ജീവിതം കരുപ്പിടിക്കാൻ കഴിയുന്ന അവസ്ഥയാണത്. വ്യക്തിയുടെ സഹജതയെ അതേറ്റവും മാനിക്കുന്നു, വ്യക്തിക്ക് സമൂഹം സ്വാതന്ത്ര്യം നിഷേധിക്കേണ്ടത് അയാൾ മറ്റുള്ളവർക്ക് ഉപദ്രവമുണ്ടാക്കുമ്പോൾ മാത്രമാണ്. ഒരു സ്ത്രീയെ അവൾക്കിഷ്ടമുള്ള കാര്യങ്ങൾ ചെയ്യുന്നതിൽ നിന്ന് സ്ത്രീവാദം ഒരിക്കലും വിലക്കരുത്. ഉദാ: അണിഞ്ഞൊരുങ്ങൽ. സൗന്ദര്യം പ്രകൃതിയിലായാലും കലയിലായാലും വ്യക്തികളിലായാലും ആഹ്ലാദദായകമാണ്. മാദ്ധ്യമങ്ങൾ നിർമ്മിക്കുന്ന സൗന്ദര്യസങ്കല്പങ്ങൾക്ക് കീഴ്പ്പെടണമെന്നല്ല പറയുന്നത്. പൊതുരുചികളെ ചെറുത്ത് സ്വന്തം ഇച്ഛ തനിമയോടെ ആവിഷ്കരിക്കണം. അപ്പോൾ ബഹുവിധ സൗന്ദര്യങ്ങൾ ഉണ്ടാവും. തടിച്ച പെണ്ണിനെ ഇഷ്ടമാണെന്നു പറയാൻ പേടിക്കാത്ത പുരുഷന്മാർ ഉണ്ടാവും. പറഞ്ഞുവരുന്നത് തീവ്രവിരക്തിയും (austerity), അതിരൂക്ഷധാർമ്മികതയും (puritanism) സ്ത്രീവാദത്തിന്റെ മുഖമുദ്രകളാവേണ്ടതില്ല എന്നാണ്. യഥാർത്ഥവിമോചകർ വ്യക്തിക്ക് കൂടുതൽ തെരഞ്ഞെടുപ്പുകൾ നൽകുന്നവരാണ്, അവ വെട്ടിക്കുറക്കുന്നവരല്ല. സ്ത്രീവാദം ചെയ്യേണ്ടത് അസന്തുഷ്ടയായ സ്ത്രീയെ അവളുടെ ഇന്നത്തെ അവസ്ഥ എങ്ങനെ വന്നുചേർന്നു എന്നതിനെപ്പറ്റി ബോധവൽക്കരിക്കുകയും അതു മാറ്റാൻ അവളെ സഹായിക്കുകയുമാണ്; അല്ലാതെ സ്വന്തം പ്രത്യയശാസ്ത്രം സ്ത്രീകളിൽ അടിച്ചേല്പിക്കുകയല്ല.

തുല്യനീതിക്കു വേണ്ടി വാദിക്കുന്നവർ ഓർക്കേണ്ട ഒരു കാര്യം അത് സ്ത്രീപുരുഷന്മാർക്കിടയിൽ മാത്രമല്ല, ബുദ്ധിയുള്ളവർക്കും ബുദ്ധികുറഞ്ഞവർക്കും ആരോഗ്യമുള്ളവർക്കും അംഗപരിമിതർക്കും, വെളുത്തവർക്കും ഇരുണ്ടവർക്കും പൊക്കമുള്ളവർക്കും പൊക്കം കുറഞ്ഞവർക്കും ഒക്കെ ഇടയിലും വേണം എന്നതാണ്. ഒരു സ്ത്രീവാദിയാവുകയെന്നാൽ എല്ലാവരുടേയും തുല്യതക്കനുകൂലമായി നിലകൊള്ളുക എന്ന അർത്ഥവുമുണ്ട്. എന്നാൽ reverse discrimination (വിപരീതവിവേചനം അഥവാ സംവരണം) ചില കാര്യങ്ങളിൽ വേണ്ടി വരും.

കൂടുതൽ സാമൂഹ്യനീതിക്കായുള്ള ഒരു വഴിയെന്ന നിലയിൽ അതിനെ സ്വീകരിക്കണം.

പുരുഷനെ അപേക്ഷിച്ച് കുറവുകൾ ഉള്ളവളെന്ന് (defective male) തോമസ് ആകിനാസ് (Thomas Aquinas - പതിമൂന്നാം നൂറ്റാണ്ടിലെ ഇറ്റലിക്കാരനായ ചിന്തകനും ദൈവശാസ്ത്രജ്ഞനും) സ്ത്രീയെ വിശേഷിപ്പിച്ചു. എന്നാൽ സത്യത്തിൽ പ്രസവിക്കുക, മുലയൂട്ടുക എന്നീ അധികകഴിവുകൾ അയാളേക്കാൾ ഉള്ളവളാണ് സ്ത്രീ. ഇതിൽ പുരുഷൻ അസൂയാലുവായിരിക്കും. അതുകൊണ്ടായിരിക്കാം രണ്ടുപേർക്കും ഒന്നുപോലെ വ്യാപരിക്കാൻ കഴിയുന്ന പല മേഖലകളിൽ നിന്നും അവളെ മാറ്റി നിർത്താൻ അയാൾ ശ്രമിച്ചത്. സ്ത്രീയെ മുന്നോട്ട് വരാൻ മുൻകൈയ്യെടുക്കാൻ അനുവദിക്കാത്ത എല്ലാ ആചാരങ്ങളെയും നാട്ടുനടപ്പുകളേയും സ്ത്രീവാദം ചോദ്യം ചെയ്യണം. പുരുഷന്റെ തെറ്റുകൾ ചൂണ്ടിക്കാണിക്കാൻ, ശക്തമായി സംസാരിക്കാൻ, ലൈംഗികകാര്യങ്ങളിൽ മുൻകൈയ്യെടുക്കാൻ, തന്റെ പുരുഷനേക്കാൾ ജോലിയിൽ മികവു തെളിയിക്കാൻ, റോഡപകടങ്ങളിൽപ്പെടുമ്പോൾ അയാളെ സഹായിക്കാൻ ഒക്കെ അവൾക്കു കഴിയും. അതിനവൾക്ക് പൂർണ്ണമായ അവകാശം ഉണ്ടായിരിക്കണം. പരമ്പരാഗതസ്ത്രൈണതാസങ്കല്പം പലപ്പോഴും സ്ത്രീയുടെ ആകർഷണീയത കുറക്കുകയാണ് ചെയ്യുന്നത്. വാസ്തവത്തിൽ സ്വാതന്ത്ര്യം, കരുത്ത്, സൗമ്യത, വശ്യത (charm), ചാരുത (grace), ബുദ്ധിശക്തി, വിജയം എന്നിവ രണ്ടുകൂട്ടരേയും ഒന്നുപോലെ പ്രിയങ്കരരാക്കുന്ന കാര്യങ്ങളാണ്.

തനതായ കഴിവുകൾ ഉപയോഗിക്കാനുള്ള അവസരം ഓരോ സ്ത്രീക്കും ലഭ്യമാവണം. പല വീട്ടമ്മമാർക്കും ഇതിനു കഴിയുന്നില്ല. തങ്ങളേക്കാൾ കഴിവ് കുറഞ്ഞവർക്ക് ചിലപ്പോൾ കൂടുതൽ ഭംഗിയായി ചെയ്യാൻ കഴിയുന്ന പ്രവൃത്തികൾ മാത്രം നിത്യവും ഏറ്റെടുക്കാൻ അവർ നിർബന്ധിതരാവുന്നു. അങ്ങനെ ഘടദീപങ്ങളാവുന്നു. അത്തരക്കാരെ വീടും കുടുംബവുമാണ് മറ്റെല്ലാറ്റിലും മൂല്യവത്തെന്നും നിങ്ങളുടെ ജീവിതം അതിനാൽ തന്നെ എത്ര മഹനീയം എന്നുമൊക്കെ പൊക്കിപ്പറഞ്ഞ് നിങ്ങൾ വഞ്ചിക്കരുത്. ഗൃഹഭരണത്തിൽ മാത്രം വ്യാപരിക്കാൻ താല്പര്യമുള്ള സ്ത്രീകൾക്ക് അതാവാം. അല്ലാത്തവർക്ക് മറ്റ് ആത്മാവിഷ്ക്കാരസാദ്ധ്യതകൾ ഉണ്ടായേ പറ്റൂ.

ദേശീയവാദം (nationalism) എപ്പോഴും ജനസംഖ്യാവർദ്ധന ആവശ്യപ്പെടുന്നു. സ്പാർട്ട (sparta) മുതൽ നാത്സി (Nazi) ജർമ്മനി വരെ ഇക്കാര്യത്തിൽ ഒരുപോലെയായിരുന്നു. നാടിനു വേണ്ടി പൊരുതി മരിക്കാൻ ധാരാളം പേർ വേണമല്ലോ. വികസ്വരരാജ്യങ്ങളും പൊതുവേ ആൾപ്പെരുപ്പത്തെ സ്വാഗതം ചെയ്യുന്നു. അദ്ധ്വാനിക്കാൻ ജനം വേണം. ന്യൂനപക്ഷങ്ങൾക്ക് ഭൂരിപക്ഷമാവാനും പെണ്ണുങ്ങൾ കൂടുതൽ പ്രസവിച്ചേ മതിയാവൂ. ഗർഭനിരോധനമാർഗ്ഗങ്ങൾ ഇതിനാൽ തന്നെ നിരുത്സാഹപ്പെടുത്തപ്പെടാം. എന്നാൽ കുട്ടികൾ വേണ്ടാത്തവരെ അതിനു നിർബന്ധിച്ചല്ല ഇക്കൂട്ടർ തങ്ങൾക്കാവശ്യമുള്ളത് നേടിയെടുക്കേണ്ടത്; കുട്ടികൾ വേണമെന്നുള്ളവർക്ക് അതിനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിച്ചുകൊണ്ടായിരിക്കണം. ഗർഭഛിദ്രത്തിന്റെ വിഷയം വരുമ്പോൾ ജീവന്റെ മൂല്യത്തെപ്പറ്റി വല്ലാതെ വാചാലരാവുന്ന ചിലരുണ്ട്. എന്നാൽ സീമോങ്ങ് ദ ബുവ ചൂണ്ടിക്കാണിച്ച പോലെ യുദ്ധം, അപകടങ്ങൾ, ക്ഷാമം, മൃഗപീഡനം (സങ്കുചിത മാനവകേന്ദ്രിതത്വത്തിന്റെ – human chavuvinism- സൃഷ്ടി), പരിസ്ഥിതിനാശം എന്നീ പ്രശ്നങ്ങൾ വരുമ്പോൾ അവർ നിശ്ശബ്ദരാണ്. അത്തരക്കാരുടെ കാപട്യം വ്യക്തം. ബലാൽസംഗത്തിലൂടെ ഉണ്ടാവുന്ന ഗർഭം അലസിപ്പിക്കാം എന്നുണ്ട്. ഭ്രൂണത്തിന്റെ അവകാശം അവിടെ കണക്കിലെടുക്കപ്പെടുന്നില്ല. ജീവിതത്തിൽ അതിനു വന്നുചേരാവുന്ന കഷ്ടപ്പാടുകൾ ഓർത്ത് കേടുള്ള ഭ്രൂണം നശിപ്പിക്കുന്നു. എന്നാൽ പല മംഗോൾ കുട്ടികളും സന്തുഷ്ടരായി കാണപ്പെടുന്നു. ഇത്തരത്തിൽ വൈരുദ്ധ്യങ്ങൾ പലതുണ്ട്. എന്തുതന്നെയായാലും ആരും സന്തോഷത്തോടെ കാണുന്ന ഒന്നല്ല ഗർഭഛിദ്രം. ഗർഭനിരോധനം തന്നെയാണ് കൂടുതൽ സ്വീകാര്യം. എന്നുവെച്ച് സ്ത്രീയുടെ ലൈംഗികതയെ ശിക്ഷിക്കുക എന്ന ഗൂഢോദ്ദേശത്തോടെ ഗർഭഛിദ്രത്തെ പാടേ എതിർക്കുന്നത് ശരിയല്ല. ജീവന്റെ മൂല്യം അതിന്റെ സങ്കീർണ്ണതക്കും സ്വയംനിർണയശക്തിക്കും (autonomy) ആനുപാതികമായി കണക്കാക്കുകയാണെങ്കിൽ, കാലേക്കൂട്ടിയുള്ള, ഉരുവായ ഉടനേയുള്ള, ഗർഭഛിദ്രം അത്ര വലിയ ഒരു തെറ്റായി കാണേണ്ട

**സത്യത്തിൽ പ്രസവിക്കുക, മുലയൂട്ടുക എന്നീ അധികകഴിവുകൾ അയാളേക്കാൾ ഉള്ളവളാണ് സ്ത്രീ. ഇതിൽ പുരുഷൻ അസൂയാലുവായിരിക്കും. അതുകൊണ്ടായിരിക്കാം രണ്ടുപേർക്കും ഒന്നുപോലെ വ്യാപരിക്കാൻ കഴിയുന്ന പല മേഖലകളിൽ നിന്നും അവളെ മാറ്റി നിർത്താൻ അയാൾ ശ്രമിച്ചത്. സ്ത്രീയെ മുന്നോട്ട് വരാൻ മുൻകൈയ്യെടുക്കാൻ അനുവദിക്കാത്ത എല്ലാ ആചാരങ്ങളെയും നാട്ടുനടപ്പുകളേയും സ്ത്രീവാദം ചോദ്യം ചെയ്യണം.**

തില്ല എന്നാണ് ഗ്രന്ഥകാരിയുടെ പക്ഷം. പുരുഷന്മാർ കുട്ടികൾ വേണമെന്നാഗ്രഹിക്കുന്നത് സ്വന്തം അനന്തരാവകാശികളെ കിട്ടാനാണ് എന്നൊരാശയം സ്ത്രീവാദത്തിലുണ്ട്. എന്നാൽ സ്ത്രീകളെപ്പോലെ തന്നെ പുരുഷന്മാരും മക്കളുമായുള്ള അനന്യമായ വ്യക്തിബന്ധം ആഗ്രഹിക്കുന്നതുകൊണ്ടുമാവാം അത് എന്ന് റിച്ചേർഡ്സ് നമ്മെ ഓർമ്മിപ്പിക്കുന്നു.

പാരമ്പര്യത്തിൽ നല്ലതും ചീത്തയും ഉണ്ടാവാം. പൊതിയഴിച്ചുനോക്കി ശ്രദ്ധാപൂർവ്വം അവ രണ്ടും വേർതിരിച്ച് നല്ലത് സ്വീകരിച്ച് ചീത്തയെ കളയണം. മറ്റുള്ളവർ വിലമതിക്കുന്ന ചില കാര്യങ്ങൾ അപ്പേ പിഴുതെറിയണമെന്നാവശ്യപ്പെടാൻ സ്ത്രീവാദികൾക്കവകാശമില്ല. പക്ഷേ അവർക്ക് സ്ത്രീകൾ കൊടുക്കുന്ന വില എത്ര വലുതാണ് എന്ന് ചൂണ്ടിക്കാണിക്കാം. ഉദാഹരണത്തിന് കുടുംബം - അതൊരു മധുരമനോജ്ഞസങ്കല്പമായിരിക്കാം. എന്നാൽ അതിനെ അതേപടി നിലനിർത്താൻ സ്ത്രീ സഹിക്കേണ്ടി വരുന്ന കാര്യങ്ങളോ എന്നു ചോദിച്ച് അതിനെ ചർച്ചാവിഷയമാക്കാം.

ഫ്യൂഡലിസത്തിൽ നിന്ന് ലിബറലിസത്തിലേക്കും പിന്നെ കമ്മ്യൂണിസത്തിലേക്കുമൊക്കെ രാഷ്ട്രീയപശ്ചാത്തലം മാറുകയുണ്ടായി. ഫ്രഞ്ച്/ അമേരിക്കൻ വിപ്ലവങ്ങൾ പോലെ സ്വാതന്ത്ര്യസമരങ്ങൾ പലതുണ്ടായി. എന്നാൽ ഇവയൊന്നും സ്ത്രീയുടെ അവസ്ഥയിൽ കാര്യമായ വ്യതിയാനങ്ങൾ ഉണ്ടാക്കിയില്ല. അതിന് സ്ത്രീപുരുഷതുല്യതക്കായി പൊരുതുന്ന സ്ത്രീവാദം തന്നെ വേണ്ടിവന്നു. എല്ലാം സ്ത്രീയുടെ രീതിയിൽ മാറ്റിപ്പണിയണമെന്നു പറയുന്ന റാഡിക്കൽ ഫെമിനിസത്തേക്കാൾ, ഏതു വ്യവസ്ഥയിലും സ്ത്രീപുരുഷതുല്യത ഉറപ്പുവരുത്തണം എന്നു വാദിക്കുന്ന egalitarian ഫെമിനിസത്തോടാണ് ജാനറ്റ് റാഡ്ക്ലിഫ് റിച്ചേർഡ്സിനു ചായ്വ്. എക്കാലത്തും പ്രസക്തമായ ഫെമിനിസം അതാണ് എന്നവർ ഉറച്ചു വിശ്വസിക്കുന്നു. ഒരുദാഹരണമെടുത്താൽ, ഒരു സ്ത്രീവാദതത്വചിന്തക്കായി ശ്രമിക്കുകയല്ല, മറിച്ച് തത്വചിന്തയിൽ സ്ത്രീപ്രശ്നങ്ങൾ എപ്പോഴും ഉയർത്തിക്കൊണ്ടുവരിക എന്നതാവണം സ്ത്രീവാദികൾ ചെയ്യേണ്ടത്.

**പുസ്തകത്തിൽ നിന്ന്**

'ഏറ്റവും താഴേക്കിടയിലുള്ളവരുടെ സൗഖ്യം നോക്കിയാണ് ഏതുതരം സമൂഹമാണ് ഏറ്റവും നൈതികം എന്ന വിലയിരുത്തേണ്ടത്.' പുറം : 131

**ജാനറ്റ് റാഡ്ക്ലിഫ്, ദ് സ്കെപ്റ്റിക്കൽ ഫെമിനിസ്റ്റ് , ലണ്ടൻ: പെൻഗ്വിൻ, 1994 (1980).**

---

## പേജ് 44 തുടർച്ച

ഷാമായൻ എന്ന പുരോഗമനാശയക്കാരിയായ മുസ്ലീം സ്ത്രീവ്യക്തിത്വത്തെ പരിചയപ്പെടുത്തുന്നുണ്ട്. "വടക്കേ മലബാറിൽ (1914) തലശ്ശേരിയിൽ ജനിച്ച ആയിഷാമായൻ വിദ്യാഭ്യാസരംഗത്തും കായികരംഗത്തും പ്രഭാഷണകലയിലും തന്റെ കഴിവു തെളിയിച്ച വ്യക്തിയാണ്. മലബാറിലെ വിദ്യാർഥികൾക്കിടയിൽത്തന്നെ ഉയർന്ന മാർക്കോടുകൂടി യൂണിവേഴ്സിറ്റി ... സമ്പാദിച്ച സ്ത്രീകളിൽ ഒരാളായിരുന്നു അവർ. വിദ്യാഭ്യാസരംഗത്ത് വിവിധ നിലകളിൽ അവർ പ്രവർത്തിച്ചുവന്നു. സ്ത്രീവിദ്യാഭ്യാസത്തിനു പ്രാധാന്യം കൊടുത്തുകൊണ്ടുള്ള വിവിധ പരിപാടികൾ അവർ സംഘടിപ്പിച്ചു" (J. Devika:2005:165). സമാനസന്ദർഭത്തിലലെങ്കിലും നഫീസത്തു ബീവിയെക്കുറിച്ച് ഗീതയുടെ ആഖ്യാനം കാണാം. നിലമ്പൂർ ആയിശ കലാരംഗത്തു പ്രവർത്തനമികവു തെളിയിച്ച മറ്റൊരു വ്യക്തിത്വമാണ്. ഇനിയും വിവരിക്കപ്പെടേണ്ട ധാരാളം വ്യക്തിത്വങ്ങൾ കാണാം. ഉഷാസക്കറിയാസിന്റെ മാറാട് കലാപത്തെക്കുറിച്ചുള്ള ലേഖനം 'ഇര'യാക്കപ്പെടുന്ന മുസ്ലീം സ്ത്രീയെക്കുറിച്ചുള്ള സൂക്ഷ്മനിരീക്ഷണമാണവതരിപ്പിക്കുന്നത്. ഗുജറാത്തനന്തര കേരളത്തിൽ മുസ്ലീം സ്ത്രീ അപരയാക്കപ്പെടുന്നതിന്റെ രാഷ്ട്രീയം അവർ ചർച്ചചെയ്യുന്നു (2006:55–75).

### ഉപസംഹാരം

കേരളത്തിന്റെ തെക്കുനിന്നും വടക്കുനിന്നുമുള്ള മുസ്ലീം സ്ത്രീചലനങ്ങൾ ധാരാളമുണ്ടായിട്ടുണ്ട് എന്ന് മുസ്ലീം സ്ത്രീയുടെ ചരിത്രത്തെക്കുറിച്ചന്വേഷിക്കുമ്പോൾ മനസിലാക്കാം. അവരെല്ലാം പ്രകടമായിത്തന്നെ ഇന്ത്യൻ, കേരളചരിത്രത്തിൽ ഇടപെട്ടവരാണ്. ചരിത്രം അരികുകളിലേക്കു മാറ്റിനിർത്തിയ ധാരാളം വ്യക്തിത്വങ്ങൾ ഇനിയും മറയ്ക്കപ്പെട്ടാണിരിക്കുന്നത്. കല്യാണങ്ങൾക്കും മറ്റു വിശേഷാവസരങ്ങൾക്കും പാട്ടുകെട്ടിയിരുന്നവർ, ഓത്തു പഠിപ്പിച്ചിരുന്നവർ, ആരാധ്യരായിത്തീർന്നവർ എന്നു തുടങ്ങി ഗാർഹികമെന്നു മാറ്റിനിർത്തപ്പെട്ട വ്യവഹാരങ്ങളിൽ ശക്തമായ ഭരണനൈപുണി തെളിയിച്ചവർ എന്നിവരെയൊക്കെ ചരിത്രം അതിന്റെ ഏതുതരം ആഖ്യാനങ്ങളിലാണ് ഒതുക്കിക്കെട്ടിയിരുന്നത്? ഇത്തരം പ്രവർത്തനങ്ങളും ഇടപെടുന്ന വ്യവഹാരങ്ങളും ഒന്നുംതന്നെ പരിഗണിക്കാതെയാണ് മുഖ്യധാരാചരിത്രം 'മുസ്ലീം സ്ത്രീ'യെ പുരുഷന്റെയും മതത്തിന്റെയും ഇരയായി മാത്രം കാണുന്നത്. അത്തരം ആഖ്യാനങ്ങളുടെ രാഷ്ട്രീയമാണ് പുറത്തുകൊണ്ടുവരേണ്ടത്. നവോത്ഥാനത്തിന്റെ ആധുനികവത്കരണമാണ് ഒരു പരിധിവരെ ഇത്തരം ആഖ്യാനങ്ങൾക്കു സ്വാതന്ത്ര്യം കൊടുത്തത്. 'മുസ്ലീം സ്ത്രീ' അവിടെ ചില വാർപ്പുമാതൃകാരൂപീകരണത്തിനുള്ളിലായി. ക്രമേണ അത്തരം ആഖ്യാനം സ്ഥാപിക്കപ്പെടുകയും എന്നേയ്ക്കുമായിത്തീരുകയും ചെയ്തു. മുസ്ലീം സ്ത്രീ സമൂഹത്തിന്റെ ഇത്തരം നിലപാടുകളോടുള്ള വിയോജിപ്പാണ് ഇവിടെ ചർച്ചയ്ക്കെടുത്തത്. അത് സൂക്ഷ്മചരിത്രനിർമിതിക്കു സഹായകമാകും എന്ന കാഴ്ചയാണ് പ്രബന്ധം മുന്നോട്ടുവെയ്ക്കുന്നത്.





ഡോ.ജാൻസി ജോസ്

# വാസ്തവം

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ത്യൻജനതയെ (പട്ടിണിപ്പാവങ്ങളെ) ഒട്ടൊന്നുമല്ല മൂക്കുകൊണ്ട് ക്ഷ, ത്ര, ജ്ഞ വരപ്പിച്ചത്. റേഷൻ, നോട്ട്, പെട്രോൾ എന്നിങ്ങനെ അത്യാവശ്യസാധനങ്ങൾ വെട്ടിക്കുറിച്ചും നിരോധിച്ചും വിലകൂട്ടിയും മനുഷ്യനെ ബുദ്ധമുട്ടിച്ചതിൽ കണക്കൊന്നുമില്ല. ദാരിദ്ര്യനിർമ്മർജ്ജനമാണ് ലക്ഷ്യമെന്നു പറയുമ്പോൾ ദരിദ്രരെ നിർമ്മാർജ്ജനം ചെയ്യാനാണോ ആസൂത്രണങ്ങളൊക്കെ എന്നു തോന്നിപ്പിക്കും. എന്തായാലും എന്തൊക്കെയോ ലക്ഷ്യം വെച്ചുള്ള മുന്നോക്കം പോക്കാണ്. ഉള്ളവർക്ക് മാത്രം ജീവിക്കാനുള്ള സൗകര്യമൊരുക്കുന്ന പടയോട്ടത്തിലാണോ എന്നും സംശയിക്കേണ്ടിയിരിക്കുന്നു. 20,000 രൂപ കോടി മുടക്കി ഗംഗാനദി ശുചീകരിക്കാൻ തയ്യാറാവുന്നതിൽ കുഴപ്പമൊന്നുമില്ല. എല്ലാവർഷവും ഇത്രയും കോടി രൂപാ വിശുദ്ധഗംഗക്കു വേണ്ടിയല്ലേ ചെലവാക്കുന്നത് എന്ന് സമാധാനിക്കാം. 3600 കോടി രൂപാ മുടക്കി ശിവജിയുടെ പ്രതിമ സ്ഥാപിക്കുമ്പോഴെങ്കിലും നമ്മുടെ ദാരിദ്ര്യ രാജ്യം നന്നാവുമായിരിക്കും.

നമ്മുടെ കേരളത്തിലേക്കൊന്നു തിരിഞ്ഞാലോ? അഴിമതിക്കാർക്ക് ഒരു തരത്തിലും അഴിഞ്ഞാടാൻ അവസരമൊരുക്കാത്ത ഗവൺമെന്റാണ് ഇടതുപക്ഷ സർക്കാർ. എന്നാൽ കൃത്യമായ ഇടങ്ങളിലേക്കൊന്നും നോട്ടം എത്തുന്നില്ല എന്നുപറയാതിരിക്കാനാവില്ല. വളരെ പ്രതീക്ഷയോടെ എല്ലാം ശരിയാകുമെന്നു കാത്തിരുന്നിട്ടും ഒന്നും അങ്ങട്ട് നടക്കുന്നില്ല. ഭരണം അങ്ങട്ട് ഫീൽ ചെയ്യുന്നില്ല. മാലിന്യ പ്രശ്നത്തിൽ ഒന്നും ചെയ്യാനായില്ല. സർക്കാർ ആശുപത്രികൾ നരകങ്ങളാണ്. പണം കൊടുക്കാതെ ഒരു കാര്യവും നടക്കില്ല. ഓപ്പറേഷൻ കഴിഞ്ഞാലും കിടക്കുന്നത് വരാന്തയിലാണ്. അവിടെ വരുന്ന എല്ലാവരും ബി.പി.എൽകാരാണ്

ബി.പി.എല്ലിന്റെ കാര്യം പറയുമ്പോഴാ തമാശ, വാടകയ്ക്കു താമസിക്കുന്ന എന്റെ ഉടമസ്ഥക്ക് ഞാൻ താമസിക്കുന്ന രണ്ടു നില വീടു കൂടാതെ അവർ താമസിക്കുന്ന രണ്ടുനില (അലങ്കരിച്ച) വീടുമുണ്ട്. എന്നിട്ടും അവർ ബി.പി.എല്ലിലാണ്. ബി.പി.എല്ലിന്റെ മാനദണ്ഡം മാറേണ്ടതുണ്ട്. പണക്കാരിയായ വിധവയ്ക്ക് മൂന്നും നാലും മക്കൾ ഗൾഫിലുള്ള വിധവയ്ക്കും ബി.പി.എൽ ആനുകൂല്യം കൊടുക്കേണ്ടതുണ്ടോ? പാവപ്പെട്ട ആളുകളെ തിരിച്ചറിയാൻ പറ്റാത്ത സംസ്ഥാനമായിമാറുന്നുണ്ടെങ്കിൽ അതു കേരളത്തിന്റെ നാശം തന്നെയാണ്. ആദിവാസി ക്ഷേമത്തിന് ഉപയോഗിക്കേണ്ട ഫണ്ടെല്ലാം എവിടെ പോകുന്നു? സ്വന്തം വീടിന്റെ അടുക്കളയിൽ ശവം കുഴിച്ചിടേണ്ടിവരുന്ന ഗതികേട് അവർക്കെങ്ങനെ വന്നു? സംസ്ക്കാരസമ്പന്നരായ കേരളീയർക്കു പോലും ഒരു പൊതുജീവിതരീതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. നമ്മുടെ പൊതുഇടങ്ങളെല്ലാം മലിനമായിരിക്കുകയാണ്. ഒരു ശുദ്ധികലശം കൂടിയേ തീരൂ. ആരു നടത്തും എന്നറിയില്ല എന്നുനടത്തുമെന്നും.

സ്ത്രീക്ഷേമത്തിന്റെ കാര്യത്തിൽ മതാദ്ധ്യക്ഷന്മാരും മറ്റും വളരെ കരുതലെടുക്കുന്നുണ്ട് എന്നത് ആശ്വാസകരം! കുട്ടികളെ ജനിപ്പിക്കാൻ മത്സര ബുദ്ധിയോടെ മുന്നോട്ടു വരണമെന്ന് ഇടുക്കി മെത്രാൻ. സ്ത്രീകൾ പേറ്റുയന്ത്രങ്ങളായി പിൻമടങ്ങേണ്ടത് ഓരോരുത്തരുടേയും ആവശ്യമായിമാറിയിരിക്കുന്നു എന്നു തോന്നുന്നു. ഭർത്താവിനെ രണ്ടുകെട്ടാൻ അനുവദിക്കാത്ത സ്ത്രീകൾക്ക് ഇമാൻ ഇല്ല.

നനഎന്ന് ഇസ്ലാമിക പ്രഭാഷകൻ മുജാഹിദ് ബാലുശ്ശേരി. ഇവർക്കൊക്കെ എന്തിന്റെ കേടാണ് എന്ന് ആർക്കാണെന്നറിയാത്തത്? ഇവരുടെയൊക്കെ കൈയിലല്ലേ സ്ത്രീകളുടെ ഭാവി. ഒന്നിനും അതിശയമില്ലേ ഇതൊക്കെത്തന്നെയാ നടക്കേണ്ടത്.



സിന്ധു കെ.വി.
മലയാള വിഭാഗം അദ്ധ്യാപിക,
സി.എ.എസ്. കോളേജ്, മാടായി

# ഗന്ധമാദനത്തിലെ കിനായാത്രകൾ

'ഉന്മാദത്തിന്റെ
രസനൂലാവണം
ഇങ്ങേയറ്റത്ത്
വെയിലൊഴുകുന്ന
ആ പുഴയെ കെട്ടണം
ചവിട്ടിക്കയറിയ
കിനാക്കൊമ്പത്ത്
തൂങ്ങിക്കിടന്ന്
താഴെ
ഭൂമിയെക്കാണണം '



അഴിഞ്ഞു പറക്കുന്ന സ്വതന്ത്രമായ തോന്നലുകളെയാണോ ഉന്മാദമെന്നു പറയേണ്ടത്? ഏകാന്തതകളുടേയും ദുരന്തങ്ങളുടേയും അടിവാരത്തിരുന്ന് ഉരുളൻ കല്ലുകൾ നിറഞ്ഞ നേർത്ത വഴികളുള്ള പർവതങ്ങൾ ചവിട്ടിക്കയറുന്നതും നിബിഡവനങ്ങളിൽ അർത്ഥമേതുമില്ലാതെ അലയുന്നതും തികച്ചും അന്യമായ രാജ്യങ്ങളിൽ സഞ്ചാരിയായി തൊട്ടു നടക്കുന്നതും അനേകമനേകമായ കടൽക്കരകളിൽ അസ്തമനം കാണുന്നതും ദരിദ്രമായ തെരുവോരങ്ങളിൽ പാട്ടുപാടുന്നതും അനുഭവിക്കാനാവുന്ന ഒരാളായി മാറുന്നത് നിസ്സഹായതയുടെ ഏത് ആഴങ്ങളിൽ നിന്നാവണം!

എന്റെയുന്മാദമാണ് എന്റെ ശക്തി! ലോകമേ നീ ചവിട്ടിത്താഴ്ത്തും തോറും ഉയരുന്ന ഈ പത്തികൾ കിനാക്കളുടെ മൂപ്പെത്തിയ വിത്തുകളിലാണ് നാമ്പിടുന്നത്. അങ്ങേയറ്റം പിരിമുറുക്കമുള്ള ഒരു ദിവസത്തിന്റെയന്ത്യത്തിൽ എന്റെ വൈകുന്നേരമോടിച്ചെന്നത് ഏതോ മലയോരത്തിന്റെ നനഞ്ഞ സന്ധ്യയിലേക്കായിരുന്നു. സ്ഥലമേതെന്നറിയില്ല.

അവിടെ അതൊരു മഞ്ഞുകാലമായിരുന്നു എന്നു തോന്നുന്നു. മടക്കുകളിൽ പൊടുന്നനെ ലോകം മാറുന്ന ഇടങ്ങളിലൂടെ യാത്രചെയ്യുന്നത് ആദ്യമായിട്ടല്ലാതിരുന്നതിനാൽ അതിശയമൊന്നും തോന്നിയില്ല. ആത്മാവിനൊരു മിസ്റ്റിക് ഫീൽ തരുന്ന കോടയോട് കാലാവസ്ഥകളിൽ എനിക്കിത്തിരി പ്രിയം കൂടുതലാണ്. നിറമുള്ള പൂക്കൾ അതിരിട്ട ഭംഗിയുള്ള വീടുകൾക്കും നിരനിരയായുള്ള കെട്ടിടങ്ങൾക്കുമപ്പുറത്തേക്കു പോയ കണ്ണുകളിൽ പെട്ടെന്നു തണുപ്പു കേറിവരികയും അതെന്നെ പൈൻമരങ്ങളുടെ മറ്റൊരു ലോകത്തേക്ക് നയിക്കുകയും ചെയ്

**എന്റെയുന്മാദമാണ് എന്റെ ശക്തി! ലോകമേ നീ ചവിട്ടിത്താഴ്ത്തും തോറും ഉയരുന്ന ഈ പത്തികൾ കിനാക്കളുടെ മൂപ്പെത്തിയ വിത്തുകളിലാണ് നാമ്പിടുന്നത്.**

തു. കുതിരപ്പുറത്തും കെട്ടിപ്പിടിച്ചും ആളുകൾ വിഹരിക്കുന്ന ഒരു താഴ്‌വാരത്തിനു ചേർന്ന് ഞാനും നോക്കി. മഞ്ഞാണോ മഴയാണോ എന്നു തിരിച്ചറിയാത്ത ഒരു കാലം പുറത്തുനിന്നെന്നെ കാത്തുവിളിച്ചു. എന്റെ പിങ്കുസാരിയെ മഞ്ഞു തൊട്ടു നനച്ചു. ഞാനെന്റെ കുട വലിച്ചെറിയുകയും ആവോളം ആഴത്തിൽ തണുപ്പിനെ ഉള്ളിലേക്കെടുക്കാൻ ശ്രമിക്കുകയും ചെയ്തു. തണുപ്പാണ് ! ലോകമത്രമേൽ നനുത്ത ഒരു മഴയാണ് !

നടന്നുകയറാൻ പടവുകളുള്ള ഒരു മലമുകളിലേക്കുള്ള യാത്രയായിരുന്നു. തൊട്ടുമുന്നിൽ പോലും ആരെയും കാണാത്ത പടവിൽ ലോകത്തെ ആദ്യത്തെയും അവസാനത്തെയും ആളെന്നപോലെ. അടിവാരത്തിൽ പാർവതീപ്രതിഷ്ഠയ്ക്കുമുന്നിൽ വച്ച് പൂജാരി നനച്ചുതന്ന ചന്ദനത്തിന്റെ നേർത്ത സുഗന്ധം. ഭാരമില്ലായ്മയുടെ സുഖത്തിൽ അത്രയും ശാന്തമായ അവസ്ഥയിൽ ഒരു പറവയെപ്പോലെ ആ കുന്നിൻമേലെ ചിറകുവിടർത്തിനിന്നു.

വഴിയരികിലെമ്പാടും അപ്പോൾ കാപ്പിപൂത്തിരുന്നു. അത്രയും വശ്യമായ മറ്റൊരു ഗന്ധമില്ലെന്നെതുപോലെ കാലുകൾ നടത്തയ്ക്കു വശപ്പെടാതെ മടിച്ചുനിന്നു. മഞ്ഞുവീണുനനഞ്ഞ കാപ്പിച്ചെടികളുടെ പ്രസരിപ്പുള്ള പ്രഭാതം. അധികം വെളിച്ചമില്ലാത്ത ആ ചെറിയ കടയ്ക്കുമുന്നിൽ ആവിപാറുന്ന കാപ്പിക്കപ്പുമായി നിന്ന നേരം നിറയെപ്പഴുത്ത ഓറഞ്ചുകളുമായും മുറിച്ചെടുത്ത പലതരം ഇലകളുമായൊക്കെ വാഹനങ്ങൾ ഏതോ ചന്തയിലേക്ക് പോയ്ക്കൊണ്ടിരിക്കുന്നുണ്ടായിരുന്നു. എങ്ങും പോകേണ്ടതില്ലാത്ത ഒരു ഫ്രീസ് ചെയ്ത നേരവുമായി ഞാനും എന്റെ ലോകവും അങ്ങനിരുന്നു.

സ്ഥലകാലങ്ങൾ അർത്ഥശൂന്യമാക്കുന്ന അവസ്ഥകളെ എന്തു പേരിട്ടാണ് വിളിക്കേണ്ടത്!

ഇഴപിരിഞ്ഞ ഇലഞ്ഞിമരച്ചുവട്ടിൽ അട്ടം നോക്കിക്കിടക്കുമ്പോൾ അന്നൊക്കെ ഞാനാലോചിച്ചിരുന്നത് അനിഴം നാളുകാരുടെ ജന്മനക്ഷത്രവൃക്ഷമായതുകൊണ്ടാവാം ഇലഞ്ഞിയോടുപ്രിയമെന്നാണോ, ആവോ ആർക്കറിയാം.. പൂക്കാലമേ പൂക്കളേ. തൊലികുത്തിത്തുളക്കുന്ന തണുപ്പുകാലത്തൊരു ഹിമഗിരിയെക്കിനാവുകാണുന്ന നേരമായിരുന്നു, എങ്ങുനിന്നെന്നറിയതെയാ ഇലഞ്ഞിപ്പൂമണം. അതിൽ കാര്യമില്ല, പൂമണം ഓർമ്മകളെപ്പോലാണ് കാഴ്ചയോളം കാത്തിരിപ്പുവേണ്ട ഗന്ധപ്പെടാൻ. എന്നുപറഞ്ഞപ്പോഴാണ് ഗന്ധമാദനപർവ്വതത്തിലൂടെ അന്നൊരുച്ചനേരത്ത് അലഞ്ഞുനടക്കുന്നനേരം, പ്രിയനേ,പ്രിയതമാ,പ്രിയരിൽ പ്രിയനേ എന്ന തിരുത്തലോടെ ഒരോർമ്മ, മലമടക്കുകളെമ്പാടും പൂത്തുലഞ്ഞ ഉച്ചവെയിൽ നേരം, എങ്ങുനോക്കിയാലും പൂക്കൾ, പലപലനിറം.നിറങ്ങളിൽ ആരാണ് സുന്ദരിയെന്ന് തർക്കിച്ചുകൊഞ്ചാൻ തോന്നും പോലത്തെ ചിമ്മിണി നിറങ്ങൾ. അങ്ങനെ കണ്ടോണ്ടിരിക്കെ അന്നേരത്തെക്കുന്നിനെ പൂമലയെന്നും അക്കാണുന്നയെന്നെ പൂമാലയെന്നും പേരിട്ട് നിൽക്കുന്നനേരം കൂമ്പിയ താമരമൊട്ടുപോലൊരുവൾ, താമരേ നീയെന്നാരോ..അതെ, പൂക്കളിൽ നീ തന്നെസുന്ദരിയെന്ന് തൊട്ടാൽ വാടുമോയെന്നു തൊട്ട് ഇങ്ങേത്തലയ്ക്കലവളുടെ വീട്ടുപേരോർത്ത് അക്കണ്ട പലനിറം പൂക്കളൊരേ തറവാട്ടുകാരെന്ന് ചിരിച്ച്, ഒരു വെളിപാടുപോലെ നിന്നെയോർക്കുന്നു. പലപൂക്കളിലൊരുപൂവ് കൂടതൽ പൂവാകും പോലെ ഞാനൊന്നു തെളിഞ്ഞു. കുടഞ്ഞുലഞ്ഞയുടയാടത്തുമ്പിനറ്റം പോലെ ആകാശത്തൊരു മേഘത്തുണ്ടുനീങ്ങി, അന്നേരമെന്നിൽ നിന്നൊരു ദീർഘശ്വാസമുയരുകയും വിളറിയനിറമുള്ളപൂക്കളാൽ ഉണങ്ങിയ മരച്ചില്ലകളിലാകെ പൂക്കുലകളുണരുകയും ചെയ്തു.

രാവിലെകൾ വൈകുന്നേരത്തിലേക്കും അവിടുന്നു രാത്രിയിലേക്കും എന്തിനോവേണ്ടി മറിഞ്ഞുവീഴുന്ന പകലുകളിലൊന്നായിരുന്നു. ആകാശത്തിനു കീഴെയെന്നല്ല മീതെയും ഒന്നുമൊന്നും പ്രലോഭിപ്പിക്കാത്ത കാലമായിരുന്നു. നാളിതുവരെക്കണ്ട സ്വപ്നങ്ങളോടൊക്കെ പുച്ഛം തോന്നിയ ദിവസങ്ങളായിരുന്നു. ഇടം കാലിലെ മന്ത് വലം കാലിലേക്കു പോലും മാറ്റാൻ തോന്നാത്ത നിർവികാരതയായിരുന്നു.

സത്യത്തിൽ ഞാനെന്റെ യാത്രകളെ കാലുകളിൽ നിന്ന് ചക്രങ്ങളിലേക്ക് മാറ്റിപ്പണിത കാലമായിരുന്നു. വേണമെങ്കിലെന്റെ കാഴ്ചകൾക്ക് അൽപ്പം കൂടെ വേഗതയോ ചിന്തകൾക്ക് അൽപ്പം കൂടെ ഊർജ്ജമോ ചലനങ്ങൾ അൽപ്പം കൂടെ സ്വതന്ത്രമോ ആകാവുന്ന കോപ്പുകളെല്ലാമുണ്ടായിരുന്നിട്ടും അത്രയും യാന്ത്രികമായി ചലിച്ചുകൊണ്ടിരിക്കുന്ന ദിവസങ്ങളുടെ നിർമ്മമതയിൽ ബഹുമാനം തോന്നേണ്ടതാണ്. എന്നാലോ ആർക്കോവേണ്ടി മറിഞ്ഞുമാറുന്ന കലണ്ടറുകളുടെ ചലനങ്ങളപ്പാടെ അവഗണിക്കുകയും ഉള്ളകാലമെന്നൊന്നില്ലാതാവുകയും ചെയ്യുന്ന വർത്തമാനത്തിന്റെയാ ഒളിച്ചുകളിയിൽ ഞാനുമൊരാളാണെന്നതിനാൽ മാത്രം അഭിപ്രായം പറയാനും വയ്യ.

എന്തുരസമാണല്ലേ, അക്ഷരങ്ങൾ അക്കപ്പൂട്ടുകൾപോലെ പെരുമാറുന്നയിടങ്ങളിലൂടിങ്ങനെ വഴിയാത്രക്കാരനെപ്പോലെ നടന്നുപോകുന്നത്. നിന്നനിൽപ്പിലൊരാൾ അയാളല്ലാതായിമാറുകയെന്ന അവസ്ഥയിൽപ്പരം രക്ഷപ്പെടൽ മറ്റെന്തുണ്ട്. 'ഞാൻ നിങ്ങളന്വേഷിക്കുന്നയാളല്ല!' നടത്തവഴികളിൽ ഇങ്ങനൊരു ബോർഡുകണ്ടുതുടങ്ങിയിട്ടുണ്ടെങ്കിൽ ശ്രദ്ധിക്കണം, അതുവഴിയാരോ കടന്നുപോകാനുണ്ട്!!!.

ഉപ്പും മുളകും


ഗീത

# ശബരിമലയും സ്ത്രീകളും

തൃപ്തി ദേശായി എന്ന 'അന്യ' സംസ്ഥാന പെൺകുട്ടിയാണ് കേരളത്തിലെ ശബരിമലയിലെ സ്ത്രീ പ്രവേശത്തെപ്പറ്റിയുള്ള ഏറ്റവും പുതിയ വിവാദങ്ങൾക്കു തിരി കൊളുത്തിയത്. അവർ ജനുവരിയിൽ ശബരിമല കയറുമെന്നു പ്രഖ്യാപിച്ചിരിക്കുകയാണ്. ദേവസ്വം വകുപ്പു മന്ത്രി ആചാരങ്ങളെ ലംഘിക്കാൻ ആരെയും അനുവദിക്കില്ലെന്നു പ്രഖ്യാപിച്ചു. ഹിന്ദു പുരുഷന്മാർ തൃപ്തി ദേശായിയുടെ വിശ്വാസരാഹിത്യം, ധിക്കാരം, അയഞ്ഞ ജീവിതരീതികൾ എന്നിവയെപ്പറ്റി അപവാദ പ്രചരണവും അവരുടെ സ്വഭാവഹത്യയും നടത്തിക്കൊണ്ട് അരയും തലയും മുറുക്കി രംഗത്തെത്തി.അവരുടെയും പ്രശ്നം ആചാരങ്ങളായിരുന്നു.

**ആചാരങ്ങളെ സംരക്ഷിക്കുന്നത് വിശ്വാസികൾക്ക് പറഞ്ഞതാണ്. എന്നാൽ ഒരു ജനാധിപത്യ സർക്കാരിന്റെ പ്രതിനിധിയായ ദേവസ്വം മന്ത്രി എങ്ങനെയാണ് അഥവാ എന്തിനാണ് ആചാരങ്ങളുടെ സംരക്ഷകനാകുന്നത്?**



ആചാരങ്ങളെ സംരക്ഷിക്കുന്നത് വിശ്വാസികൾക്ക് പറഞ്ഞതാണ്. എന്നാൽ ഒരു ജനാധിപത്യ സർക്കാരിന്റെ പ്രതിനിധിയായ ദേവസ്വം മന്ത്രി എങ്ങനെയാണ് അഥവാ എന്തിനാണ് ആചാരങ്ങളുടെ സംരക്ഷകനാകുന്നത്? അതും ഇടതുപക്ഷത്തിന്റെ ലേബൽ ഉള്ള ഒരു സർക്കാരാകുമ്പോൾ! ഈ സംശയം ഞാനെന്റെ ഫേസ്ബുക്ക് പേജിൽ ഉന്നയിച്ചപ്പോൾ വന്നു മറുപടി  പണ്ട് നായനാരും ഇതേ നിലപാട് സ്വീകരിച്ചിട്ടുണ്ട്. ഒരു മന്ത്രിക്ക് വിശ്വാസികളുടെ താല്പര്യങ്ങളെ സംരക്ഷിക്കാനുള്ള ബാധ്യതയുണ്ട് എന്നിങ്ങനെ.

ഞാൻ അദ്ഭുതപ്പെടുകയായിരുന്നു  വിശ്വാസം, ആചാരം എന്നീ പദങ്ങൾ എങ്ങനെ പുരുഷാധികാര താല്പര്യങ്ങളെ മാത്രം സംരക്ഷിക്കുന്നതാകുന്നു എന്ന്. അവ സ്ത്രീകളെ എത്രമാത്രം വിദഗ്ദ്ധമായി മായ്ച്ചു കളയുന്നുവെന്ന്.

ഇതേ നിലയിൽ വിശ്വാസ / ആചാര സംരക്ഷകരായ അധികാരികൾക്കു വിധേയപ്പെട്ടിരുന്നുവെങ്കിൽ കേരളത്തിൽ ക്ഷേത്രപ്രവേശന വിളംബരം പാസ്സാകു മായിരുന്നോ? 'ദേവസ്വം' എന്നത്

ഒരു ജനാധിപത്യ സ്ഥാപനമായി മാറുകയും അത് കൈകാര്യം ചെയ്യുവാൻ തെരഞ്ഞെടു ക്കപ്പെട്ട ഒരു മന്ത്രി ഉണ്ടാവുകയും ചെയ്യുമാ യിരുന്നോ? മന്ത്രിയുൾപ്പടെയുള്ള ആചാര സംരക്ഷകർക്ക് ഒരല്പം ചരിത്ര ജ്ഞാനം ഉ ണ്ടായിരുന്നെങ്കിൽ എന്നു ഏതൊരു പൗരി യും ആഗ്രഹിച്ചു പോകും.

സ്ത്രീകൾ ശബരിമല ക്ഷേത്രത്തിൽ പ്ര വേശിച്ചാൽ ക്ഷേത്രചൈതന്യം കുറഞ്ഞു പോകും, അവർക്ക് നാല്പത്തി ഒന്നു ദിവസം നോമ്പുനോല്ക്കാൻ പറ്റില്ല, ആർത്തവം അ ശുദ്ധിയാണ് എന്നു തുടങ്ങി നിരവധി എതിർ വാദങ്ങളാണ് നിരത്തപ്പെടുന്നത്. അതോടൊ പ്പം തൃപ്തി ദേശായി മദ്യപിക്കുമത്രേ! ഇതാ ണ് ശബരിമലയിൽ പ്രവേശിക്കാൻ ആഗ്രഹി ക്കുന്ന സ്ത്രീകൾക്കെതിരെ നിരത്തപ്പെട്ട 'യു ക്തി'കൾ!

ഇതേ 'യുക്തി'കൾക്ക് വിധേയപ്പെട്ടിരുന്നു വെങ്കിൽ കേരളത്തിലെ സ്ത്രീകൾ ഇന്നും മാ റുമറയ്ക്കില്ലായിരുന്നു. ഇന്നും അവർണർ ക്ഷേത്രത്തിൽ പ്രവേശിക്കില്ലായിരുന്നു. വഴി നടക്കാനോ വിദ്യാഭ്യാസത്തിനോ ദളിതർക്ക് അവകാശം ലഭിക്കില്ലായിരുന്നു. അതെ സു ഹൃത്തുക്കളേ, കേരളം ഇന്നത്തെ കേരളം ആ കില്ലായിരുന്നു.

ശബരിമലയിൽ സ്ത്രീകൾക്കു പ്രവേശി ക്കണമെന്നു കേൾക്കുമ്പോൾത്തന്നെ ഉയർ ത്തപ്പെടുന്ന മറുവാദങ്ങളിൽ ഏറ്റവും ശക്തമാ യ ഒന്നിനെപ്പറ്റി ക്കൂടി ഇവിടെ പരാമർശിക്കേ ണ്ടതുണ്ട്. അപ്പോൾ മുസ്ലിം പള്ളികളിലോ? അതു കഴിഞ്ഞിട്ടുമതി ശബരിമല. സ്ത്രീകൾ ക്കു പ്രശ്നങ്ങൾ ഉണ്ടെന്നു പറയുമ്പോൾ കു ട്ടികൾക്കും ദളിതർക്കുമൊക്കെ പ്രശ്നങ്ങൾ ഇല്ലേ എന്ന മറുചോദ്യങ്ങളുടെ അതേ താല് പര്യമാണ് ഈ മറുവാദത്തിനും. എങ്കിലും പ റയട്ടെ. മുസ്ലീം പള്ളികളിലും സ്ത്രീകൾക്കു പ്രവേശനം അനുവദിക്കണമെന്നു തന്നെയാ ണ് എന്റെ ഉറച്ച അഭിപ്രായം.

ദൈവമാണ് മനുഷ്യരെ സൃഷ്ടിച്ചതെന്നു വിശ്വസിക്കുന്നവർ എന്തുകൊണ്ട് ദൈവസൃ ഷ്ടി തന്നെയായ പെണ്ണിനോട് ഇത്തരമൊരു വിവേചനം കാണിക്കുന്നു? ആർത്തവം അശു ദ്ധിയാണെങ്കിൽ സർവ മനുഷ്യരും പിറന്നത് ആ അശുദ്ധിയിൽ നിന്നാണ്. ആർത്തവം ശു ദ്ധിയാണ്. മാത്രമല്ല അതൊരു ശാരീരിക വ്യ ത്യാസം മാത്രവുമാണ്. അതു കൊണ്ടത് എ വിടെ പ്രവേശിക്കുന്നതിനും ഒരു തടസ്സമാകേണ്ട തില്ല. വിയർക്കുന്നവർക്ക് ഏതെങ്കിലും ഒരു സ്ഥാപനം പ്രവേശനം നിഷേധിച്ചാൽ എങ്ങനെ ഇരിക്കും? അതുപോലെ മാത്രമേയുള്ളൂ ആർ ത്തവവും. ദൈവമാണ് മാനദണ്ഡമെങ്കിൽ ആർ ത്തവവും ദൈവനിശ്ചിതമാണല്ലോ. പറയുന്ന തിൽ, അതാരായാലും, അതെന്തു തന്നെ ആയാ ലും മിനിമം ബുദ്ധിയും യുക്തിയുമുണ്ടായാൽ നന്ന്.

ആരാധനാ സ്വാതന്ത്ര്യത്തെപ്പറ്റിയും കൂടി പ റഞ്ഞു കൊണ്ടേ എനിക്കീ കുറിപ്പ് അവസാനി പ്പിക്കാൻ പറ്റൂ. അതിങ്ങനെയാണ് ഏത് അഥവാ ആരുടെ ആരാധനാലയമായാലും അത് പുരുഷ ന്മാർക്കു മാത്രമായി പരിമിതപ്പെട്ടു കൂട. അവി ടേക്ക് സ്ത്രീകൾക്കു പ്രവേശിക്കാൻ പറ്റണം. ഏതു മതമോ, ജാതിയോ, പ്രായമോ ആകട്ടെ, സ്ത്രീകൾ ആഗ്രഹിക്കുന്നെങ്കിൽ അവിടേക്കു പ്രവേശിക്കാനും ആരാധന നടത്താനും നടത്തി ക്കാനും സാധ്യമാകണം എന്നു തന്നെയാണ് എന്റെ അഭിപ്രായം. നിങ്ങൾ ഫെമിനിസ്റ്റുകൾ വിശ്വാസികൾ അല്ലല്ലോ, എന്തിന് ഇതിൽ ഇട പെടുന്നു എന്നാണെങ്കിൽ, നിങ്ങളുടെ വീട്ടിലെ മുറിയുടെ കാര്യമല്ല ഇത് (അതു പോലും വിവേ ചനങ്ങൾക്കതീതമാകേണ്ടതുണ്ട്) എന്നു മാത്ര മാണ് തല്ക്കാലം പറയുന്നത്. പൊതുവായി നി ലനില്ക്കുന്ന ആരാധനാലയങ്ങളുടെ കാര്യ ത്തിൽ അഭിപ്രായം പറയാൻ ഉള്ള പൗരരുടെ മൗലികാവകാശമാണിത്. മാത്രമല്ല ഏതെങ്കിലും ഒരു സ്ത്രീ ഒരേയൊരു സ്ത്രീ മാത്രമാണ് അ ങ്ങനെ ആഗ്രഹിക്കുന്നതെങ്കിൽക്കൂടി അവൾക്ക തിനു സാധിക്കണം. അതാണല്ലോ ന്യൂനപക്ഷാ വകാശം. ആ നിലക്ക് ശബരിമലയിലേക്കുള്ള സ്ത്രീ പ്രവേശത്തെ നമുക്കു സർവാത്മനാ പി ന്തുണക്കുക. കാരണം അത് സ്ത്രീകൾക്കെതി രെയുള്ള വിവേചനത്തോടുള്ള കലഹമാണ്. ഈ കലഹം / പോരാട്ടം എല്ലാ ആരാധനാലയ ങ്ങളുടെയും കാര്യത്തിൽ സാധുവാകട്ടെ എന്നു ഞാൻ ആഗ്രഹിക്കുന്നു. പുരുഷന്മാർ പൊങ്കാല യിട്ടു കൊള്ളട്ടെ, താലപ്പൊലി എടുത്തുകൊള്ള ട്ടെ, ഭാര്യമാർക്കും മക്കൾക്കും വേണ്ടി നോമ്പു കൾ നോറ്റു കൊള്ളട്ടെ. ഒരു സ്ത്രീയും അതി നൊന്നും വിരോധിക്കുകയില്ല. അതിനാൽ ശബ രിമലയിലെ സ്ത്രീ പ്രവേശം ഒരു തുടക്കമാക ട്ടെ. കേരളം മറ്റു സംസ്ഥാനങ്ങൾക്കു മാതൃക യാകേണ്ടത് അങ്ങനെയുമാണ്.



**രമ്യ രാജൻ**
**ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക, എസ്.എൻ.കോളേജ്, ആലത്തൂർ**

ഒരാളുടെ സ്വാതന്ത്ര്യബോധത്തിനും സർഗാത്മകതയ്ക്കും സമൂഹം കല്പിക്കുന്ന വിലക്കാണ് 'ഭ്രാന്ത്' എന്നിരിക്കെ ഇരുപത്തൊന്നാം നൂറ്റാണ്ടിലെ അരികുവത്കരിക്കപ്പെടുന്ന സ്വത്വങ്ങളിൽ ഏറ്റവും പ്രധാനം സ്ത്രീ തന്നെയാണ്. സ്വന്തം വ്യവഹാരബോധത്തെയും അതിനെ സാധ്യമാക്കുന്ന സാമ്പത്തികവും സാമൂഹികവുമായ ചുറ്റുപാടുകളെയും സൃഷ്ടിച്ചെടുക്കുന്നതിൽ ഇന്നത്തെ സ്ത്രീ വിജയിച്ചെങ്കിലും കാലിൽ ചുറ്റിവരിയുന്ന നിയന്ത്രണക്കുരുക്കുകളിൽ ഇടറി വീഴുന്നവരാണ് പലരും. കൃത്യമായ വ്യവസ്ഥാപിത കാരണങ്ങൾ ബോധ്യപ്പെടുത്താതെയുള്ള അലസമായ വ്യവഹാരങ്ങൾ, സാമ്പത്തികപര്യാപ്തത കൈവരിച്ചവർക്കും ഇന്നും അന്യം തന്നെ.

ചിന്തയും വായനയും എഴുത്തും യാത്രയും സിനിമയും പാട്ടും മേളവും എല്ലാം. അങ്ങനെ എത്രയെത്ര അഭിനിവേശങ്ങളിലൂടെ സഞ്ചരിക്കുന്നു സ്ത്രീകൾ? വെറുതെ ഒന്ന് പുറത്തു പോകാനും കറങ്ങാനും ആഗ്രഹിക്കുന്ന 'ഭ്രാന്തു'ള്ള സ്ത്രീകളെ, അവർക്കു പൊതു ഇടങ്ങൾ പോലും അന്യമാകുമ്പോൾ എവിടെയാണ് 'തളക്കേണ്ടത്'?
ഒരു തൃശ്ശൂർകാരിയായ എനിക്ക് സാഹിത്യ അക്കാദമി പരിസരങ്ങൾ പോലും ഇന്ന് നിയന്ത്രിത മേഖലയായി മാറുമ്പോൾ മനുഷ്യരെ കാണാനും സംസാരിക്കാനും വേറെ ലോകം തേടി പോവണോ?
ഒരു സുഹൃത്തിന്റെ വീടിന്റെ ഓട്ടുംപുറത്തു തണുപ്പും കൊണ്ട് മേലേയ്ക്കു നോക്കി മലർന്നു കിടന്നപ്പോൾ, ആകാശത്തു പറന്നു പോയ ആ കൊള്ളിമീനോട് അവൾ ഒരു മോഹം പങ്കുവെച്ചു: തനിക്കും ഒരു നിമിഷനേരത്തെ വെളിച്ചമായി ഈ ഇരുണ്ട ഭൂമിയുടെ മേലെ പറക്കാൻ കഴിഞ്ഞെങ്കിൽ ? അത് കാണാൻ ആകാശത്തേക്കു കണ്ണും നട്ടു നക്ഷത്രങ്ങളെ നോക്കി മലർന്നു കെടക്കാൻ ഓരോ പെണ്ണിനും കഴിഞ്ഞെങ്കിൽ?
ഇതാണെന്റെ 'ഭ്രാന്ത്'.

---



**മായാ മാധവൻ**
**ബയോകെമിസ്ട്രി വിഭാഗം അദ്ധ്യാപിക, യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം**

സമൂഹം തീർത്ത ചട്ടക്കൂടിനുള്ളിൽ ഒതുങ്ങാത്തവരെല്ലാം നമുക്ക് ഭ്രാന്തന്മാരാണ്. പക്ഷെ എനിക്ക് ഭ്രാന്തെന്നാൽ പ്രണയമാണ്; അഥവാ പ്രണയമെന്നാൽ ഭ്രാന്ത്. ഭ്രാന്ത് പിടിപ്പിക്കുന്ന അനുഭവങ്ങളുടെയും മനുഷ്യരുടെയും ഇടയിൽ പ്രണയമെന്ന ഈ ഭ്രാന്ത് എനിക്ക് അതിജീവനമാണ്. മനസിന്റെ വേലിക്കെട്ടുകൾ പൊളിച്ചെത്തുന്ന തീവ്രവികാരങ്ങളെ ഒരു മഞ്ഞു തുള്ളിയിലെന്ന പോലെ ഇത്രമേൽ സ്നിഗ്ധമായി പൊതിഞ്ഞു വയ്ക്കാൻ പ്രണയത്തിനല്ലാതെ മറ്റൊന്നിനും കഴിയില്ല. ബന്ധങ്ങളുടെ ബന്ധനങ്ങളില്ലാതെ അപ്പൂപ്പൻ താടി പോലെ എവിടെയും പാറി നടന്നു... ആഹാ... എത്ര സുന്ദരമാണത്...
ഒരു വിരൽ സ്പർശത്താൽ എന്നിലെ സ്ത്രീയെ പുഴകളും മേടുകളും കുന്നുകളും കാട്ടിത്തരുന്ന പ്രണയം. കടലിലലിഞ്ഞു ചേരുന്നത് വരെയേ ഈ നദിക്കു ഒഴുക്കുള്ളൂ എങ്കിലും വെറുതെ, വെറുതെ, അങ്ങനെ നനഞ്ഞു, നിറഞ്ഞു ഒഴുകുന്നത് എന്നെ ഹരം പിടിപ്പിക്കുന്നു. ആകാശത്തു മേഘങ്ങൾ ചിത്രം വരക്കുമ്പോഴെല്ലാം ഈ ഭ്രാന്ത് എന്നിലേക്ക് ഒഴുകിപ്പരക്കുന്നു....



റിപ്പോർട്ട്



സൗമ്യ മനോജ്




# 6 –ാം ഫീമെയിൽ ഫിലിം ഫെസ്റ്റിവൽ, 2016

കേരള സ്ത്രീപഠനകേന്ദ്രവും ഭാരത്ഭവനും സംയുക്തമായി 2016 ഡിസംബർ 1 മുതൽ 4 വരെ ഭാരത് ഭവൻ ശെമ്മാങ്കുടി സ്മൃതിയിൽ വച്ച് ആറാമതു ഫീമെയ്ൽഫിലിം ഫെസ്റ്റിവൽ വിപുലമായി ആഘോഷിച്ചു .ഇതോടനുബന്ധിച്ചു മലയാളത്തിലെ ആദ്യകാല നായിക പി. കെ. റോസിയുടെ പേരിലുള്ള പുരസ്കാരം ശ്രീമതി കെ. പി. എ. സി. ലളിതയ്ക്ക് നൽകി. കേരള സ്ത്രീപഠനകേന്ദ്രം ചെയർപേഴ്സൺ ഡോ.ടി. എൻ. സീമയുടെയും ഡയറക്ടർ ഡോ.പി. എസ്. ശ്രീകലയുടെയും നേതൃത്വത്തിൽ ചടങ്ങുകൾ വിപുലമായി സംഘടിപ്പിക്കപ്പെട്ടു.

സ്ത്രീപക്ഷചലച്ചിത്രങ്ങളുടെ പ്രദർശനം സംഘടിപ്പിക്കുക വഴി കേരളസ്ത്രീപഠനകേന്ദ്രം ഉറപ്പാക്കുന്നതു കാഴ്ചയുടെ സാമൂഹിക നീതിബോധം ആണ്. സിനിമ ഇവിടെ അടിച്ചമർത്തലുകൾക്കെതിരെയുള്ള സ്ത്രീയുടെ പ്രതിരോധം ആവുകയായിരുന്നു. വ്യത്യസ്ത ദേശങ്ങളും സംസ്കാരവും ഭാഷയും സ്ത്രീ



ജീവിതങ്ങളെ പരുവപ്പെടുത്തുന്നതെങ്ങനെയെന്നു സിനിമോത്സവം കാട്ടിത്തന്നു. വർഗീയതയും വംശീയതയും യുദ്ധവും സ്ത്രീയെ പലതരത്തിൽ ഇല്ലായ്മ ചെയ്യുന്നു. അനുനിമിഷം തകരുകയും അദൃശ്യമായിക്കൊണ്ടിരിക്കുകയും ചെയ്യുന്ന അവളുടെ ലോകത്തെ വീണ്ടെടുക്കാൻ ഇത്തരം ഒത്തുചേരലുകൾ സഹായിക്കുന്നു.

ഡിസംബർ ഒന്ന് മുതൽ നാല് വരെ സംഘടിപ്പിച്ചിരുന്ന സിനിമോത്സവം ദിവസവും രാവിലെ 9 .30 മുതൽ വൈകിട്ട് 5 .00 വരെ നീളുന്ന ചലച്ചിത്ര പ്രദർശനങ്ങളാലും ശേഷം അരങ്ങേറിയ ചർച്ചകളാലും സാംസ്കാരിക പരിപാടികളാലും സമൃദ്ധമായിരുന്നു . മേളക്ക് തുടക്കം കുറിച്ചുകൊണ്ട് ആറാമത് എഫ്.എഫ്. എഫ്. 2016 ബ്രോഷർ നവംബർ 24-ാം തീയതി തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ വച്ച് ചലച്ചിത്ര താരങ്ങളായ എസ്.പി.ശ്രീകുമാർ ഗൗതമിക്കു നൽകി പ്രകാശനം നിർവഹിച്ചു.

പത്തു ഫീച്ചർ ഫിലിമുകളും നാല് ഡോക്യുമെന്ററി ഫിലിമുകളും ഒൻപതു കോമ്പറ്റിഷൻ ഫിലിമുകളും അടങ്ങുന്നതായിരുന്നു ചലച്ചിത്ര പ്രദർശനങ്ങൾ .മുൻകൂട്ടി രജിസ്റ്റർ ചെയ്ത പ്രകാരം നാല് ദിവസങ്ങളിലായി ആയിരത്തിൽ പരം ഡെലിഗേറ്റ്സ് പങ്കെടുത്ത ചലച്ചിത്ര പ്രദർശനം വളരെ നിലവാരം പുലർത്തിയ ഒന്നായിരുന്നു. കലാരംഗത്തെ പ്രതിഭകൾ പങ്കെടുത്ത ചർച്ചകളിലും സംവാദങ്ങളിലും കലാപരിപാടികളിലും നിരവധി ചലച്ചിത്രാസ്വാദകർ പങ്കെടുത്തു .കേരളത്തിൽ അരങ്ങേറുന്ന ഫിലിം ഫെസ്റ്റിവലുകളുടെ തന്നെ ചരിത്രത്തിൽ ആദ്യമായി ട്രാൻസ്ജെൻഡേഴ്സ്നു ഡെലിഗേറ്റ് പാസ് നൽകുകയും ജൻഡർ അധിഷ്ഠിത വിഷയങ്ങൾ ചർച്ചചെയ്യുന്ന ചലച്ചിത്രങ്ങൾ പ്രദർശിപ്പിക്കുകയും ട്രാൻസ്ജെൻഡേഴ്സ്സിന്റെ സജീവ സാനിധ്യം ഉറപ്പാക്കുകയും ചെയ്ത ഒന്നായിരുന്നു ആറാമതു ഫീമെയിൽ ഫിലിം ഫെസ്റ്റിവൽ.

ഡിസംബർ 1, വ്യാഴാഴ്ച , ചലച്ചിത്ര പ്രദർശനത്തെ തുടർന്ന് വൈകിട്ട് 5 മണിക്ക് ഉദ്ഘാടന സമ്മേളനം നടന്നു.ചലച്ചിത്ര നടി ഉർവശി മേളയുടെ ഉദ്ഘാടനം നിർവഹിച്ചു .ചരിത്രത്തിൽ തന്നെ ആദ്യമായി ഒരു കലയെ മനുഷ്യൻ ജാതിക്കും മതത്തിനും അതീതമായി ഒരു കുടക്കീഴിൽ ഒത്തുകൂടി ആസ്വദിച്ചതു സിനിമ ആണെന്ന് അവർ ഉദ്ഘാടന പ്രസംഗത്തിൽ അഭിപ്രായപ്പെട്ടു. ചടങ്ങിൽ സംവിധായകൻ ശ്രീ കമൽ, ശ്രീമതി ബീനാപോൾ, ഭാഗ്യലക്ഷ്മി, സോനാ നായർ, രാജശ്രീ വാര്യർ, ബിന്ദു വി. സി, എന്നിവർ പങ്കെടുത്തു. ചടങ്ങിൽ ഫെസ്റ്റിവൽ ബുക്കിന്റെ പ്രകാശനവും നടന്നു. തുടർന്ന് ഉദ്ഘാടന ചിത്രമായ അനിൽ നാഗേന്ദ്രൻ സംവിധാനം നിർവഹിച്ച 'വസന്തത്തിന്റെ കനൽവഴികൾ' എന്ന ചിത്രത്തിന്റെ പൊതുപ്രദർശനം നടന്നു.

ഡിസംബർ 2 ,വെള്ളിയാഴ്ച ചലച്ചിത്ര പ്രദർശനത്തെ തുടർന്ന് വൈകിട്ട് 5 .00 നു 'ട്രാൻസ്ജെൻഡറും കേരള സമൂഹവും' എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ

സംഘടിപ്പിക്കപ്പെട്ടു .ബഹു .സാമൂഹ്യ നീതി വകുപ്പ് മന്ത്രി ശ്രീമതി കെ. കെ. ശൈലജ സെമിനാർ ഉദ്ഘാടനം ചെയ്തു. ട്രാൻസ്ജെൻഡർ



വിഭാഗത്തെ പ്രതിനിധീകരിച്ചു എസ്. ശ്രീകുട്ടിയും , ശ്രീ. എസും. വിഷയം അവതരിപ്പിക്കുകയുണ്ടായി. സാമൂഹ്യ പ്രവർത്തകരായ അനിൽ ചില്ല, പ്രിജിത് പി. കെ, ശാലിൻ വർഗീസ് എന്നിവർ സെമിനാറിൽ വിഷയാവതരണം നടത്തി. വിഷയത്തിൽ ഗൗരവപൂർവം ഉള്ള സർക്കാരിന്റെ ഇടപെടൽ ഉറപ്പുനല്കിയാണ് മന്ത്രി ചടങ്ങിൽ സംസാരിച്ചത്. തുടർന്ന് ട്രാൻസ്ജെൻഡേഴ്സ് കൂട്ടായ്മയായ 'ഒയാസിസ്' തിരുവനന്തപുരം അവതരിപ്പിച്ച വർണാഭമായ കലാപരിപാടികളും അരങ്ങേറി.

ഡിസംബർ 3 ,ശനിയാഴ്ച ചലച്ചിത്ര പ്രദർശനത്തെ തുടർന്ന് 'സ്ത്രീ സിനിമ : മാറുന്ന കാഴ്ചപ്പാടുകൾ' എന്ന വിഷയത്തെ ആസ്പദമാക്കി സംവാദം സംഘടിപ്പിക്കപ്പെട്ടു. ടി.എൻ. സീമ, വി .കെ. ജോസഫ്, സുലോചന രാംമോഹൻ, എം. സ്. ശ്രീകല, ജയഗീത, അനിൽ നാഗേന്ദ്രൻ എന്നിവർ പങ്കെടുത്തു. തുടർന്ന് തിരുവനന്തപുരം ആൾ സെയ്ന്റ്സ്' കോളേജിലെ വിദ്യാർത്ഥിനികളും ഷൈലജ പി. അമ്പുവും അവതരിപ്പിച്ച കലാപരിപാടികളും ഉണ്ടായിരുന്നു.

ഡിസംബർ 4, ഞായറാഴ്ച ചലച്ചിത്ര പ്രദർശനത്തെ തുടർന്ന് വൈകിട്ട് അഞ്ചു മണിക്ക് സമാപന സമ്മേളനവും പുരസ്കാര സമർപ്പണവും നടന്നു. ബഹു. സഹകരണ വകുപ്പ് മന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ ചടങ്ങു ഉദ്ഘാടനം ചെയുകയും പുരസ്കാരം കെ. പി. എ സി. ലളിതയ്ക്കു സമ്മാനിക്കുകയും ചെയ്തു. ചടങ്ങിൽ മികച്ച ഡോക്യൂമെന്ററിക്കും ഷോർട്ട് ഫിലിമിനും ഉള്ള എഫ്.എഫ്.എഫ്, 2016 പുരസ്കാരങ്ങൾ യാഥാക്രമം അജിത്തിനും രാജേഷിനും സമ്മാനിച്ചു. ചടങ്ങിൽ ചലച്ചിത്ര പ്രവർത്തകരായ സേതുലക്ഷ്മി, പാർവതി എന്നിവർ പങ്കെടുത്തു.

കാഴ്ചയുടെ രാഷ്ട്രീയത്തെ എങ്ങനെ അഭിസംബോധന ചെയ്യണമെന്ന് തെളിയിച്ച സിനിമോത്സവം നമുക്ക് കിട്ടാനുള്ള ഒരു പുതിയ ലോകം മുന്നിൽ കാണിക്കുകയാണ് ചെയ്തതു. നിലവിളികളും തീപിടുത്തങ്ങളും കൊണ്ട് മാഞ്ഞുപോകുന്ന സ്ത്രീ പരിസരങ്ങളിൽ നമ്മളും ഉണ്ടെന്നു കാണുകയും തോല്പിക്കപ്പെടാതെ നവോന്മേഷമുള്ള ജീവിതം പണിയുകയും ചെയ്യാൻ ഈ സംരംഭങ്ങൾ സഹായകമാകട്ടെ.





# ദംഗൽ: സിനിമയും ജീവിതവും ഇന്ത്യൻ സമൂഹവും

സൗമ്യ പി.ആർ.

ദംഗൽ എന്നാൽ ഗുസ്തിമത്സരം എന്നർത്ഥം. എന്നാൽ ദംഗൽ എന്ന സിനിമ പങ്കുവെയ്ക്കുന്നത് ഗോദായിലെ ഗുസ്തിമത്സരത്തിലെ വിജയ-പരാജയങ്ങളുടെ മാത്രം കഥയല്ല, മറിച്ച് സ്വന്തം മക്കൾ, പെൺകുട്ടികൾ ആണെന്നത് കുറവായി കാണാതിരുന്നതിന്റെ പേരിൽ- അവരെ വെറും 'പെണ്ണ്' ആയി വളർത്താതിരുന്നതിന്റെ പേരിൽ സമൂഹം ഒറ്റപ്പെടുത്തിയപ്പോൾ മക്കളുടെ കഴിവിൽ വിശ്വാസമർപ്പിച്ച്-അവർക്കുവേണ്ടി ജീവിച്ച്-അവർക്കുവേണ്ടി യാഥാസ്ഥിതിക സമൂഹത്തോടു മുഴുവൻ ഒറ്റയ്ക്കുപൊരുതിനിന്ന് വിജയിച്ചു കാണിച്ചുകൊടുത്ത ഒരു അച്ഛന്റെ കഥയാണത്. ഒപ്പം, അച്ഛനായിരുന്നു 'ശരി' എന്ന് മനസ്സിലാക്കി അച്ഛന്റെ സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കി ലോകത്തിനുമുന്നിൽ മാതൃകയായി നിൽക്കുന്ന രണ്ട് പെൺകുട്ടികളുടെകൂടി കഥയായി ദംഗൽ എന്ന സിനിമ തീയേറ്ററുകളിൽ നിറയുമ്പോൾ അത് ഇന്ത്യൻ ജനതയ്ക്കുള്ള പാഠപുസ്തകം തന്നെയാകുന്നു. കുടുംബജീവിതത്തിനു പ്രാധാന്യം നൽകുന്ന സാംസ്കാരികപാരമ്പര്യത്തിന്റെ പേരിൽ പെൺകുട്ടികൾക്ക് വിദ്യാഭ്യാസം നിഷേധിച്ച് അവരുടെ പ്രതിഭയും സ്വാതന്ത്ര്യബോധവുമെല്ലാം വീടകങ്ങളിൽ ബലികഴിക്കുന്ന അനീതിക്കെതിരെയുള്ള ഗുസ്തിമത്സരമാണ് ഈ സിനിമ നടത്തുന്നത്.

മഹാവീർസിംഗ് ഭോഗാട്ട് എന്ന ഗുസ്തിമത്സരത്തിലെ പ്രതിഭ തന്റെ ദാരിദ്ര്യം നിറഞ്ഞ ചുറ്റുപാടുകളോട് സന്ധിചെയ്ത് കായികതാരങ്ങൾക്ക് ഗവൺമെന്റ് നൽകുന്ന ജോലി സ്വീകരിച്ച് ഗുസ്തിയോട് വിട പറയുന്നതും വിവാഹിതനായ ശേഷം പിറക്കാൻ പോകുന്ന മകനിലൂടെ തന്റെ സ്വപ്നം സാക്ഷാത്കരിക്കുമെന്ന് പ്രതീക്ഷ പുലർത്തുന്നതുമാണ് കഥാരംഭം. നാലു പെൺമക്കളുടെ അച്ഛനാകുന്ന നിമിഷം അയാൾ തന്റെ സ്വപ്നങ്ങളോട് വിട പറയാൻ തീരുമാനിക്കുന്നു എങ്കിലും യാദൃച്ഛികമായി തന്റെ പെൺമക്കൾക്ക് ഗുസ്തിയിൽ വാസനയുണ്ടെന്ന് കണ്ടെത്തിയ അയാൾ അവരെ ഗുസ്തിമത്സരത്തിനു പരിശീലനം നൽകി തനിക്കു രാജ്യത്തിനുവേണ്ടി നേടാൻ കഴിയാത്ത മെഡൽ തന്റെ പെൺമക്കൾ നേടുന്നതിനു കാരണക്കാരനാകുന്നതുമാണ് ദംഗൽ എന്ന സിനിമയുടെ ഇതിവൃത്തം. ഇതിലെ പ്രമുഖ കഥാപാത്രങ്ങൾ എല്ലാവരും തന്നെ ഇന്ന് ജീവിച്ചിരിക്കുന്നവരാണ് എന്നതാണ് ഈ ഇതിവൃത്തത്തിന്റെ പ്രസക്തി.

മഹാവീർ സിംഹ് ഭോഗാട്ട് എന്ന ഗുസ്തിക്കാരനും അയാ



ളുടെ പെൺമക്കളായ ഗീതാകുമാരി ഭോഗാട്ട്, ബബിതാകുമാരി ഭോഗാട്ട് എന്നിവരും സിനിമയിലെ സ്ക്രീനിൽ വന്നുമറയുന്ന വെറും കഥാപാത്രങ്ങളല്ല; മറിച്ച് അവർ അതേ പേരിൽ ഇന്ത്യ എന്ന രാജ്യത്തിന്റെ പേര് കായികലോകത്ത് അനിവാര്യമാണെന്ന ബോധ്യം ഉണ്ടാക്കിയെടുത്തുകൊണ്ട് ജീവിച്ചിരിക്കുന്ന പ്രതിഭകളാണ്. തന്റെ രണ്ട് പെൺമക്കളെ ലോകചാമ്പ്യൻമാരായി വളർത്തിയെടുക്കാൻ പരിശീലിപ്പിക്കുന്ന മഹാവീർ സിംഗ് ഭോഗാട്ടിനെക്കുറിച്ച് 2002-ൽ പത്രത്തിൽവന്ന ഒരു ലേഖനം യാദൃശ്ചികമായി വായിച്ച ഡിസ്നിയുടെ ക്രിയേറ്റീവ് ടീമിലുള്ള ദിവ്യ റാവു എന്ന ഒരു സ്ത്രീ തന്നെയാണ് ഇതിലെ സിനിമാ സാധ്യത കണ്ടെത്തുന്നത്. സിനിമയിൽ മഹാവീർ സിംഗിന്റെ ഇളയ രണ്ട് പെൺമക്കൾ ഗുസ്തിമത്സരത്തിനിറങ്ങുന്നതായി കാണിക്കുന്നില്ല എങ്കിലും ഇന്ത്യയുടെ ഭാവി പ്രതീക്ഷകളായി ഋതു, സംഗീത എന്നീ പ്രതിഭകൾ വളർന്നു വരുന്നുണ്ട്. ഒപ്പം ഹരിയാനയിൽ നടന്ന ഒരു സമരത്തിൽ കൊല്ലപ്പെട്ട സഹോദരന്റെ മക്കളായ വിനീഷ്, പ്രിയങ്ക എന്നിവരെയും അദ്ദേഹം ഗുസ്തിമത്സരത്തിൽ ഇന്ത്യയുടെ ഭാവിവാഗ്ദാനങ്ങളായി വളർത്തിക്കൊണ്ടുവരുന്നുണ്ട്. ക്രിക്കറ്റ് ഒഴികെയുള്ള കായികമത്സരങ്ങൾക്കൊന്നും ഇന്നും വലിയ പ്രാധാന്യമൊന്നും ഇന്ത്യയിലില്ല. ആരാധകരും സ്പോൺസർമാരുമില്ല. ഈ സാഹചര്യത്തിലാണ് സാമ്പത്തികനേട്ടം പ്രതീക്ഷിക്കാതെതന്നെ തനിക്ക് രാജ്യത്തിന്റെപേരിൽ ലഭിക്കാതെപോയ മെഡൽ ലഭിക്കുന്നതിനുവേണ്ടി തന്റെ മക്കളെയും സഹോദരന്റെ മക്കളെയും അദ്ദേഹം ഗുസ്തിമത്സരത്തിനുവേണ്ടി പരിശീലിപ്പിച്ചു എന്നത് ശ്രദ്ധേയമാകുന്നത്. ജീവിതത്തിനൊരു ലക്ഷ്യം-ഒരു മഹത്തായ ലക്ഷ്യം ഉണ്ടാകണം എന്നും അതിനുവേണ്ടിയുള്ള ത്യാഗങ്ങൾ നിങ്ങളെ മൂല്യമുള്ള ഒന്നാക്കിത്തീർക്കും എന്നും മഹാവീർ വിശ്വസിച്ചിരുന്നു. നിങ്ങൾ സ്വയം വിലമതിക്കാനാകാത്തത്ര മൂല്യമുള്ള ഒന്നായിത്തീർന്നില്ല എങ്കിൽ നിങ്ങളുടെ മൂല്യം മറ്റുള്ളവർ നിശ്ചയിക്കുന്നത്ര തുച്ഛമായിപ്പോകും എന്ന ബോധ്യമാണ് ഈ സിനിമ കാണികൾക്ക് ഉണ്ടാക്കിക്കൊടുക്കാൻ ശ്രമിക്കുന്നത്. ഗ്രാമം മുഴുവനും നിങ്ങളെയും കുട്ടികളെയും നോക്കി കളിയാക്കിച്ചിരിക്കുന്നു; ഇങ്ങനെപോയാൽ ഈ പെൺകുട്ടികളെ വിവാഹം കഴിക്കണം എന്ന് ആവശ്യപ്പെട്ട് ഇനി ആരുവരും? എന്ന് ഭാര്യയുടെ ചോദ്യത്തിനു മുന്നിൽ പതറാതെ, അവരെ അന്വേഷിച്ച് ആരും വരണ്ട, അവർക്ക് വിവാഹം കഴിക്കാൻ യോഗ്യതയുള്ള ആളുകളെ അവർ തേടി കണ്ടുപിടിച്ചുകൊള്ളും. എന്നുള്ള മഹാവീർ സിംഗിന്റെ മറുപടി സിനിമയ്ക്കുവേണ്ടി എഴുതപ്പെട്ട സാങ്കല്പിക ഡയലോഗല്ല; അയാളുടെ പെൺമക്കളെ സംബന്ധിച്ച വീക്ഷണം ആണത്. ഈ വീക്ഷണവും അഭിമാനബോധവും വിശ്വാസവും സ്വന്തം പെൺമക്കളെ സംബന്ധിച്ച് വെച്ചുപുലർത്താത്ത മാതാപിതാക്കൻമാരാണ് ഇന്ത്യൻ വനിതകളുടെ ജീവിതവും പ്രതിഭയും അടുക്കളയിൽ ഹോമിക്കാൻ കാരണക്കാരായിക്കൊണ്ടിരിക്കുന്നത്.

പെൺഭ്രൂണഹത്യയും പെൺശിശുഹത്യയും സ്ത്രീവിദ്യാഭ്യാസവും ലക്ഷ്യംവെച്ചു കൊണ്ട് ദേശീയ തലത്തിൽ ആരംഭിച്ച 'ബേട്ടീ ബച്ചാവോ, ബേട്ടീ പഠാവോ' എന്നുപേരിട്ട ബോധവത്കരണശ്രമങ്ങളുടെ ഭാഗമായി ഉത്തർപ്രദേശ്, ഉത്തരാഖണ്ഡ്, ഹരിയാന, ഡൽഹി എന്നീ സംസ്ഥാനങ്ങങ്ങളിൽ ഈ സിനിമയ്ക്ക് നികുതി ഇളവ് പ്രഖ്യാപിച്ചിട്ടുണ്ട് എന്നത് ശ്രദ്ധേയമാണ്. ഈ നികുതി ഇളവ് സമ്പൂർണ്ണസാക്ഷരർ എന്ന് അഭിമാനിക്കുന്ന കേരളം ഉൾപ്പടെയുള്ള എല്ലാ ഇന്ത്യൻ സംസ്ഥാനങ്ങൾക്കും ബാധകമാക്കേണ്ടതായിരുന്നു. കാരണം, പെൺശിശുഹത്യ തടയൽ, സ്ത്രീവിദ്യാഭ്യാസം എന്നീ അടിസ്ഥാനകാര്യങ്ങളിൽ സമ്പൂർണ്ണലക്ഷ്യം കൈവരിച്ചാലും സ്ത്രീകളിലെ പ്രതിഭ ഉയർത്തിക്കൊണ്ടുവരാൻ കഴിയില്ല എന്നതിന് ഉത്തമ ഉദാഹരണമാണ് കേരളം. അതിനു സ്ത്രീകളെ സംബന്ധിച്ച സമൂഹത്തിന്റെ വീക്ഷണമാണ് മാറേണ്ടത്. ആ വീക്ഷണമാണ് യഥാർത്ഥത്തിൽ മഹാവീർസിംഗ് എന്ന മനുഷ്യനിലൂടെ ഈ സിനിമ മുന്നോട്ടു വെയ്ക്കുന്നത്; അല്ലാതെ പെൺകുട്ടികളെ ജനിക്കാനനുവദിക്കണം എന്നതോ പഠിക്കാനയക്കണം എന്നതോ മാത്രമല്ല. എന്തുകൊണ്ട് കോടിക്കണക്കിനുവരുന്ന ഇന്ത്യൻജനതയുടെ തൊണ്ണൂറ്റൊൻപതു ശതമാനവും വെറും സാധാരണക്കാർ മാത്രമായിരിക്കുന്നു എന്നതിനുത്തരം അവർ വിദ്യാഭ്യാസമില്ലാത്തവരാണ് എന്നതോ സാമ്പത്തിക പരാധീനത ഉള്ളവരാണ് എന്നതോ അല്ല; മറിച്ച് അവന്റെ/അവളുടെ കഴിവിൽ (ഏതു കഴിവും ആയിക്കോട്ടെ!) വിശ്വാസമർപ്പിക്കാനും വേണ്ട പ്രോത്സാഹനം കൊടുക്കാനും സ്വന്തം മാതാപിതാക്കൾ പോലും തയ്യാറാകുന്നില്ല എന്നതു മാത്രമാണ്. വിദ്യാഭ്യാസം നേടുന്നത് തൊഴിലിനുവേണ്ടിയാണെന്നും തൊഴിൽ നേടുന്നത് സാമ്പത്തികസുരക്ഷിതത്ത്വത്തിനുവേണ്ടി ആണെന്നും അതു കഴിഞ്ഞാൽ വിവാഹം, കുടുംബം എന്നിവ വേണമെന്നും ഇവയെല്ലാം കുട്ടികൾക്ക് പകർന്നുകൊടുക്കുന്നതിനുവേണ്ടിയുള്ളതാണ് ബാക്കി ജീവിതമെന്നും മാത്രം അവർ വിശ്വസിക്കുന്നു. അതിലപ്പുറം മനുഷ്യൻ മറ്റു ജീവജാലങ്ങളിൽ നിന്നും വ്യത്യസ്തൻ ആയിരിക്കുന്നതിന്റെ കാരണമായ പ്രതിഭാശക്തി വിസ്മരിക്കപ്പെടുന്നു. ഈ അവസ്ഥ മാറണം. ആ മാറ്റത്തിനുവേണ്ടിയുള്ള ഗുസ്തിമത്സരമാണ് സമൂഹമനസാക്ഷിയോട് ഈ സിനിമ നടത്തുന്നത്.

ദ്രോണാചാര്യ അവാർഡ് നേടിയിട്ടുള്ള ഒളിമ്പിക് സീനിയർ പരിശീലകനായ മഹാവീർ സിംഗിനേയോ ദേശീയ-അന്തർദേശീയ തലങ്ങളിൽ സമ്മാനങ്ങൾ കരസ്ഥമാക്കിയിട്ടുള്ള ഗീതാകുമാരി, ബബിതാകുമാരി എന്നീ പ്രതിഭകളെയോ നാളിതുവരെ ഭാരതീയജനത തിരിച്ചറിഞ്ഞിരുന്നില്ല. പത്രങ്ങളിലെ കായികവാർത്ത കോളത്തിലെ വാർത്തകളിലോ അന്തർദേശീയതലത്തിലുള്ള നേട്ടങ്ങൾ കൈവരിച്ചതിനടുത്ത ദിവസം പത്രങ്ങളുടെ ഒന്നാം പേജിൽ വരുന്ന ഒരു ചിത്രത്തിലോ ഉപരിയായി ഒരു ശ്രദ്ധയും


ഗുസ്തിമത്സരം പോലുള്ള ജനപ്രിയമല്ലാത്ത കായിക ഇനങ്ങളിലെ മത്സരാർത്ഥികൾക്ക് ലഭിച്ചിട്ടില്ല. എന്നാൽ ഇവരുടെ ജീവിതം സിനിമയാകുമ്പോൾ ഗുസ്തി എന്ന മത്സര ഇനത്തിന്റെയും മത്സരാർത്ഥികളുടെയും നാളിതുവരെയുള്ള തലയിലെഴുത്തുതന്നെ മാറുകയാണ്. ജനപ്രിയ മാധ്യമമായ സിനിമ നമ്മുടെ കാഴ്ചകളെ മാത്രമല്ല, കാഴ്ചപ്പാടുകളെയും സ്വാധീനിക്കുന്നുണ്ട് എന്നതാണതിനു കാരണം. എന്നാൽ മഹാവീർസിംഗ് ഭോഗാട്ട് എന്ന മനുഷ്യനെ ഭാരതത്തിന്റെ ചരിത്രം ഓർമ്മിക്കേണ്ടത് കായിക പരിശീലകൻ എന്ന ലേബലിൽ മാത്രമല്ല; മറിച്ച് പെൺകുട്ടികളോടുള്ള ഓരോ ഭാരതീയന്റേയും സമീപനം എന്തായിരിക്കണം എന്നതിന് സമാനതകളില്ലാത്ത മാതൃകയായിരിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ കൂടി ആയിരിക്കണം. കുട്ടികളെ, പ്രത്യേകിച്ച് പെൺമക്കളെ വളർത്തിക്കൊണ്ടുവരുന്ന മാതാപിതാക്കൾക്ക് ഉണ്ടായിരിക്കേണ്ട വീക്ഷണത്തെക്കുറിച്ച് സ്വന്തം ജീവിതം കൊണ്ട് സന്ദേശം നൽകി എന്നതിനായിരിക്കണം. അപ്പോൾ മാത്രമാണ് ഈ സിനിമ മുടക്കുമുതലും ലാഭവും നിർമ്മാതാവിനു ലഭിച്ചോ ഇല്ലയോ എന്നുള്ള സാമ്പത്തിക കണക്കെടുപ്പുകൾക്ക് അപ്പുറമുള്ള അതിന്റെ ദൗത്യം നിറവേറ്റി എന്ന് തീർച്ചപ്പെടുത്താൻ കഴിയുക.

ഒരു സിനിമ എന്ന നിലയിൽ ആമിർഖാൻ എന്ന നടന്റെ സമർപ്പണബോധം പൂർണ്ണമായും പ്രതിഫലിക്കുന്ന സിനിമയും പുതുമുഖങ്ങൾ പ്രത്യേകിച്ചും സ്ത്രീ കഥാപാത്രങ്ങൾക്ക് പ്രാധാന്യം ഏറെ ലഭിച്ചതുമായ സിനിമ കൂടിയാണിത്. സാധാരണ ഒരു സിനിമയിൽത്തന്നെ ഒരു നടന്റെ വ്യത്യസ്ത പ്രായത്തിലുള്ള രംഗങ്ങൾ ആവശ്യമായി വരുമ്പോൾ മെയ്ക്ക് -അപ്പ് ചെയ്ത് തൊലിപ്പുറമേയുള്ള മാറ്റങ്ങളിലൂടെ ഒത്തുതീർപ്പുകൾ നടത്തി പരമാവധി വിശ്വസനീയമാക്കുക മാത്രമാണ് ചെയ്യുക. ഇങ്ങനെചെയ്യുമ്പോൾ സംഭവിക്കുന്ന യുവത്വം തുടിക്കുന്ന ശരീരത്തിലെ ശിരസ്സുമാത്രം പ്രായമായതിന്റെ ഏച്ചുകെട്ടലുകൾ പ്രേക്ഷകർ കണ്ടില്ലെന്നു നടിക്കുകയാണ് പതിവ്. എന്നാൽ ഈ സിനിമയ്ക്കുവേണ്ടി ഭാരക്രമീകരണം നടത്തിയ ആമിർഖാൻ, വിവിധ പ്രായത്തിലുള്ള സ്വന്തം കഥാപാത്രത്തിന്റെ രംഗപ്രവേശനത്തെ നൂറുശതമാനം വിശ്വസനീയമാക്കിത്തീർക്കുന്നതിൽ വിജയിച്ചിട്ടുണ്ട്. എന്നാൽ, സിനിമയുടെ സമ്പൂർണ്ണ അവലോകനത്തിൽ ആമിർഖാൻ എന്ന നടന്റെ കഥാപാത്രത്തിനല്ല; മറിച്ച് ഗീതാകുമാരി, ബബിതാകുമാരി എന്നീ കഥാപാത്രങ്ങളെ അനശ്വരമാക്കിക്കൊണ്ട് യഥാക്രമം തിരശ്ശീലയിലെത്തുന്ന സൈറ വസിം, സുഹാനി ഭട്ട്നഗർ എന്നീ കുട്ടികൾക്കും യുവത്വം അവതരിപ്പിക്കുന്ന ഫാത്തിമ സന ഷെയ്ക്ക്, സാനിയ മൽഹോത്ര എന്നീ നടികൾക്കുമാണ് അഭിനയ പ്രാധാന്യം ഏറെയുള്ള കഥാസന്ദർഭങ്ങൾ കൈകാര്യം ചെയ്യാനുള്ളത്. അവരത് ഭംഗിയായി നിർവഹിച്ചു എന്നതുകൊണ്ടുകൂടിയാണ് ചിത്രം വിജയമാകുന്നതും ആ വ്യക്തികളുടെ ജീവിതം പ്രേക്ഷകന് സ്വീകാര്യമാകുന്നതും. ചുരുക്കത്തിൽ ഈ സിനിമ യഥാർത്ഥത്തിലുള്ള രണ്ട് സ്ത്രീകളെയും അവരുടെ ജീവിതത്തെയും മാത്രമല്ല പരിചയപ്പെടുത്തുന്നത്; സിനിമാലോകത്തിനു പ്രതീക്ഷ അർപ്പിക്കാവുന്ന നാല് നടികളെക്കൂടി മുന്നോട്ടുവെയ്ക്കുന്നുണ്ട്. ഒരു യാഥാസ്ഥിതിക ഇന്ത്യൻ വീട്ടമ്മയുടെ പ്രതിനിധിയായി ചുരുക്കം രംഗങ്ങളിൽ പ്രത്യക്ഷപ്പെടുന്ന മഹാവീർസിംഗിന്റെ ഭാര്യാ കഥാപാത്രത്തെ അവതരിപ്പിച്ച സാക്ഷി തൻവാർ എന്ന നടിയും മികച്ച പ്രകടനം കാഴ്ച വെയ്ക്കുന്നുണ്ട്. സിനിമ എന്നാൽ വലിയ ബഡ്ജറ്റും, പ്രശസ്തിയും യുവത്വവുമുള്ള നടീനടൻമാരും ഒരു ഐറ്റം ഡാൻസും ഫൈറ്റും സാഹസികതയും പ്രണയവും ചിലപ്പോൾ പ്രണയപരാജയവും നിർബന്ധമായും ഉൾപ്പെടുത്തിയ- 'ഒരു തട്ടിക്കൂട്ടു കഥ'യിൽ നിർമ്മിക്കാവുന്ന ഒന്നായിരിക്കണം എന്ന കച്ചവടസിനിമയെ സംബന്ധിച്ച പൊതുബോധത്തെ പൊളിച്ചെഴുതുക കൂടിയാണ് ഈ സിനിമ ചെയ്യുന്നത്. ഇങ്ങനെകച്ചവടസിനിമയുടെയെന്നല്ല; ഇന്ത്യൻ ജനതയുടെതന്നെ നാളിതുവരെയുള്ള സാമൂഹികബോധത്തെത്തന്നെ പൊളിച്ചെഴുതുന്ന ഈ സിനിമ വിദ്യാലയങ്ങളിൽ പ്രദർശിപ്പിക്കുകയും ഈ സിനിമ മുന്നോട്ടുവെയ്ക്കുന്ന വീക്ഷണം അവർക്ക് ചർച്ച ചെയ്യാൻ അവസരം ഒരുക്കുക കൂടി ചെയ്യണം. മാറ്റങ്ങൾ പലപ്പോഴും യാദൃശ്ചികമായി സംഭവിക്കുന്ന ഒന്നല്ല; അതിനു ബോധപൂർവമായ ശ്രമങ്ങൾ കൂടി ആവശ്യമായി വരാറുണ്ട് എന്നതാണതിനു കാരണം.

വെബ് വിലാസം:

1. https://en.wikipedia.org/wiki/Dangal_(film)
2. https://en.wikipedia.org/wiki/Mahavir_Singh_Phogat
3. https://en.wikipedia.org/wiki/Geeta_Phogat
4. https://en.wikipedia.org/wiki/Babita_Kumari
5. https://en.wikipedia.org/wiki/Vinesh_Phogat
6. https://en.wikipedia.org/wiki/Ritu_Phogat
7. https://en.wikipedia.org/wiki/Priyanka_Phogat
8. https://en.wikipedia.org/wiki/Phogat_sisters

## കാർട്ടൂൺ



ശാസ്ത്രം

# എഡിറ്റിങ് നടത്താം ജീനുകളിലും !



സീമ ശ്രീലയം

ഒരു രോഗമില്ലാക്കാലം! അങ്ങനെയൊരു കാലത്തിലേക്കുള്ള വാതായനങ്ങൾ തുറക്കുകയാണ് ക്രിസ്പർ എന്ന ജീൻ എഡിറ്റിങ് സങ്കേതം. ഈ നൂതന സങ്കേതത്തിലൂടെ ജീനുകളിൽ എഡിറ്റിങ് നടത്താം. ഡിഎൻഎ യിലെ കോഡുകളെ നീക്കം ചെയ്യാം. പുതിയ കോഡുകൾ സന്നിവേശിപ്പിക്കാം. ഉപയോഗപ്രദമായ ജീനുകളെ പ്രവർത്തന നിരതമാക്കാം. ദോഷകരമായവയെ പ്രവർത്തന രഹിതവുമാക്കാം. ഇങ്ങനെ അനന്ത സാധ്യതകളിലേക്കും അനന്തവിസ്മയങ്ങളിലേക്കുമാണ് ക്രിസ്പർ വിരൽ ചൂണ്ടുന്നത്. ക്ലസ്റ്റേർഡ് റെഗുലേർലി ഇന്റർസ്പേസ്ഡ് ഷോർട്ട് പാലിൻഡ്രോമിക് റിപ്പീറ്റ്സ് എന്നാണ് ഇഞ്ഞടജഞ ന്റെ പൂർണ്ണരൂപം. ഒരു തരം തന്മാത്രാ കത്രികകൾ പോലെയാണ് ഇതു പ്രവർത്തിക്കുന്നത്.

ചുരുങ്ങിയകാലം കൊണ്ടുതന്നെ രോഗചികിത്സാരംഗത്ത് വിസ്മയ നേട്ടങ്ങൾക്കാണ് ക്രിസ്പർ വഴിയൊരുക്കിയത്. ലണ്ടനിലെ ഗ്രേറ്റ് ഓർമോണ്ട് സ്ട്രീറ്റ് ആശുപത്രിയിൽ ചികിത്സയിലായിരുന്ന ലൂക്കേമിയ ബാധിതയായ ഒരു വയസ്സുകാരിയിൽ ജീൻ എഡിറ്റിങ് വിജയകരമായി പരീക്ഷിക്കാൻ കഴിഞ്ഞത് വൈദ്യശാസ്ത്രത്തിലെ പുതിയ ചുവടുവയ്പായി. രോഗിയുടെ രക്തത്തിൽ നിന്ന് പ്രതിരോധകോശങ്ങൾ വേർതിരിച്ചെടുക്കുക, അവയിൽ അഭിലഷണീയമായ ജനിതക മാറ്റങ്ങൾ വരുത്തിയ ശേഷം തിരികെ രോഗിയുടെ ശരീരത്തിലേക്ക് കടത്തുക എന്നതാണ് സാധാരണ ജീൻ ചികിത്സയുടെ അടിസ്ഥാനം. എന്നാൽ രോഗം മൂർച്ഛിച്ച ഒരു വയസ്സുകാരിയുടെ ശരീരത്തിൽ ജനിതകമാറ്റം വരുത്താൻ ആവശ്യമായ രോഗപ്രതിരോധ കോശങ്ങളുണ്ടായിരുന്നില്ല. അതുകൊണ്ടു തന്നെ ആരോഗ്യമുള്ള മറ്റൊരു വ്യക്തിയിൽ നിന്നു ശേഖരിച്ച രോഗപ്രതിരോധ കോശങ്ങളിൽ ക്രിസ്പർ സാങ്കേതിക വിദ്യ ഉപയോഗിച്ച് ജനിതക എഡിറ്റിങ് നടത്തിയ ശേഷം ഈ കോശങ്ങളെ രോഗിയുടെ ശരീരത്തിലേക്ക് കടത്തി. കാൻസർ കോശങ്ങളെ തുരത്തുന്ന തരത്തിൽ ജനിതക എഡിറ്റിങ് സാധ്യമാക്കിയ ഈ അന്യ കോശങ്ങളെ രോഗിയുടെ ശരീരം അന്യപദാർഥമായിക്കണ്ട് പുറന്തള്ളാതിരിക്കാനുള്ള ജീൻ എഡിറ്റിങ്ങും നടത്തേണ്ടിവന്നു.ഏതായാലും മരണത്തിലേക്ക് നീങ്ങിക്കൊണ്ടിരുന്ന കുഞ്ഞിന്റെ ആരോഗ്യം മെച്ചപ്പെടുത്താൻ ഈ ചിത്സയിലൂടെ കഴിഞ്ഞു എന്നത് വലിയ പ്രതീക്ഷയാണ് നൽകുന്നത്.

ഈയിടെ വെസ്റ്റ് ചൈനാ ആശുപത്രിയിൽ നടന്ന ഒരു ചികിത്സാപരീക്ഷണവും ലോകശ്രദ്ധ നേടി. ശ്വാസകോശാർബ്ബുദം ബാധിച്ച ഒരു രോഗിയുടെ രക്തത്തിൽ നിന്ന് വേർതിരിച്ചെടുത്ത കോശങ്ങളിൽ ക്രിസ്പർ ഉപയോഗിച്ച് ജനിതക എഡിറ്റിങ് നടത്തി. അനഭിലഷണീയമായ ഒരു പ്രോട്ടീൻ നിർമ്മാണത്തിന് അടിസ്ഥാനമായ ജീനുകളെ പ്രവർത്തന രഹിതമാക്കിയ ശേഷം ഈ കോശങ്ങളെ രോഗിയുടെ ശരീരത്തിൽ കുത്തിവച്ചു. ചികിത്സയുടെ പ്രാരംഭഘട്ടത്തിലെ ഫലങ്ങൾ പ്രതീക്ഷ നൽകുന്നതാണെന്ന് ഗവേഷകർ അവകാശപ്പെടുന്നു. പാർക്കിൻസൺസ് രോഗചികിത്സയിൽ നിർണ്ണായക വഴിത്തിരിവാകുന്ന നേട്ടം കൈവരിച്ചു കഴിഞ്ഞു ഡ്യൂക്ക് സർവ്വകലാശാലാ ഗവേഷകർ .സംയോജക കലകളെ ക്രിസ്പർ സാങ്കേതികവിദ്യയിലൂടെ ന്യൂറോണുകൾ ആക്കി മാറ്റുന്നതിൽ ഇവർ വിജയിച്ചു കഴിഞ്ഞു.

മനുഷ്യശരീരത്തിൽ മാത്രമല്ല സസ്യങ്ങളിലും പ്രയോഗിക്കാൻ കഴിയും ജീൻ എഡിറ്റിങ്. കാർഷിക വിളകളിൽ ക്രിസ്പർ ജീൻ എഡിറ്റിങ് ഉപയോഗപ്പെടുത്തി വരൾച്ചയെയും കാലാവസ്ഥാ വ്യതിയാനങ്ങളെയും രോഗങ്ങളെയുമൊക്കെ ചെറുക്കാൻ കഴിവുള്ള, അത്യുല്പാദനശേഷിയുള്ള വിളകൾ വികസിപ്പിച്ചെടുക്കാനുള്ള ഗവേഷണങ്ങളും മുന്നേറിക്കൊണ്ടിരിക്കുന്നു. മാരക രോഗങ്ങൾക്കും ജനിതക രോഗങ്ങൾക്കുമെതിരെ ക്രിസ്പർ ഉപയോഗപ്പെടുത്തി നൂതന ചികിത്സാരീതികൾ വികസിപ്പിച്ചെടുക്കാനുള്ള കിടമത്സരത്തിലാണ് പല രാജ്യങ്ങളും. പുതിയൊരു ബയോമെഡിക്കൽ പടയോട്ടത്തിനാണ് ലോകം സാക്ഷ്യം വഹിക്കാൻ പോവുന്നത് എന്നു സാരം.

Printed, Published and Owned by K.Ajitha, Harithakam, Kozhikode-17
Editor : Sheeba K.M., Trishna, Ashramam Road, Kalady-683574, EKM
Email : sanghadithacalicut@gmail.com, Printed at A-one Offset Prints, Ramanattukara

# പോസ്റ്ററുകളിലെ പുതുലോക ആഹ്വാനങ്ങൾ




ഞാൻ വിവാഹശേഷം ജോലിയിപേക്ഷിച്ചു … ശമ്പള ക്കൂടുതലുള്ള മറ്റൊന്നു നേടി, പഠിക്കുന്ന എന്റെ പാർട്നർക്കും പിൻബലമേകാൻ!




ഞാൻ വീട്ടിൽത്തന്നെ കഴിഞ്ഞുകൂടുന്നു…
എന്റെ സാഹസികയാത്രക്കിടയിൽ വിശ്രമിക്കേണ്ടപ്പോൾ!





അടിയന്തിരമായി യോജിച്ച ഒരു പയ്യനെ തിരക്കുന്നു… എന്റെ പുതിയ സംരംഭത്തിൽ മാനേജരാകാൻ!





എന്റെ ഇഷ്ടപ്പെട്ട നില?… പ്രധാനമന്ത്രിയുടെ !




ഞാൻ ജോലിക്കു പോയിത്തുടങ്ങുമ്പോൾ ശരീരം മുഴുവൻ മൂടുന്ന വസ്ത്രം ധരിക്കും… സ്പേസ് സൂട്ട് പിന്നങ്ങനെയല്ലേ?!




ഞാൻ ഒറ്റയ്ക്ക് പുറത്തിറങ്ങാറില്ല…
എന്റെ സംഗീതശേഖരം ഒപ്പമുണ്ടാകും.



# ലിംഗനിർമ്മിതികൾ പൊളിച്ചെഴുതുന്ന

**ഇഷിത മാളവ്യ:**
ഇന്ത്യയിലെ ആദ്യത്തെ പ്രൊഫഷനൽ വനിത സർഫർ ആയ ഇഷിത ശാഖ സർഫ് ക്ലബ്ബിന്റെ ഉടമ കൂടിയാണ്. മണിപ്പാലിനടുത്തുള്ള കോടി ബെംഗാരു ഗ്രാമനിവാസികളുടെ ജീവിതത്തിൽ സാമൂഹ്യ മാറ്റങ്ങൾക്കുതകുന്ന തരത്തിൽ പ്രവർത്തിക്കുക കൂടി ചെയ്യുന്നുണ്ട് ഇഷിത.



**ചന്ദ്ര തോമാർ:**
ഇന്ത്യയിലെ ഏറ്റവും പ്രായമേറിയ ഷൂട്ടിങ്ങ് ചാമ്പ്യൻ. ഇരുപത്തഞ്ച് ദേശീയ മത്സരങ്ങളിൽ വിജയിയാണ് ഈ എഴുപത്തെട്ടുകാരി.



**സോവ്ന പുരി:** കാലാകാലങ്ങളായി പുരുഷൻമാർ മാത്രം ആധിപത്യമുറപ്പിച്ചിരുന്ന വൈൻ രുചിച്ച് ഗുണമേന്മ നിശ്ചയിക്കുന്ന പ്രവൃത്തിയിൽ സ്വന്തം സ്ഥാനം ഉറപ്പിച്ചിരിക്കയാണ് വൈൻ ടേസ്റ്റിങ്ങിൽ ബിരുദമുള്ള സോവ്ന.

# പോസ്റ്ററുകൾ



**ശത് ഭി ബസു :**

നൂറുശതമാനം പുരുഷ സാന്നിധ്യം അടയാളപ്പെട്ട മദ്യവിൽപ്പനസേവനമേഖലയിൽ ബാർ ടെണ്ടറായി പ്രവർത്തിക്കുകയാണ് ശത് ഭി ബസു. സ്റ്റിർ (STIR) എന്ന പ്രൊഫഷനൽ ബാർടെണ്ടിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃസ്ഥാനം കൂടി  ശത് ഭി വഹിക്കുന്നു.





**രജ്നി പണ്ഡിറ്റ് :**

1991ൽ രജ്നി പണ്ഡിറ്റ് ഡിറ്റക്റ്റീവ് ഏജൻസി എന്ന സ്ഥാപനത്തിന്റെ ഉടമയായിക്കൊണ്ട് രഹസ്യാന്വേഷണമേഖലയിൽ ആദ്യമായി സ്ത്രീ സാന്നിദ്ധ്യം അറിയിക്കുകയായിരുന്നു മുംബൈക്കാരിയായ രജ്നി പണ്ഡിറ്റ്.

**മയന്തി ലാങ്ങർ:**

കായിക വാർത്തകൾ റിപ്പോട്ട് ചെയുന്നതിൽ ചരിത്രം കുറിച്ചിരിക്കയാണ് മയന്തി. പുരുഷപ്രധാനമായ ഈ മേഖലയിൽ ചവിട്ടുറപ്പിച്ച ഇവർ പ്രമുഖ കായിക ചാനലായ ഇ.എസ്.പി.എൻ. ൽ ഫിഫ കപ്പ്, കോമൺവെൽത്ത് ഗെയിംസ്, ലോകകപ്പ് തുടങ്ങിയ മത്സരങ്ങൾ റിപ്പോട്ട് ചെയ്തിട്ടുണ്ട്.



### യോഗീത രഘുവംശി:

നിയമ പഠനത്തിലും കോമേഴ്സിലും ബിരുദങ്ങളുള്ള യോഗീത 30 ടൺ ഭാരമുള്ള 14 ചക്ര കാർഗോ ട്രക്കുകൾ ഓടിക്കുന്ന ഡ്രൈവറാണ്.രാജ്യത്തിന്റെ പല ഭാഗത്തും അതിസാഹസിക മായിത്തന്നെ സഞ്ചരിച്ച് അവർ സ്വന്തം തൊഴിലെടുക്കുന്നു.



### പ്രേമ രാജപ്പ:

സ്ത്രീകൾക്ക് വണ്ടിയോടിക്കാൻ മികവില്ല എന്ന കുപ്രചരണത്തിന് മറുപടിയാണ് പ്രേമ രാജപ്പ. ബാംഗ്ലൂർ നഗരത്തിൽ പൊതുഗതാഗതവകുപ്പിൽ ഡ്രൈവറാണ് പ്രേമ.



**ആഷ്മീൻ മനക്** : ഇന്ത്യയുടെ ഉരുക്ക് വനിത എന്നറിയപ്പെട്ട യാഷ്മീൻ ശരീരപുഷ്ഠി മത്സരത്തിൽ ദേശീയവും അന്തർദേശീയവുമായ ധാരാളം അംഗീകാരങ്ങൾ നേടി. സ്ത്രീ ശരീരസൗന്ദര്യ സങ്കല്പങ്ങളെതിരുത്തിക്കുറിക്കുന്നതായിരുന്നു യാഷ്മീന്റെ നേട്ടങ്ങൾ.



**മെഹ് വിഷ് മുഷ്താഖ്** : മൊബൈലിലും കമ്പ്യൂട്ടറിലും നിത്യോപയോഗ സാധനങ്ങൾ വരെ വാങ്ങാൻ സാധിക്കുന്ന ഈ കാലത്ത് ഏപ്പുകൾ രൂപകൽപ്പന ചെയ്യുന്നത് ഏറെയും പുരുഷൻമാർ തന്നെ. 'ഡയൽ കാശ്മീർ' എന്ന ഏപ്പ് രൂപകൽപ്പന ചെയ്ത് 23 കാരി മെഹ് വിഷ് മുഷ്താഖ് ചരിത്രത്തിൽ ഇടം നേടി.